بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ     نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ     وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 5

ലക്കം 39

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 സെപ്റ്റംബർ 24/ഹി.ശം. 1399 തബൂക് 24/1442 സ്വഫ്ർ 06

## അല്ലാഹുവിന്റെ വചനം

يٰۤاَيُّهَا الَّذِيْنَ اٰمَنُوْۤا اَطِيْعُوا اللّٰهَ وَاَطِيْعُوا الرَّسُوْلَ وَاُولِى الْاَمْرِ مِنْكُمْ ۚ فَاِنْ تَنَازَعْتُمْ فِىْ شَىْءٍ فَرُدُّوْهُ اِلَى اللّٰهِ وَالرَّسُوْلِ (النساء:60)

'വിശ്വസിച്ചവരേ! അല്ലാഹുവിനെ അനുസരിക്കുക. (അവന്റെ) ദൂതനേയും നിങ്ങളിൽനിന്നുള്ള അധികാരസ്ഥരേയും അനുസരിക്കുക. പിന്നെ നിങ്ങൾ ഏതെങ്കിലും ഒരു കാര്യത്തിൽ അന്യോന്യം ഭിന്നിച്ചാൽ അത് അല്ലാഹുവിലേക്കും (അവന്റെ) ദൂതനിലേക്കും മടക്കുക.'(4:60)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### നമസ്കാരത്തിൽ ഏകാഗ്രത വളരെ അനിവാര്യമാകുന്നു

☼ ഹദ്റത്ത് അനസ്(റ)നിവേദനം. ഒരിക്കൽ നബി(സ)തിരുമേനി ചോദിച്ചു: നമസ്കാരത്തിൽ തങ്ങളുടെ കണ്ണുകൾ ആകാശത്തേക്ക് ഉയർത്തുന്നവർക്ക് എന്തു പറ്റി? എന്നിട്ട് നബി(സ)തിരുമേനി അക്കാര്യത്തിൽ വളരെ ഗൗരപൂർവം താക്കീതു ചെയ്തു. അവിടന്ന് പറഞ്ഞു: അവർ അതിൽനിന്നു വിരമിക്കട്ടെ. അല്ലാത്തപക്ഷം അവരുടെ കണ്ണുകൾ റാഞ്ചിക്കൊണ്ടു പൊയ്ക്കളയുമെന്ന് അവർ ഭയപ്പെടണം.(സ്വഹീഹ് ബുഖാരി വാല്യം 2, കിതാബുൽഅദാൻ, ഹദീഥ് 747).

☼ ഹദ്റത്ത് ആഇശ(റ) നിവേദനം. നമസ്കാരത്തിൽ തിരിഞ്ഞു നോക്കുന്നതിനെ സംബന്ധിച്ച് ഞാൻ ചോദിച്ചു.അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു:'മനുഷ്യന്റെ നമസ്കാരത്തിൽനിന്ന് ശയ്ത്വാൻ തട്ടിയെടുത്തുകൊണ്ടുപോകുന്ന ഒരംശമാണത്.'(സ്വഹീഹ് ബുഖാരി വാല്യം 2, കിതാബുൽഅദാൻ, ഹദീഥ് 748).

☼ ഹദ്റത്ത് ആഇശ(റ)നിവേദനം. നബി(സ) തിരുമേനി ഒരിക്കൽ ഒരു വിരിപ്പിൽ നമസ്കരിച്ചു. അതിൽ ചില ചിത്രപ്പണികളുണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ ദൃഷ്ടി അതിൽ പതിഞ്ഞു. നമസ്കാരം കഴിഞ്ഞപ്പോൾ അവിടന്ന് പറഞ്ഞു: 'എന്റെ ഈ വിരിപ്പ് അബൂജഹ്മിന് കൊടുത്തിട്ട് അബൂജഹ് മിന്റെ അംബിജാനിയ്യ വിരിപ്പ് എനിക്ക് നിങ്ങൾ കൊണ്ടുവരൂ. നിശ്ചയം ഇതിപ്പോൾ എന്റെ ശ്രദ്ധയെ നമസ്കാരത്തിൽനിന്ന് തിരിച്ചുകളഞ്ഞു.* (സ്വഹീഹ് ബുഖാരി വാല്യം 2, കിതാബുൽഅദാൻ, ഹദീഥ് 749).

☼ മുഅത്ത്വാ ഇമാം മാലിക്കിൽ ഹദ്റത്ത് ആഇശായുടെ ഈ നിവേദനം രേഖപ്പെടുത്തിയിട്ടുണ്ട്. ഹദ്റത്ത് അബൂജഹന്നം നബി(സ)തിരുമേനിക്ക് ഈ വിരിപ്പ് ഹദിയ യായി നല്കിയതാണ്. അത് അവിടന്ന് നിഷേധിക്കുന്നതിനു പകരം മാറ്റിവാങ്ങുകയാണ് ചെയ്തത്.

**ദുആയുടെ നിർബന്ധമായ നിബന്ധനകളിൽ ഒന്നാമത്തേത് സൽക്കർമങ്ങളും വിശ്വാസങ്ങളും ഉണ്ടാക്കുക എന്നതാണ്. കാരണം വിശ്വാസാദർശങ്ങളെ ശരിയാക്കാതെയും സൽക്കർമംകൊണ്ട് പ്രവൃത്തിക്കാതേയും ദുആ ചെയ്യുന്നവൻ അല്ലാഹുവിനെ പരീക്ഷിക്കുകയാണ് ചെയ്യുന്നത്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

പ്രകൃതി നിയമത്തിൽ എപ്പോഴും ദുആയുടെ ബന്ധമുണ്ട്. സത്യമായ ജ്ഞാനങ്ങളിൽനിന്ന് കേവലം അജ്ഞരും പരിചമില്ലാത്തവരുമായ ഇക്കാലത്തെ പ്രകൃതിവാദികളായ ആളുകളുടെ എല്ലാ പ്രവർത്തനങ്ങളുടേയും ഫലം യൂറോപ്യൻ സാമൂഹികജീവിത രീതി അനുകരിക്കുക എന്നതാണ്. അവർ ദുആയെ ഒരു അനാചാരമായി മനസ്സിലാക്കുന്നു. അതുകൊണ്ട് ദുആയെ സംബന്ധിച്ച് ഹ്രസ്വമായ നിലയിൽ പറയാമെന് കരുതുന്നു.

നോക്കൂ! ഒരു കുഞ്ഞ് വിശന്ന് വലഞ്ഞും അസ്വസ്ഥനായും പാലിനുവേണ്ടി മുറവിളികൂട്ടുന്നു. നിലവിളിക്കുന്നു. അപ്പോൾ മാതാവിന്റെ മുലയിൽ പാല് അലതല്ലുന്നു. വാസ്തവത്തിൽ കുഞ്ഞിന് ദുആയുടെ പേരുപോലും അറിയത്തില്ല. പക്ഷേ, അതിന്റെ നിലവിളി പാലിനെ ആകർഷിച്ചുകൊണ്ടുവരാനുള്ള കാരണമെന്താണ്? ഇത് എല്ലാവർക്കും അനുഭവമുള്ള പൊതുവായ കാര്യമാണ്. ചില സന്ദർഭങ്ങളിൽ കാണാറുണ്ട്, മുലകളിൽ പാലുണ്ടെന്ന് മാതാവിന് തോന്നുകയേയില്ല; ചിലപ്പോൾ ഉണ്ടാകുകയുമില്ല. എന്നാൽ, കുഞ്ഞിന്റെ കരച്ചിൽ ചെവിയിൽവന്ന് അലച്ചാലുടൻ പാലുണ്ടാകുന്നു. കുഞ്ഞിന്റെ ആ നിലവിളിക്ക് പാലിന്റെ വശീകരണവും ആകർഷണവുമായി ഒരു ബന്ധമുണ്ട്. ഞാൻ സത്യമായും പറയുന്നു. അല്ലാഹുവിന്റെ തിരുസന്നിധിയിൽ നമ്മുടെ നിലവിളി അത്തരത്തിലുള്ള അസ്വസ്ഥപരമായതാണെങ്കിൽ അത് അവന്റെ കൃപയേയും കരുണയേയും ആവേശംകൊള്ളിക്കുകയും അതിനെ വലിച്ചുകൊണ്ടുവരികയും ചെയ്യുന്നതായിരിക്കും. ഞാനെന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറയുകയാണ്, ദുആ സ്വീകാര്യതയുടെ രൂപത്തിൽ വരുന്ന അല്ലാഹുവിന്റെ ഫള്ലിനേയും കരുണയേയും ഞാൻ എന്നിലേക്ക് വലിച്ചെടുത്തതായി അനുഭവിച്ചിട്ടുണ്ട്. എന്നല്ല, കണ്ടു എന്നു ഞാൻ പറയുന്നതായിരിക്കും. ഇക്കാലഘട്ടത്തിലെ അന്ധമായബുദ്ധിയുള്ള ഫിലോസഫർക്ക് അനുഭവിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും, കാണാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഈ സത്യസാക്ഷ്യം ലോകത്തുനിന്ന് ഉയർന്നുപോകുകയില്ല. പ്രത്യേകിച്ചും ദുആ സ്വീകാര്യതയുടെ മാതൃക കാണിക്കാൻ എപ്പോഴും ഞാൻ തയ്യാറായിരിക്കുന്ന അവസ്ഥയിൽ. നോക്കൂ! ഈ നാവ് അല്ലാഹു സൃഷ്ടിച്ചതാണ്. നാഡികളും ഞരമ്പുകളുംകൊണ്ട് അതുണ്ടാക്കിയിരിക്കുന്നു. അങ്ങനെയായിരുന്നില്ലെങ്കിൽ നമുക്ക് സംസാരിക്കാൻ കഴിയുമായിരുന്നില്ല. മനസ്സിന്റെ ചിന്താഗതികളും തീരുമാനങ്ങളുംവരെ പ്ര

(ശേഷം പേജ് 9ൽ)

## നിങ്ങളുടെ നല്ലനേരത്ത് നിങ്ങളുടെ മരണം വരുന്നവിധത്തിൽ നിങ്ങൾ അല്ലാഹുവുമായുള്ള ബന്ധം വർധിപ്പിക്കുക.

**ഫലാ തമൂത്തുന്ന ഇല്ലാ വഅൻതും മ്മുസ്ലിമൂൻ** എന്ന സൂറാ ബഖറായിലെ 133-ാം വചനത്തിന് നല്കിയ വ്യാഖ്യാനത്തിൽ സയ്യിദുനാ ഹദ്റത്ത് മുസ്വ്ലിഹ് മൗഊദ്(റ) പറയുന്നു:

**ഫലാ തമൂത്തുന്ന ഇല്ലാ വ അൻതും മ്മുസ്ലിമൂൻ** എന്നതിന് രണ്ട് അർഥമുണ്ട്. ഒന്ന് എപ്പോഴും ഇസ്ലാമിൽ നിലകൊള്ളുക. കാരണം മരണം എപ്പോൾ വരുമെന്ന് മനുഷ്യന് അറിയുകയില്ല. അതുകൊണ്ട് എപ്പോഴും റബ്ബുൽആലമിന്റെ അനുസാരിയായിരിക്കേണ്ടത് നിങ്ങളുടെ നിർബന്ധകടമയാണ്. അല്ലാഹുവിനോടുള്ള അനുസരണത്തിൽ നിങ്ങൾ ജീവിക്കുക; മരണം വന്നാൽ അവൻ നിങ്ങളെ അനുസരണമല്ലാത്ത ഒരവസ്ഥയിലും കാണാതിരിക്കാൻ! രണ്ടാമത്തേത് നിങ്ങൾക്കുണ്ടാകുന്ന നാശം സഹിക്കാൻ പറ്റാത്തവിധത്തിലുള്ള ബന്ധം അല്ലാഹുവുമായി വർധിപ്പിക്കുക; നിങ്ങൾ തികഞ്ഞ മുഅ്മിൻ ആയികഴിഞ്ഞിട്ടുള്ള നേരത്തും അവന്റെ തൃപ്തി കരസ്ഥമാക്കിക്കഴിഞ്ഞിട്ടുള്ള നിലയിലും നിങ്ങൾക്ക് മരണം വരാൻ! വിശുദ്ധഖുർആനിൽനിന്ന് മനസ്സിലാകുന്നത് ഓരോ മനുഷ്യനും ഞെരുക്കത്തിന്റേയും ഐശ്വര്യത്തിന്റേയും അവസ്ഥ വന്നുകൊണ്ടിരിക്കുന്നുവെന്നാണ്. ചിലപ്പോൾ മനുഷ്യൻ അല്ലാഹുവിന്റെ സ്നേഹത്തിൽ എത്രമാത്രം വിലയംപ്രാപിക്കുന്നുവെന്നാൽ, ഈ ലോകം മറന്നുപോകുന്നു. അല്ലാഹുവിനെ മറന്നുപോകുംവിധം മറ്റു വസ്തുക്കളിലേക്ക് ഒരിക്കലും ശ്രദ്ധ പോകുകയില്ല. ഒരു ഹദീഥിൽ വന്നിരിക്കുന്നു: 'ഒരാൾ നബി(സ)തിരുമേനിയുടെ അടുത്തു വന്നു. അയാൾ പറഞ്ഞു, യാ റസൂലല്ലാഹ്! ഞാൻ കപടവിശ്വാസിയായിപ്പോയി. എങ്ങനെയെന്ന് അവിടന്ന് ചോദിച്ചു. അയാൾ പറഞ്ഞു, 'യാ റസൂലല്ലാഹ് ഞാൻ അങ്ങയുടെ അടുത്തുവരുമ്പോൾ ഒരു അവസ്ഥയായിരിക്കും. വീട്ടിൽ ചെല്ലുമ്പോൾ എന്റെ അവസ്ഥ മറ്റൊന്നായിരിക്കും.' അവിടന്ന് പറഞ്ഞു. 'ഇതു പരിഭ്രമിക്കേണ്ട കാര്യമൊന്നുമല്ല. എപ്പോഴും ഒരേ അവസ്ഥ നിലനിന്നാൽ, അപ്പോൾ മനുഷ്യൻ നശിച്ചുപോകും. യഥാർഥത്തിൽ ഞെരുക്കവും ഐശ്വര്യവും വിവിധ പദവികളാണ്. സമ്പൂർണ മുഅ്മിന്റെ ഞെരുക്കാവസ്ഥ അതിനേക്കാൾ താഴെയുള്ളവർക്ക് ഐശ്വര്യത്തിന്റെ അവസ്ഥയായിരിക്കും. ഇപ്രകാരം നബിമാർക്കും ഞെരുക്കത്തിന്റെയും ഐശ്വര്യത്തിന്റേയും കാലം വരുന്നു. എന്നാൽ, നബിമാരുടെ ഞെരുക്കം സിദ്ദീഖുമാരുടെ ഐശ്വര്യമായിരിക്കും. അതുകൊണ്ടാണ് സ്വൂഫീവര്യന്മാർ പറഞ്ഞത്, **ഹസനാത്തുൽഅബ്റാറി സയ്യിആത്തുൽ മുഖർറബീൻ** അതായത് സൽകർമകാരികളുടെ നന്മകളും മുഖർറബീന്റെ തിന്മകളാകുന്നു. ഇതിന്റെ ഉദ്ദേശ്യം മധ്യമനിലയിലുള്ള ആളുകൾ ഏതൊന്നിനെയാണോ നന്മയായി മനസ്സിലാക്കുന്നത് അത് ഉന്നത പദവിയിലുള്ള ആളുകളുടെ പക്കൽ ചിലപ്പോൾ തിന്മയായിത്തീരുന്നു. മധ്യമ പദവിയിലുള്ള ആളുകളുടെ തിന്മകൾ താഴെ പദവിയിലുള്ളവരുടെ നന്മകളായിരിക്കും. ഇങ്ങനെ രണ്ടവസ്ഥകൾ മനുഷ്യന്റെമേൽ വന്നുകൊണ്ടിരിക്കുന്നു. മരണസമയം ആർക്കും അറിയുകയില്ല. അതുകൊണ്ടാണ് പറഞ്ഞത്, നിങ്ങളുടെ നല്ല സമയമായിരി

(ശേഷം പേജ് 10ൽ)

## ഈ ലക്കത്തിൽ

ഖുത്വ്ബ ജുമുഅ 2020 ആഗസ്റ്റ് 21 (സമ്പൂർണ തർജമ)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

പര്യടന റിപ്പോർട്ട് ഹുദൂർ അയ്യദഹുല്ലാഹ്

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

لَا إِلٰهَ إِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി - ശർറസ്സുമൂമി അദാവത്തുസ്സുലഹാഇ**

**500 രൂപ സമ്മാന പ്രഖ്യാപിച്ചുകൊണ്ട് ദൃഷ്ടാന്തം കാണിക്കാനുള്ള വെല്ലുവിളി നേരിടാൻ ക്ഷണം.**

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) 'ഇശ്തിഹാർ സ്വദാഖത്തെ അൻവാർ' എന്ന പേരിൽ തന്റെ ഗ്രന്ഥമായ 'സുർമചശ്മയെ ആര്യാ'യുടെ 309-ാം പേജിൽ ഒരു വിജ്ഞാപനം പ്രസിദ്ധീകരിച്ചു. അതിൽ അദ്ദേഹം ഏതു സത്യാന്വേഷകനും താൻ അടയാളം കാണിക്കാൻ തയ്യാറാണെന്ന് പറഞ്ഞ് ക്ഷണിച്ചു. പ്രത്യേകിച്ചും അദ്ദേഹം ചില പാതിരിമാരുടെയും ആര്യസമാജക്കാരുടെയും പേരുകൾ എഴുതിയിരുന്നു. അവരായിരുന്നു ആ വിജ്ഞാപനത്തിന്റെ പ്രഥമ സംബോധിതർ. അവരിൽ ന്യായപൂർത്തി വരുത്തുക എന്നതായിരുന്നു പ്രഥമ ഉദ്ദേശ്യം. ഇതിനായി അദ്ദേഹം 40 ദിവസത്തെ കാലാവധി നിശ്ചയിച്ചു. ഈ കാലാവധിക്കുള്ളിൽ അടയാളം കാണിക്കാത്ത പരിതഃസ്ഥിതിയിൽ 500 രൂപ ഉടനെ കൊടുക്കാമെന്ന് അവിടന്ന് വാഗ്ദാനം ചെയ്തു. അടയാളം കാണിച്ചാൽ എതിർകക്ഷി മുസ്‌ലിം ആകണമെന്ന നിബന്ധന മാത്രമാണ് വെച്ചത്. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിജ്ഞാപനം വായിക്കുക. അവിടന്ന് പറയുന്നു:

"മുമ്പേ പ്രസിദ്ധീകരിച്ചിട്ടുള്ള നമ്മുടെ വിജ്ഞാപനങ്ങൾ വായിച്ചിട്ടുള്ളവർക്കറിയാം നാം അതിനുമുമ്പേ ഈ വിജ്ഞാപനം നല്കിയിരുന്നതാണ്. അത് ആദരണീയരായ ആര്യസാഹിബ്, അല്ലെങ്കിൽ പാതിരിസാഹിബ്, അല്ലെങ്കിൽ മറ്റേതെങ്കിലും ഇസ്‌ലാം വിരോധിക്കായിരുന്നു. അവരിൽ ഏതെങ്കിലും സാഹിബ് ഒരു വർഷം വരെ ഖാദിയാനിൽ നമ്മുടെ അടുത്തുവന്ന് താമസിക്കുക. അങ്ങനെ അടയാളം കാണാത്തപക്ഷം 2400 രൂപ സമ്മാനത്തിന്നർഹനായിരിക്കും. നാം ഹിന്ദുസ്താനിലേയും പഞ്ചാബിലേയും പാതിരിസാഹിബുമാർക്കും ആര്യസാഹിബുമാർക്കും ഇതേ വിഷയത്തിലുള്ള കത്ത് രജിസ്റ്റർ ചെയ്ത് അയച്ചുകൊടുത്തിരുന്നു. എന്നാൽ, ഒരു സാ ഹിബും ഖാദിയാനിൽ വന്നില്ല. എന്നല്ല, മുൻശീ ഇന്ദ്രമൻസാഹിബിന് 2400 രൂപ റൊക്കം ലാഹോറിലേക്ക് അയക്കുകയും ചെയ്തു. എന്നാൽ, അദ്ദേഹം പിന്മാറി ഫരീദ്കോട്ടിലേക്ക് പോയി. ഒരു സാഹിബായ പണ്ഡിറ്റ് ലേഖ്റാം പിശാവരി ഖാദിയാനിൽ വരികതന്നെ ചെയ്തു. അദ്ദേഹത്തിന്റെ നിലയനുസരിച്ച് എന്നല്ല പിശാവറിൽ അദ്ദേഹത്തിന് ജോലിക്ക് കിട്ടുന്ന ശമ്പളം കണക്കു കൂട്ടി മാസന്തോറും അതു വാങ്ങി ഒരു വർഷംവരെ ഖാദിയാനിൽ താമസിക്കാൻ അദ്ദേഹത്തോട് ആവർത്തിച്ച് പറഞ്ഞു. ഇനി ഒരുവർഷം പറ്റില്ലെങ്കിൽ 40 ദിവസമെങ്കിലും താമസിക്കാൻ അവസാനം പറഞ്ഞു. അദ്ദേഹം അതു രണ്ടും സ്വീകരിച്ചില്ല. സംഭവത്തിനു വിരുദ്ധമായി അടിമുടി കളവായ വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചു. അതിനാൽ അദ്ദേഹത്തിനുവേണ്ടി 'സുർമചശ്മയെ ആര്യ' എന്ന ചെറുപുസ്തകത്തിൽ വീണ്ടും 40 ദിവസംവരെ ഇവിടെ താമസിക്കാനുള്ള സന്ദേശം നല്കപ്പെട്ടു. അനുവാചകർ അത് വായിച്ചാലും. പക്ഷേ, ഈ വിജ്ഞാപനം ന്യായപൂർത്തിവരുത്തുക എന്ന ഉദ്ദേശ്യത്തോടെ എല്ലാ ആര്യസമാജക്കാരേയും അപേക്ഷിച്ച് കൂടുതൽ മാന്യനും സൽസ്വഭാവിയെന്ന തോന്നുന്ന ആളുമായ മുൻശീ ജീവൻദാസ് സാഹിബിനും, ഹോശിയാർപൂരിലെ ഡ്രോയിംഗ് മാസ്റ്ററും എന്റെ അഭിപ്രായത്തിൽ ആര്യസമാജക്കാരിൽ മേത്തരം ആളുമായ ലാല മുരളീധർ സാഹിബിനും, സരസ്വതിയുടെ(പണ്ഡിറ്റ് ദയാനന്ദ സരസ്വതി)വലങ്കൈപോലുള്ള മുൻശീ ഇന്ദ്രമൻ സാഹിബ് മുറാദാബാദിയ്ക്കും, ക്രിസ്ത്യാനികളിൽ മാന്യനും സരളസ്വഭാവിയുമായ മുൻ എക്സ്ട്രാ അസിസ്റ്റന്റ് കമ്മീഷണർ മിസ്റ്റർ അബ്ദുല്ലാഹ് ആഥം സാഹിബിനും പാതിരി ഇമാദുദ്ദീൻ ലാഹസ് സാഹിബ് അമൃതസരിക്കും, 'ഇഖ്ഹാറെ ഈസവി'യുടെ കർത്താവായ പാതിരി ഠാക്കൂർ ദാസ് സാഹിബിനും വേണ്ടി പ്രസിദ്ധീകരിക്കുകയാണ്. ഇനി നാം ഒരു വർഷത്തിനുപകരം കേവലം 40 ദിവസം ഈ നിബന്ധനയോടെ നിശ്ചയിക്കുകയാണ്, ഏതു സാഹിബാണോ പരീക്ഷണവും മത്സരവും ആഗ്രഹിക്കുന്നത് അവർ മുടങ്ങാതെ 40 ദിവസംവരെ നമ്മുടെ അടുത്ത് ഖാദിയാനിലോ അല്ലെങ്കിൽ സ്വന്തം ഇഷ്ടത്താൽ യാദൃച്ഛികമായി എനിക്ക് താമസിക്കാൻ ഇടവരുന്നിടത്തോ മുടങ്ങാതെ ഹാജരായിരിക്കുക. ഈ കാലാവധിക്കുള്ളിൽ എന്തെങ്കിലും കാര്യം അമാനുഷികമായ പ്രവചനം എന്ന നിലയിയിൽ സമർപ്പിക്കാതിരിക്കുകയോ, സമർപ്പിച്ചിട്ടും കളവായി പുലരുകയോ, അതുപോലെ പരീക്ഷണത്തിനു വന്നിട്ടുള്ള സാഹിബ് അതിനു തുല്യമായത് കാണിക്കുകയോ ചെയ്താൽ 500 രൂപ റൊക്കം പരാജിതനെന്നനിലയിൽ അപ്പോൾത്തന്നെ ഞാൻ അദ്ദേഹത്തിന് നല്കുന്നതായിരിക്കും. പക്ഷേ, ആ പ്രവചനം അടങ്ങിയ കാര്യം വ്യക്തമായി പുലർന്നാൽ എതിർകക്ഷി ഇസ്‌ലാം സ്വീകരിക്കേണ്ടി വരുന്നതായിരിക്കും. ഇക്കാര്യം അങ്ങേയറ്റം നിർബന്ധവും സ്മരണാർഹവുമാണ്. പ്രവചനങ്ങളിൽ കേവലം വാചികമായ നിലയിൽ ആക്ഷേപിക്കുകയോ സ്വന്തം നിലയിൽ നിബന്ധന വെക്കുകയോ ചെയ്യുന്നത് അനുവദനീയമല്ലാത്തതും അംഗീകരിക്കപ്പെടാനാവാത്തതുമായിരിക്കും. മറിച്ച് പ്രവചനം തിരിച്ചറിയാനുള്ള നേരായവഴി, ആ പ്രവചനം എതിർകക്ഷിയുടെ അഭിപ്രായത്തിൽ ബലഹീനമോ സംശയാസ്പദമോ ആണെങ്കിൽ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ഭാവം തുടങ്ങിയവ കാരണത്താൽ സംശയാസ്പദമാണെങ്കിൽ, അതേ കാലാവധിയായ നാൽപതു ദിവസത്തിനുള്ളിൽ അദ്ദേഹവും അത്തരം പ്രവചനം അതുപോലുള്ള തെളിവുകൾകൊണ്ട് വെളിപ്പെടുത്തി കാണിക്കേണ്ടതാണ്. പോരാട്ടത്തിൽ പരാജയപ്പെട്ടാൽ അദ്ദേഹത്തിന് ന്യായപൂർത്തി ഉണ്ടായതായി മനസ്സിലാക്കാം. പ്രവചനം സത്യമായി പുലർന്ന അവസ്ഥയിൽ അദ്ദേഹത്തിന് മുസ്‌ലിമാകേണ്ടിവരും. ഈ എഴുത്തുകൾ ആദ്യമേതന്നെ ഇരുകക്ഷികളിലും രേഖപ്പെട്ടായിരിക്കും സംഘടിപ്പിക്കുക. അങ്ങനെ ഈ ലഘുലേഖ പ്രസിദ്ധീകരിക്കുന്ന സമയം മുതൽ അതായത് 1886 സെപ്തംബർ 20 മുതൽ കൃത്യം മൂന്നുമാസത്തെ കാലാവധി പ്രസ്തുത സാഹിബുമാർക്ക് നല്കുകയാണ്. ഈ കാലയളവിനുള്ളിൽ അവരിൽനിന്ന് ഈ മത്സരത്തിന് നീതിപൂർവകമായ എഴുത്തുണ്ടാകുന്നില്ലെങ്കിൽ അവർ പിന്മാറിയെന്ന് മനസ്സിലാക്കപ്പെടുന്നതായിരിക്കും. വസ്സലാമു അലാ മനിത്തബഅൽ ഹുദാ (സുർമചശ്മയെ ആര്യ, റൂഹാനീഖസായിൻ, വാല്യം 2, പേജ് 309)

ഒരു വർഷംവരെ ഖാദിയാനിൽ താമസിച്ച് അടയാളം കാണുന്നതിനെ സംബന്ധിച്ചുള്ള വിജ്ഞാപനത്തിന്റെ കാര്യം മജ്മൂഅ ഇശ്തിഹാറാത്ത് വാല്യം 1, 1989ന്റെ പതിപ്പിലെ 20-ാം പേജിലും 2019 പതിപ്പിന്റെ 20-ാം പേജിലും ലിക്കുന്നുണ്ട്. ഈ വിജ്ഞാപനം ഹദ്റത്ത് മസീഹ് മൗഊദ്(അ) 8000-ൽ അധികം കോപ്പികളാണ് ഇംഗ്ലീഷിലും ഉർദുവിലും പ്രസിദ്ധീകരിച്ച് പഞ്ചാബിലേയും ഹിന്ദുസ്താനിലേയും ഇംഗ്ലണ്ടിലേയും പ്രസിദ്ധരായ പാതിരിമാർക്കും അതുപോലെ ആദരണീയരായിട്ടുള്ള ബ്രഹ്മ, ആര്യ, പ്രകൃതിവാദി, മൗലവി തുടങ്ങിയ സാഹിബുമാർക്കും അയച്ചുകൊടുത്തു. അവിടന്ന് വിജ്ഞാപനത്തിൽ പറഞ്ഞു:

"ദൈവേഷ്ടമനുസരിച്ചുള്ള സത്യമതം ഇസ്‌ലാം മാത്രമാണ്. അല്ലാഹുവിൽനിന്നുള്ള സുരക്ഷിതവും പ്രവൃത്തിബദ്ധവുമായ ഗ്രന്ഥം കേവലം വിശുദ്ധഖുർആനാണ്. ഈ മതത്തിന്റെ സത്യതയുടേയും വിശുദ്ധഖുർആനിന്റെ സത്യസന്ധതയുടേയുംമേൽ ബുദ്ധിപരമായ തെളിവുകൾക്കു പുറമെ, ദൈവികാടയാളങ്ങളുടെ സാക്ഷ്യവും കാണാം. അതിനെ സത്യാന്വേഷിയ്ക്ക് ഈ വിനീതന്റെ അടുത്തുവന്ന് താമസിക്കുകയും ക്ഷമ കൈക്കൊള്ളുകയും ചെയ്യുന്നതുകൊണ്ട് കണ്ണുകൊണ്ട് സാക്ഷ്യപ്പെടുത്താൻകഴിയും. നിങ്ങൾക്ക് ഈ ദീനിന്റെ സത്യതയിലോ അതിന്റെ ദൈവികാടയാളത്തിന്റെ സത്യസാക്ഷ്യത്തിലോ സംശയമുണ്ടെങ്കിൽ നിങ്ങൾ സത്യാന്വേഷിയായിക്കൊണ്ട് ഖാദിയാനിൽ വരിക. ഒരുവർഷം വരെ ഈ വിനീതന്റെ അടുത്ത് താമസിച്ച് ആ ദൈവികാടയാളങ്ങൾ കണ്ണുകൊണ്ട് കാണുക. ഇക്കാര്യത്തിൽ അല്ലാഹുവിൽനിന്ന് വാഗ്ദാനം കിട്ടികഴിഞ്ഞിരിക്കുന്നു. ഇതിൽ ലംഘനത്തിന് സാധ്യതയില്ല. ഇനി നിങ്ങൾ വരുന്നില്ലെങ്കിൽ നിങ്ങളിൽ അല്ലാഹുവിന്റെ ബാധ്യതയായി. ഇനി നിങ്ങൾ വരികയും ഒരുമാസം താമസിച്ചിട്ട് ഒരു അടയാളവും കാണാതിരിക്കുകയും ചെയ്താൽ മാസം 200 രൂപ കണക്കിൽ നിങ്ങൾക്ക് നഷ്ടപരിഹാരമോ പിഴയോ ഒടുക്കുന്നതായിരിക്കും. മാസന്തോറുമുള്ള ഈ 200 രൂപ നിങ്ങൾ നിങ്ങളുടെ അന്തസ്സായി മനസ്സിലാക്കരുത്.

(ശേഷം പേജ് 10ൽ)

## തിരുനബിയുടെ തിരുമൊഴികൾ:

**"നബി(സ)തിരുമേനി പറഞ്ഞു: നാടുകളിൽ, അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട ഭാഗം അതിലെ മസ്ജിദുകളാകുന്നു. അപ്രകാരം നാടുകളിൽ അല്ലാഹുവിന് ഏറ്റവും വെറുപ്പുള്ള ഭാഗം അതിലെ അങ്ങാടികളും."(മുസ്‌ലിം, ഹദീഥ് 241)**

ത്വാലിബെ ദുആ
K.Muhammad Safwan & Family
Ahmadiyya Jama-ath Kakkanad, Kerala

# ഖുത്‌ബ ജുമുഅ

നബി(സ)തിരുമേനി പറഞ്ഞു: 'ഓരോ നബിക്കും ഹവാരിയുണ്ട്, എന്റെ ഹവാരി സുബയ്ർ (റ)ആകുന്നു.'

## നബി(സ)തിരുമേനിയുടെ ഹവാരിയും മഹിതസ്ഥാനീയനുമായ ബദ്‌രി സ്വഹാബി ഹദ്‌റത്ത് സുബയർ ബിൻ അവാമിന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ ചർച്ച.

പരേതാത്മാക്കളായ മിഅ്‌റാജ് അഹ്‌മദ് ശഹീദ്(ഡബ്‌ഗരി ഗാർഡൻ പിശാവർ), അദീബ് അഹ്‌മദ് സാഹിബ് നാസിർ മുറബ്ബി സിൽസില(അഹ്‌ദീപൂർ നാരോവാൾ), ഹമീദ് അഹ്‌മദ് ശെയ്ഖ് സാഹിബ് ,(ഇസ്‌ലാമാബാദ്, പാക്കിസ്താൻ, ഇപ്പോൾ ലണ്ടൻ, യു.കെ)എന്നിവരെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്‌ബ ജുമുഅ 2020 ആഗസ്റ്റ് 21/1399 ളുഹൂർ 21**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്‌ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്‌മിനീൻ ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്‌മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ - اَلْحَمْدُ لِلّٰهِ رَبِّ
الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ
الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ബദ്‌രിസ്വഹാബിമാരുടെ സ്മരണയിൽ ഇന്ന് വിവരിക്കുവാൻ പോകുന്ന സ്വഹാബിയുടെ പേര് ഹദ്‌റത്ത് സുബയ്ർ ബിൻ അവ്വാം എന്നാണ്. ഹദ്‌റത്ത് സുബയ്‌റിന്റെ പിതാവിന്റെ പേര് അവ്വാം ബിൻ ഖുവയ്‌ലദ് എന്നും മാതാവിന്റെ പേര് സ്വഫിയ ബിൻത് അബ്ദുൽ മുത്ത്വലിബ് എന്നുമായിരുന്നു. അവർ നബി(സ)തിരുമേനിയുടെ പിതൃസഹോദരിയായിരുന്നു. ഹദ്‌റത്ത് സുബയ്‌റിന്റെ ചാർച്ചപരമ്പര ഖുസ്സയ് ബിൻ കിലാബിൽചെന്ന് നബി(സ)തിരുമേനിയുമായി കൂടിച്ചേരുന്നു. നബി(സ)തിരുമേനിയുടെ പത്നിയായ ഹദ്‌റത്ത് ഖദീജ(റ)യുടെ സഹോദരപുത്രനായിരുന്നു അദ്ദേഹം. ഹദ്‌റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ മകളായ ഹദ്‌റത്ത് അസ്മായുമായി അദ്ദേഹത്തിന്റെ വിവാഹം നടന്നു. ഹദ്‌റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ മകളായ ഹദ്‌റത്ത് ആഇശായുമായി നബി(സ)തിരുമേനിയുടെ വിവാഹവും നടന്നിരുന്നു. അത്തരത്തിൽ ഹദ്‌റത്ത് സുബയ്ർ(റ), നബി(സ)തിരുമേനിയുടെ ഭാര്യാസഹോദരിയുടെ ഭർത്താവുമായിരുന്നു. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ അബ്ദുല്ലാഹ് എന്നായിരുന്നു. അദ്ദേഹത്തിന്റെ മാതാവ് ഹദ്‌റത്ത് സ്വഫിയ(റ) അദ്ദേഹത്തിന്റെ സംജ്ഞാനാമം തന്റെ സഹോദരൻ സുബയ്ർ ബിൻ അബ്ദുൽമുത്ത്വലിബിന്റെ സംജ്ഞാനാമത്തിൽ അബൂത്വാഹിർ എന്നു വെച്ചിരുന്നു. പക്ഷേ, ഹദ്‌റത്ത് സുബയ്ർ(റ)തന്റെ സംജ്ഞാനാമം തന്റെ മകൻ അബ്ദുല്ലായുടെ ബന്ധത്തിലാണ് വെച്ചത്. അതാണ് പിന്നീട് കൂടുതൽ പ്രസിദ്ധമായത്. ഹദ്‌റത്ത് അബൂബക്കർ(റ)നു ശേഷം ഹദ്ത്ത് സുബയ്ർ(റ) ഇസ്‌ലാം സ്വീകരിച്ചു. ഇസ്‌ലാം സ്വീകരിക്കുന്നവരിൽ അദ്ദേഹം നാലാമനോ അഞ്ചാമനോ ആയിരുന്നു. ഹദ്‌റത്ത് സുബയ്ർ പന്ത്രണ്ടാം വയസ്സിലാണ് ഇസ്‌ലാം സ്വീകരിച്ചത്. ചില നിവേദനങ്ങളനുസരിച്ച് അദ്ദേഹം എട്ടാം വയസ്സിലോ പതിനാറാം വയസ്സിലോ ആണ് സ്വീകരിച്ചത്. നബി(സ) തിരുമേനി പത്ത് സൗഭാഗ്യവാന്മാരായ സ്വഹാബാക്കൾക്ക് അവരുടെ ജീവിതത്തിൽത്തന്നെ സ്വർഗ്ഗത്തെക്കുറിച്ചു സുവാർത്ത നൽകിയിരുന്നവരിൽ ഹദ്‌റത്ത് സുബയ്‌റും പെടുന്നു. കൂടാതെ ഹദ്‌റത്ത് ഉമർ(റ) തന്റെ വഫാത്തിനു മുമ്പേ അടുത്ത ഖലീഫയെ തിരഞ്ഞെടുക്കാനായി നാമനിർദ്ദേശം ചെയ്ത ആറ് ശൂറാ സ്വഹാബിമാരിൽ ഒരാളുമായിരുന്നു അദ്ദേഹം. (ഉസുദുൽഗാബ ഫീ മഅ്‌രിഫത്തിസ്സ്വഹബ വാള്യം 2, പേജ് 307, സുബയ്‌റുബ്‌നുൽ അവ്വാം, ദാറുൽകുതുബുൽഇൽമിയ്യ ബെയ്‌റുത്ത് 2003) (അൽഇസ്വാബ ഫീതമീസിസ്സ്വഹാബ, വാള്യം 2, പേജ് 257, ദിക്‌റു ഇസ്മുഹൂ സ്സുബയ്‌റുബ്‌നുൽഅവ്വാം, ദാറുൽകുതുബുൽഇൽമിയ്യ ബെയ്‌റുത്ത് 1995) (സയ്‌റുസ്സ്വഹാബ, വാള്യം 2, പേജ് 67, സുബയ്‌റുബ്‌നുൽഅവ്വാം, ദാറുൽ ഇശാഅത്ത്, കറാച്ചി).

ഹദ്‌റത്ത് സുബയ്‌റിന്റെ പിതാവ് അവ്വാം വഫാത്തായപ്പോൾ നൗഫൽ ബിൻ ഖുവയ്‌ലിദായിരുന്നു തന്റെ സഹോദരപുത്രനായ സുബയ്‌റിനെ വളർത്തിയിരുന്നത്. ഹദ്‌റത്ത് സുബയ്‌റിന്റെ മാതാവായ ഹദ്‌റത്ത് സ്വഫിയ(റ) സുബയ്‌റിനെ അടിക്കുകയും വഴക്കുപറയുകയും ചെയ്യുമായിരുന്നു. അപ്പോൾ ഹദ്‌റത്ത് സുബയ്ർ ചെറുപ്പമായിരുന്നു. സുബയ്‌റിന്റെ പിതൃവ്യൻ നൗഫൽ, സ്വഫിയായോടു ഇങ്ങനെയാണോ കുട്ടിയെ അടിക്കുന്നതെന്നും ബലാൽക്കാരം ചെയ്യുന്നതെന്നും ചോദിക്കുമായിരുന്നു. അവനോടു വെറുപ്പുള്ളതുപോലെയാണല്ലോ നീ അവനെ തല്ലുന്നത്? അപ്പോൾ ഹദ്‌റത്ത് സ്വഫിയ ഈ പദ്യശകലം ചൊല്ലി:

മൻഖാല ഇന്നീ ഉബിഗിളുഹൂ ഫഖദ് കദബ്
വ ഇന്നമാ അള്‌രിബുഹൂ ലകയ് യലബ്
വയഹ്‌സിമൽജയ്‌ശ വ യഅ്‌തിയ ബിസ്സലബ്
വലാ യകുൻ ലിമാലിഹീ ഖബ്ഉൻ മുഖബ്
യഅ്‌കുലു ഫിൽബയ്ത്തി മിൻ തംരിൻ വ്വ ഹബ്

ഞാനവനെ വെറുക്കുന്നുവെന്ന് വിശ്വസിക്കുന്നവൻ കളവു പറയുന്നവനാണ്. ഞാൻ അവനോടു കാർക്കശ്യത്തോടെ പെരുമാറുന്നതും അവനെ തല്ലുന്നതും അവൻ ധീരനാകാനും സൈന്യങ്ങളെ പരാജയപ്പെടുത്താനുമാണ്. വധിക്കപ്പെട്ടവന്റെ സാധനവുമെടുത്ത് മടങ്ങുന്നതിനും സ്വന്തം ധനത്തിനുവേണ്ടി പമ്മി ഇരിക്കാതിരിക്കാനും വീട്ടിൽകുത്തിയിരുന്ന് ഈത്തപ്പഴങ്ങളും അന്നവുംതിന്ന് ചുറ്റിക്കറങ്ങി നടക്കാതിരിക്കാനുമാണ്. (അൽഇസ്വാബ ഫീതമീസിസ്സ്വഹാബ, വാള്യം 2, പേജ് 458, ദിക്‌റു ഇസ്മുഹൂ സ്സുബയ്‌റുബ്‌നുൽഅവ്വാം, ദാറുൽകുതുബുൽഇൽമിയ്യ ബെയ്‌റുത്ത് 1995)

എന്തായാലും ഈ ചിന്തയായിരുന്നു അദ്ദേഹത്തിന്റെ മാതാവിന്റേത്. അതനുസരിച്ച് ധീരനാക്കാനായിരുന്നു അവർ ശിക്ഷണം നല്കിയിരുന്നത്. ഇതു വളരെ നല്ല രീതിയാണെന്ന് നമ്മൾ പറഞ്ഞുകൊള്ളണമെന്നില്ല. പൊതുവെ ഇന്ന് കാണപ്പെടുന്നത് അതുകൊണ്ട് വിശ്വാസത്തിൽ കുറവുണ്ടാകുന്നുവെന്നാണ്. എന്തായാലും ആ നേരത്തെ ബലാൽക്കാരത്തിന്റെ ദുഷ്ഫലങ്ങളിൽനിന്ന് അല്ലാഹു അദ്ദേഹത്തെ കാത്തുസൂക്ഷിച്ചു. മാതാവിന്റെ മമത പ്രസിദ്ധമാണ്. സ്നേഹിക്കുന്നുമുണ്ടാകും. വെറുതേ അടിക്കുക മാത്രമായിരിക്കുകയില്ല. പിന്നീടുള്ള സംഭവം വിളിച്ചോതുന്നത് യഥാർഥത്തിൽ അദ്ദേഹത്തിൽ ധീരതയും തന്റേടവും ഉണ്ടായിരുന്നുവെന്നാണ്. ഏതുകാരണത്താലുണ്ടായി എന്ന് അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നവൻ. എന്തായാലും ആ അടിയുടെ ഫലമായി നെഗറ്റീവായിട്ടുള്ള ഫലമൊന്നും അദ്ദേഹത്തിലുണ്ടായില്ല. ഇവിടെ ഇന്ന് ആരെങ്കിലും ഇതൊന്നു പരീക്ഷിച്ചുനോക്കാൻ ശ്രമിച്ചാൽ ഇവിടുത്തെ സോഷ്യൽസർവീസുകാർ ക്ഷണത്തിൽ വരുന്നതായിരിക്കും. കുട്ടികളെ കൊണ്ടുപോകുന്നതായിരിക്കും. അതുകൊണ്ട് മാതാക്കൾ ഇതു പരീക്ഷിച്ചു നോക്കാൻ ശ്രമിക്കരുത്.

ഹദ്‌റത്ത് സുബയ്ർ(റ) ഇസ്‌ലാം സ്വീകരിച്ചപ്പോൾ, അത് ഉപേക്ഷിച്ച് കുഫ്ർ അഥവാ സത്യനിഷേധത്തിലേക്ക് പിന്തിരിപ്പിക്കുന്നതിന് അദ്ദേഹത്തിന്റെ പിതൃസഹോദരൻ അദ്ദേഹത്തെ ഒരു പായയിൽ ചുരുട്ടിയിട്ട് പുകയ്ക്കുമായിരുന്നു. എന്നാൽ, താൻ ഒരിക്കലും കുഫ്‌റിലേക്ക് തിരിച്ചുവരികയില്ലെന്ന് അദ്ദേഹം പറഞ്ഞുകൊണ്ടിരുന്നു.(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ, വാള്യം 2 പേജ് 457, ദിക്‌റു ഇസ്മുഹൂ സ്സുബയ്‌റുബ്‌നുൽഅവ്വാം, ദാറുൽകുതുബുൽഇൽമിയ്യ ബെയ്‌റുത്ത് 1995)

ഹദ്‌റത്ത് മുസ്‌ലിഹ് മൗഊദ്(റ) അദ്ദേഹത്തെ കുറിച്ച് ഈ സംഭവത്തെ ഇങ്ങനെ വിവരിച്ചിരിക്കുന്നു: 'സുബയ്ർ ബിൻ അവ്വാം വളരെ വലിയ ധീരനായ ഒരു യുവാവായിരുന്നു. ഇസ്‌ലാമിന്റെ വിജയങ്ങളുടെ കാലഘട്ടത്തിൽ അദ്ദേഹം ഒരു പ്രബലനായ ജേർണലാണെന്ന് സ്ഥാപിതമായി. അദ്ദേഹത്തിന്റെ പിതൃസഹോദരനും അദ്ദേഹത്തെ വല്ലാതെ ബുദ്ധിമുട്ടിക്കാറുണ്ടായിരുന്നു. ഇസ്‌ലാമിൽനിന്ന് പിന്മാറുന്നോ ഇല്ലേ? എന്ന് ചോദിച്ചുകൊണ്ട് അദ്ദേഹത്തെ ശ്വാസം മുട്ടിക്കാൻ പായയിൽ ചുരുട്ടിക്കെട്ടി താഴെ പു

കയിടുമായിരുന്നു. എന്നാൽ, അദ്ദേഹം ആ ബുദ്ധിമുട്ടികൾ സഹിക്കുകയും മറുപടിയായി, മനസ്സിലാക്കിയ സത്യത്തെ നിഷേധിക്കാൻ സാധ്യമല്ലെന്ന് പറയുകയും ചെയ്യുമായിരുന്നു.'(ദീബാച്ച തഫ്സീറുൽഖുർആൻ, അൻവാറുൽഉലൂം വാല്യം 20, പേജ് 196-197)

ഹിശാം ബിൻ ഉർവതന്നെ പിതാവിൽനിന്ന് നിവേദനം: ഹദ്റത്ത് സുബയ്ർ കുട്ടിയായിരുന്നപ്പോൾ മക്കയിൽ ഒരാളുമായി വഴക്കിട്ടു. അയാൾ എന്തെങ്കിലും ബലപ്രയോഗം ചെയ്തിട്ടുണ്ടാകും. സുബയ്ർ ചെറുതായിരുന്നു. അയാളാണെങ്കിൽ ഒത്ത ഒരു പുരുഷനും. എന്തായാലും ആ വഴക്കിൽ ഹദ്റത്ത് സുബയ്ർ(റ) അയാളുടെ കൈ ഒടിച്ചു. ഗുരുതരമായി പരിക്കേറ്റു. അയാളെ വാഹനത്തിൽ ഹദ്റത്ത് സ്വഫിയായുടെ അടുത്തു കൊണ്ടുവന്നു കാണിച്ചു. നിങ്ങളുടെ മകനാണ് ഇയാളെ ഈ നിലയിലാക്കിയതെന്ന് പറഞ്ഞു. അയാൾക്കെന്താണ് പറ്റിയതെന്ന് ഹദ്റത്ത് സ്വഫിയ(റ) ചോദിച്ചു. സുബയ്ർ ഇയാളുമായി വഴക്കിട്ടുവെന്ന് ആളുകൾ പറഞ്ഞു, എന്നാൽ, കുറ്റം ആരുടേതാണെന്ന് അവർ പറഞ്ഞില്ല. എന്തായാലും വഴക്കുണ്ടായി. അപ്പോൾ സ്വഫിയ ഹദ്റത്ത് സുബയ്റിന്റെ വീരത്വത്തിൽ ഈ കവിത ചൊല്ലി:

കയ്ഫ റഅയ്ത്ത സബ്റൻ

അ അഖിത്വൻ ഹസിബ്ത്തുഹൂ അം തറൻ

അം മുശ്മയില്ലൻ സ്വഫ്റൻ

സുബയ്റിനെ എങ്ങനെയാണ് നിങ്ങൾ കണ്ടത്? അവനെ പനീറോ ഈത്തപ്പഴമോ പോലെ കരുതിയോ? നിസാരമായി അവനെ തിന്നുകളയാമെന്നും എന്തും അവനോടു ചെയ്യാമെന്നും കരുതിയോ? അവൻ അതിവേഗം റാഞ്ചിയെടുക്കുന്ന കഴുകനെപ്പോലെയാണ്. വേഗം റാഞ്ചിയെടുക്കുന്ന കഴുകനെപ്പോലെ അവർ അവനെ കണ്ടിട്ടുണ്ടാകും. (അത്ത്വബഖാത്തുൽ കുബ്റാ വാല്യം 3, പേജ് 74, സുബയ്ർ ബിൻ അൽഅവ്വാം, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1990)

ഹദ്റത്ത് സുബയ്ർ(റ) ഹബ്ശയിലേക്കുള്ള രണ്ടു ഹിജ്റത്തിലും പങ്കെടുത്തു. മദീനയിൽ ഹിജ്റത്ത് ചെയ്ത് വന്നപ്പോൾ അദ്ദേഹം മുൻദിർ ബിൻ മുഹമ്മദിന്റെ അടുത്താണ് താമസിച്ചത്.(അത്ത്വബഖാത്തുൽ കുബ്റാ വാല്യം 3, പേജ് 75, സുബയ്ർ ബിൻ അൽഅവ്വാം, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1990)

ഹദ്റത്ത് അസ്മാ(റ) നിവേദനം: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബയ്റിനെ ഗർഭം ധരിച്ചിരിക്കുന്ന സന്ദർഭത്തിലാണ് ഹിജ്റഃ പുറപ്പെട്ടത്. മദീനയിലെത്തി ഖുബായിലിറങ്ങി. അവിടെ വെച്ചാണ് ഞാൻ അവനെ പ്രസവിച്ചത്. ശേഷം അവനുമായി ഞാൻ പുറപ്പെട്ടു. നബി(സ)തിരുമേനിയുടെ അടുത്തുപോയി മടിയിൽ ഞാൻ അവനെ വെച്ചു. അവിടന്ന് ഒരു ഈത്തപ്പഴം ആവശ്യപ്പെട്ടു.എന്നിട്ടത് ചവച്ചു. അതിന്റെ തുപ്പുനീര് കുട്ടിയുടെ വായിൽ ഇറ്റിച്ചു. അങ്ങനെ അവന്റെ വയറ്റിൽ ആദ്യമായിച്ചെന്നത് നബി(സ)തിരുമേനിയുടെ പുണ്യമായ തുപ്പുനീരായിരുന്നു. പിന്നീട് ഈത്തപ്പഴത്തിന്റെ നീരുകൊണ്ട് ശിശുവിന് മധുരം കൊടുത്തു. അവനുവേണ്ടി പ്രാർഥിച്ചു. അവനായിരുന്നു ഇസ്ലാമിൽ ഹിജ്റയ്ക്കുശേഷം ജനിച്ച ആദ്യത്തെ ശിശു.'(സ്വഹീഹുൽബുഖാരി, കിതാബു, മനാഖിബുൽഅൻസാർ, ഹദീഥ് നമ്പർ 3909)

സ്വഹീഹ് മുസ്ലിമിന്റെ നിവേദനത്തിൽനിന്ന് മനസ്സിലാകുന്നത് നബി(സ)തിരുമേനി ഹദ്റത്ത് അസ്മാഇന്റെ മകന്റെ പേര് അബ്ദുല്ലാഹ് എന്നു വെച്ചിരുന്നുവെന്നാണ്. അവന് ഏഴോ എട്ടോ വയസ്സായപ്പോൾ നബി(സ)തിരുമേനിക്ക് ബയ്അത്തു ചെയ്യാൻ വന്നു. അവന്റെ പിതാവ് ബയ്അത്തു ചെയ്യാൻ കല്പിച്ചതനുസരിച്ചാണ് ബയ്അത്തു ചെയ്യാൻ ചെന്നത്. അവൻ തന്റെ അടുത്തേക്ക് വരുന്നത് നബി(സ)തിരുമേനി കണ്ടപ്പോൾ അവിടന്ന് പുഞ്ചിരിച്ചു. അവിടന്ന് പുഞ്ചിരിക്കുകയും ബയ്അത്ത് വാങ്ങുകയും ചെയ്തു.(സ്വഹീഹ് മുസ്ലിം, കിതാബുൽ ആദാബ്, ഹദീഥ് 2146)

നബി(സ)തിരുമേനി മക്കയിൽ മുഹാജിറുകളെ പരസ്പരം സഹോദരന്മാരാക്കിയപ്പോൾ ഹദ്റത്ത് സുബയ്റിനേയും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദിനേയും സഹോദരന്മാരാക്കി. മദീന ഹിജ്റത്തിനുശേഷം മുഹാജിറുകളേയും അൻസ്വാറിനേയും തമ്മിൽ സഹോദരന്മാരാക്കിയപ്പോൾ ഹദ്റത്ത് സലമഃ ബിൻ സുലാമ അദ്ദേഹത്തിന്റെ ദീനീ സഹോദരനായി.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സഹബ വാല്യം 2, പേജ് 307, സുബയ്റുബ്നുൽ അവ്വാം, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2003)

അല്ലാഹു ശഹാദത്ത് പദവി നൽകിയെങ്കിലോ എന്നു കരുതി ഹദ്റത്ത് സുബയ്ർ(റ) തന്റെ മക്കൾക്ക് ശുഹദാക്കളുടെ പേരാണ് ഇടാറുണ്ടായിരുന്നത്. അബ്ദുല്ലായുടെ പേര്, അബ്ദുല്ലാഹ് ബിൻ ജഹ്ശിന്റെ പേരിലും മുൻദിറിന്റേ പേര് മുൻദിർ ബിൻ അംറിന്റെ പേരിലും ഉർവായുടെപേര് ഉർവ ബിൻ മസ്ഊദിന്റെ പേരിലും ഹംസയുടെ പേര് ഹംസ ബിൻ അബ്ദുൽമുത്ത്വലിബിന്റെ പേരിലും ജഅ്ഫറിന്റെ പേര് ജഅ്ഫർ ബിൻ അബൂത്വാലിബിന്റെ പേരിലും മുസ്അബിന്റെ പേര് മുസ്അബ് ബിൻ ഉമയ്റിന്റെ പേരിലും ഉബയ്ദായുടെ പേര് ഉബയ്ദ ബിൻ ഹാരിഥിന്റെ പേരിലും ഖാലിദിന്റെ പേര് ഖാലിദ് ബിൻ സയീദിന്റെ പേരിലും അംറിന്റെ പേര് അംറ് ബിൻ സയീദിന്റെ പേരിലും വെച്ചു. ഹദ്റത്ത് അംറ് ബിൻ സയീദ് യർമൂക്കു യുദ്ധത്തിൽ ശഹീദായിരുന്നു.(അത്ത്വബഖാത്തുൽ കുബ്റാ വാല്യം 3, പേജ് 74, സുബയ്ർ ബിൻ അൽഅവ്വാം, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1990)

ഇത് എത്രത്തോളം ശരിയാണെന്ന് അറിയുകയില്ല. കാരണം അബ്ദുല്ലായുടെ ജനനസമയം–അദ്ദേഹം മൂത്ത കുട്ടിയായിരുന്നെങ്കിൽ ഏതു വർഷമാണ് ജനിച്ചത്? അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നവൻ. പക്ഷേ, ആ നേരത്ത് ആരുടെയെങ്കിലും സക്ഷ്യമുണ്ടായിരുന്നോ ഇല്ലേ? എന്തായാലും ആ പുണ്യാത്മാക്കളായ ആളുകളുടെ പേരിലാണ് അവർ ഈ പേരിട്ടത്.

ഉർവ ബിൻ സുബയ്ർ വിവരിക്കുന്നു, ഹദ്റത്ത് സുബയ്ർ എത്രമാത്രം ഉയരമുള്ള ആളായിരുന്നുവെന്നാൽ അദ്ദേഹം വാഹനത്തിൽ യാത്ര പോകുമ്പോൾ അദ്ദേഹത്തിന്റെ പാദം തറയിൽ മുട്ടുമായിരുന്നു.(അൽഇസ്വാബ ഫീതമീസിസ്സഹാബ, വാല്യം 2, പേജ് 458, ദിക്റു ഇസ്മുഹൂ അസ്സുബയ്ർ: സുബയ്റുബ്നുൽഅവ്വാം, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1995)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബയ്ർ(റ) പറയുന്നു: ഞാൻ എന്റെ പിതാവ് അതായത് ഹദ്റത്ത് സുബയ്റിനോടു ചോദിച്ചു, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദും മറ്റുള്ളവരും ഹദീഥ് വിവരിക്കുന്നതായി കേൾക്കാറുണ്ട്. ധാരാളം ഹദീഥുകൾ അവർ നബി(സ)തിരുമേനിയിൽനിന്ന് നിവേദനം ചെയ്യുന്നു. അങ്ങയെ കേൾക്കുന്നില്ല, അതിന്റെ കാരണമെന്താണ്? അദ്ദേഹം പറഞ്ഞു: ഞാൻ ഇസ്ലാം സ്വീകരിച്ച കാലംമുതൽ നബി(സ)തിരുമേനിയിൽനിന്ന് ഒരിക്കലും വേർപ്പെട്ടിട്ടില്ല. പക്ഷേ, നബി(സ)തിരുമേനി ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. ആരാണോ മനഃപൂർവം എന്റെപേരിൽ കളവായ കാര്യം പറയുന്നത് അവൻ തന്റെ താമസസ്ഥലം നരകമാക്കിയിരിക്കുന്നു. (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാല്യം 1, പേജ് 451, മുസ്നദ് സുബയ്ർ ബിൻ അൽഅവ്വാം, ഹദീഥ് 1413, ആലമുൽകുതുബ് ബെയ്റുത്ത്, 1998)

മറ്റുള്ളവർ നബിയുടെ പേരിൽ കളവു പറയുന്നുവെന്നല്ല ഇതിന്റെ അർഥം. താൻ ഇതുണ്ടാകാതിരിക്കാൻ സൂക്ഷ്മത പാലിക്കുന്നുവെന്നാണ് അദ്ദേഹം പറഞ്ഞതിന്റെ ഉദ്ദേശ്യം. തെറ്റു സംഭവിച്ച് ശിക്ഷാർഹനാകുന്നതിനെക്കാൾ നല്ലത് അതു വരാതെ സൂക്ഷിക്കുന്നതാണല്ലോ. അതുകൊണ്ട് അതിൽ സൂക്ഷ്മത പാലിക്കുന്നു.

ഹദ്റത്ത് സയീദ് ബിൻ മുസയ്യിബിൽ നിന്ന് നിവേദനം: അല്ലാഹുവിന്റ മാർഗത്തിൽ ഉറയിൽ നിന്ന് വാൾ ഊരിയ ആദ്യത്തെ വ്യക്തിയായിരുന്നു ഹദ്റത്ത് സുബയ്ർ ബിൻ അവ്വാം(റ). ഒരിക്കൽ ഹദ്റത്ത് സുബയ്ർ(റ) മക്കയിലെ ഒരു സ്ഥലമായ മത്വാബിഖിലെ ഒരു മലയിടുക്കിൽ വിശ്രമിക്കുകയായിരുന്നു. പെട്ടെന്ന് മുഹമ്മദ്(സ) വധിക്കപ്പെട്ടിരിക്കുന്നു എന്ന ശബ്ദം കേൾക്കാനിടയായി. ഉടനെ അദ്ദേഹം തന്റെ വാൾ ഉറയിൽനിന്നൂരി തന്റെ വീട്ടിൽനിന്ന് പുറപ്പെട്ടു. അദ്ദേഹം താൻ വിശ്രമിക്കുകയായിരുന്നു സ്ഥലത്തുനിന്ന് പുറപ്പെട്ടു. വഴിക്കുവച്ച് നബി(സ)തിരുമേനി അദ്ദേഹത്തെ കാണുകയും, നിൽക്കൂ സുബയ്ർ, എന്താണു കാര്യം എന്നു ചോദിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: 'അങ്ങ് ശഹീദാക്കപ്പെട്ടിരിക്കുന്നു എന്ന ഒരു ശബ്ദം ഞാൻ കേൾക്കുകയുണ്ടായി.' നബി(സ)ചോദിച്ചു: 'ഇനി അഥവാ എന്നെ ശഹീദാക്കിയാൽ നിനക്കെന്താണ് ചെയ്യാൻ കഴിയുക?' അപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ! മക്കക്കാരെ മുഴുവൻ കൊന്നൊടുക്കാൻ ഞാൻ തീരുമാനിച്ചിരുന്നു.' നബി(സ)തിരുമേനി അപ്പോൾത്തന്നെ അദ്ദേഹത്തിനുവേണ്ടി പ്രത്യേകം ദുആ ചെയ്തു. നബി(സ)തിരുമേനി അദ്ദേഹത്തിന്റെ വാളിനു വേണ്ടിയും ദുആ ചെയ്തതായി ഒരു നിവേദനത്തിലുണ്ട്.'

ഹദ്റത്ത് സയീദ് ബിൻ മുസയ്യിബ്(റ) പറയുന്നു:'അദ്ദേഹത്തിനുവേണ്ടി നബി(സ)തിരുമേനിചെയ്ത ദുആകൾ അല്ലാഹു നഷ്ടപ്പെടുത്തുകയില്ലെന്ന് ഞാൻ കരുതുന്നു.'(കിതാബു ഫളാഇലുസ്സഹാബ ലിഇമാം അഹ്മദ് ബിൻ ഹമ്പൽ, വാല്യം 2, പേജ് 733, ഫളാഇൽ അസ്സുബയ്ർ ബിൻ അൽഅവ്വാം, ദാറുൽഇൽമ് അത്ത്വബാഅത്തു വന്നശ്ർ അസ്സഊദിയ്യ 1983)(അൽഇസ്തീയാബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ്, വാല്യം 2, പേജ് 512, സുബയ്ർ ബിൻ അൽഅവ്വാം, ദാറുൽജീൽ, ബെയ്റുത്ത് 1992)(മുഅ്ജമുൽ ബുൽദാൻ, വാല്യം 5, പേജ് 171, ദാറുൽകുതുബുൽ ഇൽമിയ്യ് ബെയ്റുത്ത്)

ഹദ്റത്ത് സുബയ്ർ(റ) ബദ്ർ, ഉഹുദ് തുടങ്ങി മറ്റെല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു. അദ്ദേഹം ഉഹുദു യുദ്ധത്തിൽ നബി(സ)തിരുമേനിയുടെ കൂടെ അടിയുറച്ചു നിന്നു. മരിക്കാൻ തയ്യാറാണെന്ന കാര്യത്തിൽ നബി(സ)തിരുമേനിയ്ക്ക് ബയ്അത്ത് ചെയ്തു. മക്കാവിജയ സമയത്ത് മുഹാജിറുകളുടെ മൂന്നു പതാകകളിൽ ഒന്ന് ഹദ്റത്ത് സുബയ്റിന്റെ കൈയിലായിരുന്നു.(അത്ത്വബഖാത്തുൽ കുബ്റാ വാല്യം 3, പേജ് 77, സുബയ്ർ ബിൻ അൽഅവ്വാം, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1990)

ബദ്റിന്റെ ദിവസം നബി(സ)തിരുമേനിയുടെ കൂടെ രണ്ടു കുതിരകൾ മാത്രമാണ് ഉണ്ടായിരുന്നത്. അതിലൊന്നിൽ ഹദ്റത്ത് സുബയ്റാണ് യാത്രചെയ്തിരുന്നത്.(അത്ത്വബഖാത്തുൽ കുബ്റാ വാല്യം 3, പേജ് 76, സുബയ്ർ ബിൻ

അൽഅവ്വാം, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1990)

ഹദ്റത്ത് ഉർവ നിവേദനം: ഹദ്റത്ത് സുബയ്റിന്റെ ശരീരത്തിൽ വാളിന്റെ ആഴത്തിലുള്ള മൂന്നു മുറിവുണ്ടായിരുന്നു. അതിൽ ഞാൻ എന്റെ വിരലുകൾ ഇടാറുണ്ടായിരുന്നു. അതായത് ആഴത്തിലുള്ള മുറിവായിരുന്നു. ബദ്ർ യുദ്ധാവസരത്തിലാണ് ആ മുറിവ് പറ്റിയത്. ഒരു മുറിവ് യർമൂക് യുദ്ധാവസരത്തിലുണ്ടായതാണ്. (അൽഇസ്വാബ ഫീതമീസിസ്സ്വഹാബ, വാള്യം 2, പേജ് 459, ദിക്റു ഇസ്മുഹൂ സ്സുബയ്റുബ്നുൽഅവ്വാം, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1995)

മൂസാ ബിൻ മുഹമ്മദ് തന്റെ പിതാവിൽനിന്ന് നിവേദനം: ഹദ്റത്ത് സുബയ്ർ ബിൻ അവ്വാം (റ) മഞ്ഞത്തലപ്പാവ് ധരിച്ചിരുന്നതുകൊണ്ട് അദ്ദേഹം തിരിച്ചറിയപ്പെട്ടിരുന്നു. ബദ്ർ യുദ്ധത്തിൽ ഹദ്റത്ത് സുബയ്ർ(റ) മഞ്ഞത്തലപ്പാവാണ് ധരിച്ചിരുന്നത്. അതുകണ്ട് നബി(സ)തിരുമേനി പറഞ്ഞു, മലക്കുകൾ സുബയ്റിന്റെ രൂപസാദൃശ്യമുള്ളവരായി ഇറങ്ങിയിരിക്കുകയാണ്.(അത്ത്വബഖാത്തുൽ കുബ്റാ വാള്യം 3, പേജ് 76, സുബയ്ർ ബിൻ അൽഅവ്വാം, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1990)

അതായത് അല്ലാഹു സഹായത്തിന് അയച്ച മലക്കുകളും അതേപോലെയുള്ള തലപ്പാവ് ധരിച്ച നിലയിലാണ് യുദ്ധം ചെയ്തുകൊണ്ടിരുന്നത്.

ഹിശാം ബിൻ ഉർവ തന്റെ പിതാവിൽനിന്ന് നിവേദനം: ഹദ്റത്ത് സുബയ്ർ(റ) പറയുമായിരുന്നു, ബദ്ർ യുദ്ധത്തിൽ ഉബയ്ദാ ബിൻ സയീദുമായി എന്റെ പോരാട്ടം നടന്നു. അയാൾ ആയുധങ്ങൾ പൂർണമായും മുകളിൽ ധരിച്ചിരുന്നു. അയാളുടെ കണ്ണുകൾ മാത്രമേ കാണാനുണ്ടായിരുന്നുള്ളൂ. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂദാത്തുൽ കരിശ് എന്നായിരുന്നു. അയാൾ പറഞ്ഞു: 'ഞാൻ ദാത്തുൽ കരിശാണ്.' ഇതുകേട്ടയുടനെ ഞാൻ കുന്തംകൊണ്ട് അയാളുടെമേൽ ആക്രമണം നടത്തി. അയാളുടെ കണ്ണിനു മുറിവേല്പിച്ചു. അയാൾ അവിടെതന്നെ മരണമടമഞ്ഞു. എത്രമാത്രം ശക്തമായാണ് ആക്രമിച്ചതെന്നാൽ ഹിശാം പറയാറുണ്ടായിരുന്നു, എന്നോടു പറയപ്പെട്ടു, സുബയ്ർ പറയാറുണ്ടായിരുന്നു, ഞാനെന്റെ കാലു അയാളുടെ മേൽവെച്ച് മുഴുവൻ ശക്തിയുമുപയോഗിച്ച് വളരെ പ്രയാസപ്പെട്ടാണ് ആ കുന്തം വലിച്ചൂരിയത്. അപ്പോൾ അതിന്റെ രണ്ടഗ്രങ്ങളും വളഞ്ഞിരുന്നു. ഉർവ പറയുന്നു: നബി(സ)തിരുമേനി ആ കുന്തം ഹദ്റത്ത് സുബയ്ർ(റ)ന്റെ കൈയിൽ നിന്ന് ആവശ്യപ്പെട്ടു. അദ്ദേഹം നബി(സ)തിരുമേനിക്ക് അത് നൽകി. നബി(സ)തിരുമേനി വഫാത്തായപ്പോൾ ഹദ്റത്ത് സുബയ്ർ അത് തിരിച്ചുവാങ്ങി. പിന്നീട് ഹദ്റത്ത് അബൂബക്കർ(റ) അത് ആവശ്യപ്പെട്ടു, ഹദ്റത്ത് സുബയ്ർ അത് അദ്ദേഹത്തിനു നൽകി. ഹദ്റത്ത് അബൂബക്കർ(റ) വഫാത്തായപ്പോൾ ഹദ്റത്ത് ഉമർ(റ) ആ കുന്തം ആവശ്യപ്പെട്ടു. അപ്പോൾ അത് അദ്ദേഹത്തിനു നൽകി. ഹദ്റത്ത് ഉമർ(റ) വഫാത്തായപ്പോൾ ഹദ്റത്ത് സുബയ്ർ(റ) അത് തിരിച്ചു വാങ്ങി. പിന്നീട് ഹദ്റത്ത് ഉഥ്മാൻ(റ)അത് ആവശ്യപ്പെട്ടു. ഹദ്റത്ത് സുബയ്ർ (റ)അത് അദ്ദേഹത്തിനു നൽകി. ഹദ്റത്ത് ഉഥ്മാൻ(റ) ശഹീദായപ്പോൾ അത് ഹദ്റത്ത് അലി(റ)യുടെ കുടുംബത്തിന് ലഭിച്ചു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബയ്ർ(റ) അത് അവരിൽനിന്നു വാങ്ങി. പിന്നീട് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബയ്ർ(റ)ശഹീദാക്കപ്പെടുന്നതുവരെ അത് അദ്ദേഹത്തിന്റെ പക്കൽ തന്നെയായിരുന്നു ഉണ്ടായിരുന്നത്.(സ്വഹീഹുൽ ബുഖാരി, കിതാബുൽമഗാസി, ബാബ് 12, ഹദീഥ് 3998)

ഹദ്റത്ത് സുബയ്ർ ബിൻ അവ്വാം (റ)വിവരിക്കുന്നു: ഉഹുദു യുദ്ധദിവസം നബി(സ)തിരുമേനി, തന്റെ മാതാപിതാക്കളെ ചേർത്തുകൊണ്ട്, 'എന്റെ മാതാപിതാക്കൾ നിങ്ങൾക്കുവേണ്ടി ബലിയാണ്' എന്ന് എന്നോട് പറയുകയുണ്ടായി. (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 1, പേജ് 450, മുസ്നദ് സുബയ്ർ ബിൻ അൽഅവ്വാം, ഹദീഥ് 1408, ആലമുൽകുതുബ്, ബെയ്റുത്ത് 1998)

ഹദ്റത്ത് സുബയ്ർ(റ)ൽനിന്ന് നിവേദനം. ഉഹുദു യുദ്ധ ദിവസം ഒരു സ്ത്രീ മുമ്പിലൂടെ വളരെ വേഗത്തിൽ വരുന്നതു കണ്ടു. അവർ ശഹീദായവരുടെ മൃതശരീരങ്ങൾ കാണാൻ പോകുകയായിരുന്നു. നബി(സ)തിരുമേനിയ്ക്ക് ആ സ്ത്രീ, മൃതശരീരങ്ങൾ കാണുന്നത് അവർക്ക് അസഹ്യമായിരിക്കുമെന്ന് തോന്നി. കാരണം വളരെ മോശമായ നിലയിൽ മൃതശരീരങ്ങൾ ശത്രുക്കൾ വികൃതമാക്കിയിരുന്നു. അതുകൊണ്ട് അവിടന്ന് സ്ത്രീയെ തടയുക തടയുക എന്ന് പറഞ്ഞു. ഹദ്റത്ത് സുബയ്ർ(റ) പറയുന്നു: അതെന്റെ മാതാവ് സ്വഫിയാണെന്ന് എനിക്കു തോന്നി. ഞാനും അവരുടെ അടുത്തേക്ക് ഓടിപ്പോയി. അവർ അവിടെ എത്തുന്നതിനുമുമ്പേ ഞാൻ അവിടെ എത്തി. അവർ എന്റെ നെഞ്ചിൽ പിടിച്ച് പിന്നോട്ടു തള്ളി. അവർക്ക് നല്ല ആരോഗ്യമുണ്ടായിരുന്നു. നീ പിന്നോട്ടുമാറാൻ അവർ എന്നോടു പറഞ്ഞു. ഞാൻ നിന്നോടു സംസാരിക്കുകയില്ലെന്നും നീ പറയുന്നത് കേൾക്കുകയില്ലെന്നും പറഞ്ഞു. മൃതശരീരങ്ങൾ കാണുന്നത് നബി(സ)തിരുമേനി വിലക്കിയിരിക്കുന്നുവെന്ന് ഞാൻ പറഞ്ഞു. നബിയുടെ പേരു കേട്ടപാടെ അവർ നിന്നു. അതായത് നബി(സ)തിരുമേനി പറഞ്ഞുവെന്നറിയിച്ചപ്പോൾ അവർ അവിടെ നിന്നു. തന്റെ കൈയിലുണ്ടായിരുന്ന രണ്ടു തുണിയെടുത്തുകൊണ്ട് പറഞ്ഞു: ഇതു രണ്ടു തുണിയാണ്. ഇത് ഞാനെന്റെ സഹോദരൻ ഹംസത്തിനുവേണ്ടി കൊണ്ടുവന്നതാണ്. കാരണം ഹംസത്ത് ശഹീദായ വിവരം ഞാൻ അറിഞ്ഞിരുന്നു. നിങ്ങൾ ഈ തുണികൾകൊണ്ട് അദ്ദേഹത്തെ കഫൻ പൊതിയുക. ഒരു നിവേദനത്തിലുണ്ട്, ഹദ്റത്ത് സ്വഫിയ പറഞ്ഞു: എനിക്കറിയാം എന്റെ സഹോദരൻ വികൃതമാക്കപ്പെട്ടിട്ടുണ്ടെന്ന്. ഇത് അല്ലാഹുവിന്റെ വഴിയിൽത്തന്നെയാണുണ്ടായിട്ടുള്ളത്. അല്ലാഹുവിന്റെ വഴിയിൽ എന്തുപെരുമാറ്റം ഹദ്റത്ത് ഹംസയോടുണ്ടായിട്ടുണ്ടെങ്കിലും അതിൽ എന്തുകൊണ്ട് നമ്മൾ തൃപ്തരാകുകയില്ല. ഞാൻ ഇൻശാ അല്ലാഹ് ക്ഷമിക്കുന്നതായിരിക്കും. അതിന്റെ പ്രതിഫലം അല്ലാഹുവിനോടു തേടുന്നതായിരിക്കും. ഹദ്റത്ത് സുബയ്ർ മാതാവിന്റെ ഈ മറുപടി കേട്ടപ്പോൾ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. എല്ലാ കാര്യങ്ങളും പറഞ്ഞു. നബി(സ)തിരുമേനി പറഞ്ഞു, സ്വഫിയായെ അവരുടെ സഹോദരന്റെ അടുക്കൽ കൊണ്ടുപോകുക. സ്വഫിയ മുന്നോട്ടുപോയി സഹോദരന്റെ മൃതശരീരം കണ്ടു. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ* പറഞ്ഞു. അദ്ദേഹത്തിന്റെ മഗ്ഫിറത്തിനുവേണ്ടി ദുആ ചെയ്യുന്നു. പിന്നീട് നബി(സ)തിരുമേനി അദ്ദേഹത്തെ കഫൻപൊതിയാൻ കല്പിച്ചു. തുടർന്ന് നിവേദകൻ പറയുന്നു: ഞങ്ങൾ ഹദ്റത്ത് ഹംസത്തിന്റെ കഫൻ പൊതിയാൻ തുടങ്ങിയപ്പോൾ അദ്ദേഹത്തിന്റെ ഒരു വശത്ത് ഒരു അൻസ്വാരി സഹോദരന്റെ ശരീരവും കിടന്നിരുന്നു. ഹദ്റത്ത് ഹംസത്തിനോടു ചെയ്തിരുന്നതുപോലെ അദ്ദേഹത്തോടും ശത്രുക്കൾ ക്രൂരമായി പെരുമാറിയിരുന്നു. ഹദ്റത്ത് ഹംസയെ രണ്ടുതുണിയിൽ കഫൻ പൊതിയുകയും അദ്ദേഹത്തിന് ഒരു തുണിപോലും ഇല്ലാതിരിക്കന്നതും ശരിയല്ലെന്ന് ഞങ്ങൾക്ക് തോന്നി. അതുകൊണ്ട് രണ്ടുപേരേയും ഓരോ തുണിയിൽ കഫൻ പൊതിയാമെന്ന് ഞങ്ങൾ തീരുമാനിച്ചു. അളവെടുത്തപ്പോൾ ഒരാൾക്ക് നീളം കൂടുതലാണെന്ന് കണ്ടു. അവസാനം നറുക്കിട്ടു. നറുക്ക് വീണ തുണിയിൽ ഓരോരുത്തരേയും ഖബ്റടക്കി. അപ്പോഴും തുണി തികഞ്ഞിരുന്നില്ല. പിന്നെ പുല്ലിട്ടേണ്ടിവന്നു. (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 1, പേജ് 452, മുസ്നദ് സുബയ്ർ ബിൻ അൽഅവ്വാം, ഹദീഥ് 1418, ആലമുൽകുതുബ്, ബെയ്റുത്ത് 1998)(അസ്സീറത്തുന്നബ്വിയ്യ ലിഇബ്നിഹിശാം, വാള്യം 2, പേജ് 97, 1955)(അത്ത്വബഖാത്തുൽ കുബ്റാ വാള്യം 3, പേജ് 10, പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1990)

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് നിവേദനം: 'ഖൻദഖ് യുദ്ധാവസരത്തിൽ നബി(സ) തിരുമേനി പറഞ്ഞു, 'ആരെങ്കിലുമുണ്ടോ ബനൂ ഖുറയ്ളായുടെ വിവരം എനിക്കുകൊണ്ടുവന്നു തരാൻ?' 'ഞാൻ ഹാജരാണ്' ഹദ്റത്ത് സുബയ്ർ(റ)പറഞ്ഞു. നബി(സ)തിരുമേനി വീണ്ടും ചോദിച്ചു, 'ആരെങ്കിലുമുണ്ടോ ബനൂഖുറയ്ളായുടെ വിവരം എനിക്കുകൊണ്ടുവന്നുതരാൻ?' 'ഞാൻ ഹാജരാണ്' ഹദ്റത്ത് സുബയ്ർ(റ)വീണ്ടും മറുപടി പറഞ്ഞു. മൂന്നാമതും നബി(സ) തിരുമേനി ചോദിച്ചു. 'ആരെങ്കിലുമുണ്ടോ ബനൂ ഖുറയ്ളായുടെ വിവരം എനിക്കുകൊണ്ടുവന്നു തരാൻ?' 'ഞാൻ ഹാജരാണ്' ഹദ്റത്ത് സുബയ്ർ(റ) വീണ്ടും മറുപടി പറഞ്ഞു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'എല്ലാ നബിമാർക്കും ഹവാരിയുണ്ട്. എന്റെ ഹവാരി സുബയ്ർ ആകുന്നു.' ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ) ഒരാളോടു പറയുന്നതുകേട്ടു, 'ഞാൻ നബി(സ) തിരുമേനിയുടെ ഹവാരിയുടെ മകനാണ്' എന്ന് ഒരാൾ പറയുന്നതു കേട്ടു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ പറഞ്ഞു, താങ്കൾ ഹദ്റത്ത് സുബയ്റിന്റെ സന്താനങ്ങളിൽപ്പെട്ട ആളാണെങ്കിൽ അത് ശരിയാണ്, അല്ലെങ്കിൽ ശരിയല്ല. നബി(സ)തിരുമേനി മറ്റാരെയെങ്കിലും ഹവാരി എന്നു പറഞ്ഞിട്ടുണ്ടോ എന്ന് തിരിക്കിയപ്പോൾ ഹദ്റത്ത് ഇബ്നു ഉമർ(റ) പറഞ്ഞു: 'എന്റെ അറിവിൽ മറ്റാരുമില്ല.' (അത്ത്വബഖാത്തുൽ കുബ്റാ വാള്യം 3, പേജ് 78, സുബയ്ർ ബിൻ അൽഅവ്വാം, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990).

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബയ്ർ(റ) നിവേദനം. ഖൻദഖ് യുദ്ധത്തിൽ ഞാനും അബൂസലമ മകൻ ഉമർ(റ)ഉം ആണ് സ്ത്രീകളുടെ കാവലിന് നിശ്ചയിക്കപ്പെട്ടിരുന്നത്. എന്റെ പിതാവ് സുബയ്ർ(റ) കുതിരപ്പുറത്തു കയറി ബനൂ ഖുറയ്ളയിലേക്കും അവിടെനിന്നിങ്ങോട്ടും രണ്ടുമൂന്നു പ്രാവശ്യം പോകുന്നതു ഞാൻ കണ്ടു. യുദ്ധാനന്തരം മടങ്ങി വന്നപ്പോൾ ഞാൻ ചോദിച്ചു: എന്റെ പ്രിയപ്പെട്ട പിതാവേ! അങ്ങ് അങ്ങോട്ടും ഇങ്ങോട്ടും പോകുന്നതു ഞാൻ കണ്ടല്ലോ? അദ്ദേഹം ചോദിച്ചു. കുഞ്ഞുമകനേ! എന്നെ നീ കണ്ടുവോ? അതേ, ഞാൻ പറഞ്ഞു. അദ്ദേഹം പറഞ്ഞു: ആരാണ് ബനൂഖുറയ്ളയിൽപോയി അവരുടെ വർത്തമാനം എനിക്കെത്തിച്ചുതരികയെന്ന് നബി(സ)തിരുമേനി ചോദിച്ചു. അപ്പോൾ ഞാൻ പോയി മടങ്ങിവന്നപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: എന്റെ മാതാപിതാക്കൾ നിങ്ങൾക്കു ബലിയാണ്.(സ്വഹീഹുൽ ബുഖാരി, കിതാബുൽ ഫളാഇൽ അസ്ഹാബുന്നബി(സ), ബാബു മനാഖിബു അസ്സുബയ്ർ ബിൻ അൽഅവ്വാം, ഹദീഥ് 3720)

ഖയ്ബർ യുദ്ധത്തിൽ യഹൂദികളുടെ പ്രസി

ദ്ധനായ നേതാവ് മർഹബ്, മുഹമ്മദ് ബിൻ മസ്‌ലമയുടെ കൈകളാൽ വധിക്കപ്പെട്ടപ്പോൾ അയാളുടെ സഹോദരൻ യാസർ യുദ്ധമൈതാനത്തു വന്നുകൊണ്ട് 'എന്നോടേറ്റുമുട്ടാൻ ആരുണ്ട്' എന്നു ചോദിച്ച് മുദ്രാവാക്യമുയർത്തി. ഹദ്റത്ത് സുബയ്ർ(റ) അയാളോടേറ്റുമുട്ടാനായി മുന്നോട്ട് നീങ്ങി. ഹദ്റത്ത് സ്വഫിയ നബി(സ) തിരുമേനിയോട് പറഞ്ഞു: 'യാ റസൂലല്ലാഹ്! ഇന്നെന്റെ മകന് ശഹാദത്തിന് ഭാഗ്യമുണ്ടാകുമെന്നാണ് തോന്നുന്നത്.' നബി(സ)തിരുമേനി പറഞ്ഞു: 'ഇല്ല, മറിച്ച് നിങ്ങളുടെ മകൻ അയാളെ വധിക്കുന്നതാണ്.' ഹദ്റത്ത് സുബയ്ർ(റ) യാസിറിനെ നേരിടുകയും സുബയ്റിന്റെ കൈയാൽ അയാൾ വധിക്കപ്പെടുകയും ചെയ്തു. (സീറത്തുന്നബവിയ്യ ലി ഇബ്നി ഹിശാം, വാള്യം 2, പേജ് 334, മഖ്തൽ യാസിർ അഖീ മർഹബ് ശിർക്കത്തു മക്തബ വ മത്ബഅ സ്വത്ഫീ ബിമിസ്ർ 1955)

മക്കയിലെ സത്യനിഷേധികൾക്കു കൊടുക്കുന്നതിനുവേണ്ടി ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്തഅയുടെ എഴുത്തുമായി പോകുകയായിരുന്ന സ്ത്രീയെക്കുറിച്ചറിയാൻ നബി(സ)തിരുമേനി അയച്ച മൂന്നു പേരിൽ ഹദ്റത്ത് സുബയ്റും ഉൾപ്പെട്ടിരുന്നു. അത് മുമ്പേ പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണ് എങ്കിലും ഇവിടേയും കുറച്ചു പറയുകയാണ്:

ഹദ്റത്ത് അലി(റ)നിവേദനം. നബി(സ)തിരുമേനി എന്നെ, ഹദ്റത്ത് സുബയ്ർ(റ)നേയും ഹദ്റത്ത് മിഖ്ദാദി(റ)നേയും ഒരു സ്ഥലത്ത് അയച്ചുകൊണ്ടു പറഞ്ഞു:'നിങ്ങൾ 'റൂളഃഖാഖി' ലെത്തുമ്പോൾ അവിടെ ഒരു സ്ത്രീയെ കാണുന്നതായിരിക്കും. അവളുടെ കൈയിൽ ഒരു കത്തുണ്ട്. അതുവാങ്ങി തിരിച്ചുവരിക.' അങ്ങനെ ഞങ്ങൾ പുറപ്പെട്ടു. റൂളഃഖാഖിലെത്തി. ഇത് മക്കയുടേയും മദീനയുടേയുമിടയിലുള്ള ഒരു സ്ഥലമാണ്. അവിടെ ഞങ്ങൾ ഒരു സ്ത്രീയെ കണ്ടു. നിന്റെ കൈയിലുള്ള കത്തെടുത്ത് തരാൻ ഞാൻ അവളോടു പറഞ്ഞു. കത്തൊന്നും തന്റെ കൈയിലില്ലെന്ന് അവൾ ഞങ്ങളോടു പറഞ്ഞു. ഒന്നുകിൽ നീ കത്തെടുത്തു തരിക, ഇല്ലെങ്കിൽ ബലാൽക്കാരമായി നിന്നിൽനിന്ന് കത്തെടുക്കുന്നതായിരിക്കുമെന്ന് ഞങ്ങൾ അവളോടു പറഞ്ഞു. അവൾ നിർബന്ധിതയായി മുടിക്കെട്ടിൽ ഒളിപ്പിച്ചുവെച്ചിരുന്ന കത്തെടുത്ത് ഞങ്ങൾക്കു തന്നു. ഞങ്ങൾ ആ കത്തുമായി നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. ആ കത്ത് തുറന്നുനോക്കിയപ്പോൾ അത് മക്കയിലെ മുശ്‌രിക്കീങ്ങൾക്ക് ഹാത്വിബ് ബിൻ അബീ ബൽത്തഅ എഴുതിയതാണെന്ന് മനസിലായി. നബി(സ)തിരുമേനി എടുത്ത ഒരു തീരുമാനത്തെ കുറിച്ച് അതിൽ വിവരം നല്കുകയായിരുന്നു. നബി(സ) തിരുമേനി അദ്ദേഹത്തോടു ചോദിച്ചു, ഹാത്വിബേ! ഇതെന്താണ്? താങ്കൾ ഇതെന്താണ് ചെയ്തത്? അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്! എന്റെ കാര്യത്തിൽ ധിറുതി കാണിക്കാതിരുന്നാലും. ഞാൻ ഖുറയ്ശികളുമായി ബന്ധം വെക്കുന്നവനല്ല. എന്നാൽ, അവരിൽപെട്ടുപോയി. അവർക്ക് ഒരു ഔദാര്യം ചെയ്യാമെന്ന് ഞാൻ ആഗ്രഹിച്ചുപോയി. ഞാൻ ഈ ജോലി കാഫിറായിക്കൊണ്ടോ മുർത്തദ്ദായിക്കൊണ്ടോ ഇസ്‌ലാമിനുശേഷം കുഫ്റിനെ ഇഷ്ടപ്പെട്ടുകൊണ്ടോ ചെയ്തതല്ല. അവർക്ക് ഒരു ഔദാര്യം ചെയ്യാനാഗ്രഹിച്ചുവെന്ന് മാത്രം! അക്കാരണത്താലാണ് ഞാനിത് ചെയ്തത്.' നബി(സ)തിരുമേനി അദ്ദേഹത്തിന്റെ സംസാരം കേട്ടുകൊണ്ട് പറഞ്ഞു: 'താങ്കൾ സത്യമാണ് പറഞ്ഞത്.' ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്തഅയെ കുറിച്ച് പറഞ്ഞു: 'നിങ്ങളോടു അദ്ദേഹം സത്യമാണ് വിവരിച്ചത്.' ഹദ്റത്ത് ഉമർ(റ)ദ്വേഷത്തിലായിരുന്നു. ദ്വേഷത്തിന്നടിപ്പെട്ട് നബി(സ)തിരുമേനിയോടു പറഞ്ഞു: ഈ കപടവിശ്വാസിയുടെ തലകൊയ്യാൻ അങ്ങ് അനുവദിച്ചാലും. നബി(സ)തിരുമേനി പറഞ്ഞു: ഇദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു കഴിഞ്ഞയാളാണ്. അല്ലാഹു ആകാശത്തുനിന്ന് ബദ്റുകാരെ എത്തിനോക്കിയിട്ടുണ്ടോ എന്ന് താങ്കൾക്കെന്തറിയാം. എന്നിട്ടു പറഞ്ഞു: 'നിങ്ങളെന്താണോ ചെയ്തുകൊണ്ടിരുന്നത് ഞാൻ നിങ്ങൾക്ക് മാപ്പു ചെയ്തു കഴിഞ്ഞിരിക്കുന്നു.' (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 1, പേജ് 251, മുസ്നദ് അലിയ്യു ബിൻ അബീത്വാലിബ്, ഹദീഥ് 600, ആലമുൽകുതുബ്, ബെയ്റൂത്ത് 1998)(ഫർഹങ്കെ സീറത്ത്, സയ്യിദ് ഫള്‌ലുർറഹ്മാൻ, പേജ് 136)

നബി(സ)തിരുമേനി മക്ക വിജയിച്ചപ്പോൾ ഹദ്റത്ത് സുബയ്ർ ബിൻ അവ്വാം സൈന്യത്തിന്റെ ഇടതുഭാഗത്തും ഹദ്റത്ത് മിഖ്ദാദ് ബിൻ അസ്‌വദ്(റ) സൈന്യത്തിന്റെ വലതുഭാഗത്തും നിശ്ചയിക്കപ്പെട്ടിരുന്നു. നബി(സ)തിരുമേനി മക്കയിൽ പ്രവേശിച്ചപ്പോൾ ജനങ്ങൾക്ക് സമാധാനമായി. അപ്പോൾ അവരിരുവരും അതായത് ഹദ്റത്ത് സുബയ്റും മിഖ്ദാദും തങ്ങളുടെ കുതിരപ്പുറത്തു വന്നു. അപ്പോൾ നബി(സ)തിരുമേനി എഴുന്നേറ്റുനിന്ന് അവരുടെ മുഖത്തുനിന്ന് തന്റെ പുതപ്പുകൊണ്ട് പൊടി തട്ടിക്കളഞ്ഞു. എന്നിട്ട് പറഞ്ഞു: ഞാൻ കുതിരകൾക്ക് രണ്ടു ഭാഗവും യാത്ര ചെയ്യുന്നവർക്ക് ഒരുഭാഗവും നിശ്ചയിച്ചിരിക്കുന്നു. ആരാണോ ഇവരിരുവർക്കും കുറച്ചു കൊടുക്കുന്നത് അല്ലാഹു അവരുടേത് കുറയ്ക്കുമാറാകട്ടെ.'(അത്ത്വബഖാത്തുൽ കുബ്റാ വാള്യം 3, പേജ് 77, സുബയ്ർ ബിൻ അൽഅവ്വാം(റ) പ്രസാധകർ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1990)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) ഹദ്റത്ത് സുബയ്റിന്റെ സംഭവം വിവരിച്ചുകൊണ്ട് ഇപ്രകാരം പറയുന്നു: മക്കാവിജയ സമയത്ത് നബി(സ)തിരുമേനി ഹുബൽ എന്നു പേരായ വിഗ്രഹത്തിനുമേൽ വടികൊണ്ട് അടിച്ചപ്പോൾ അത് തൽസ്ഥാനത്തുനിന്ന് തെന്നി വീണ് ഉടഞ്ഞുപോയി. അപ്പോൾ ഹദ്റത്ത് സുബയ്ർ പുഞ്ചിരിച്ചുകൊണ്ട് അബൂസുഫിയാനെ നോക്കിക്കൊണ്ടു പറഞ്ഞു: 'അബൂസുഫിയാൻ താങ്കൾക്കോർമയുണ്ടോ ഉഹുദിന്റെ ദിവസം മുസ്‌ലിമീങ്ങൾ മാരകമായി പരിക്കേറ്റ് ഒരു വശത്തേക്കു മാറിനിൽക്കുകയായിരുന്നപ്പോൾ നിങ്ങൾ ഗർവ്വ് കാണിച്ചുകൊണ്ട് ഉഅ്‌ലു ഹുബൽ, ഉഅ്‌ലു ഹുബൽ (ഉഅ്‌ൽ ബിംബത്തിന് ജയ്) എന്ന് വിളിച്ചുപറയുന്നുണ്ടായിരുന്നു. അബൂസുഫിയാൻ പറഞ്ഞു: 'സുബയ്ർ, അക്കാര്യങ്ങളെല്ലാം ഇപ്പോൾ വിട്ടുകളയുക. ഇന്ന് നമുക്ക് നല്ലപോലെ അറിയാം, നബി(സ)തിരുമേനിയുടെ ദൈവമല്ലാതെ മറ്റേതെങ്കിലും ദൈവമുണ്ടായിരുന്നെങ്കിൽ ഇന്നു ഞങ്ങൾ കാണുന്ന സംഭവം ഒരിക്കലും ഉണ്ടാകുമായിരുന്നില്ല. നബി(സ) തിരുമേനിയുടെ ദൈവമാണ് യഥാർഥ ദൈവം.'(ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽ ഉലൂം വാള്യം 20, പേജ് 346–347)

ഹുനയ്ൻ യുദ്ധ ദിവസം ഹവാസൻ ഗോത്രത്തിന്റെ അപ്രതീക്ഷിതമായ അമ്പെയ്ത്തുകൊണ്ടും ഇന്ന് ഇസ്‌ലാമിക സൈന്യത്തിൽ 2000 മുസ്‌ലിമീങ്ങൾ പങ്കെടുത്തിരുന്നതുകൊണ്ടും നബി(സ)തിരുമേനി യുദ്ധമൈതാനത്ത് തനിച്ചായിപ്പോയ സമയമുണ്ടായി. ഹദ്റത്ത് അബ്ബാസ്(റ), നബി(സ)തിരുമേനിയുടെ കോവർക്കഴുതയുടെ കടിഞ്ഞാൺ പിടിച്ചിരിക്കുകയായിരുന്നു. കാഫിർനേതാവായ മാലിക് ബിൻ ഔഫ് ഒരു മലയിടുക്കിൽ അശ്വഭടന്മാരോടൊപ്പം നില്ക്കുകയായിരുന്നു. കുറച്ചു അശ്വഭടന്മാർ പ്രത്യക്ഷപ്പെട്ടിരിക്കുന്നതായി അയാൾ കണ്ടു. ഇവർ ആരാണെന്ന് മാലിക് ബിൻ ഔഫ് ചോദിച്ചു. ഇതെന്താണ് കാണുന്നത്? അയാളുടെ കൂട്ടുകാർ പറഞ്ഞു: കുറച്ചാളുകളാണ്. അവർ തങ്ങളുടെ കുന്തങ്ങൾ കുതിരകളുടെ ചെവികൾക്കിടയിൽ വെച്ചിരിക്കുന്നു. അത് ബനൂ സുലയ്മാണെന്ന് അയാൾ പറഞ്ഞു. അവരിൽനിന്ന് നിങ്ങൾക്ക് ഭീഷണിയൊന്നുമില്ല. അങ്ങനെ അവർ വരികയും താഴ്‌വരയിലേക്ക് പോകുകയും ചെയ്തു. പിന്നീട് മറ്റൊരു സൈന്യവ്യൂഹം വെളിപ്പെട്ടു. എന്താണ് കാണുന്നതെന്ന് മാലിക് ചോദിച്ചു. അയാൾ പറഞ്ഞു, കുറച്ചാളുകളാണ്. കുന്തങ്ങൾ കൈകളിലുണ്ട്. അയാൾ പറഞ്ഞു, ഇത് ഔസും ഖസ്റജുമാണ്. അയാൾ പറഞ്ഞു, ഇവരിൽനിന്നും നിങ്ങൾക്ക് ഭീഷണിയൊന്നുമില്ല. അവരും മലയിടുക്കിലെത്തിയപ്പോൾ ബനൂസുലയ്മിനെപ്പോലെ താഴ്‌വരയിലേക്കു പോയി. പിന്നെ ഒരു സവാരിക്കാരനെ കണ്ടു. ഇതാരാണെന്ന് മാലിക് തന്റെ കൂട്ടുകാരോടു ചോദിച്ചു. അവർ പറഞ്ഞു, ഒരു അശ്വഭടനാണ്. പൊക്കമുള്ളയാളാണ്.ചുമലിൽ കുന്തമുണ്ട്. തലയിൽ ചെമന്ന തുണികെട്ടിയിട്ടുണ്ട്. അത് സുബയ്ർ ബിൻ അവ്വാമാണെന്ന് മാലിക് പറഞ്ഞു. 'ലാത്തി'നാണ് സത്യം! ഇയാൾ നിങ്ങളുമായി ഏറ്റുമുട്ടും. ഇവിടെ ചുവടുറപ്പിച്ചുകൊള്ളുക. ഹദ്റത്ത് സുബയ്ർ(റ)മലയിടുക്കിലെത്തിയപ്പോൾ സവാരിക്കാർ അദ്ദേഹത്തെ കണ്ടു. അപ്പോൾ സുബയ്ർ പാറപോലെ അവരുടെ മുമ്പിൽ ഉറച്ചുനിന്നു. കുന്തംകൊണ്ട് ഏതുരീതിയിലാക്രമിച്ചുവെന്നാൽ സത്യനിഷേധികളുടെ ആ നേതാക്കന്മാരിൽനിന്ന് ആ മലയിടുക്ക് കാലിയാക്കി.(രോശൻ സിത്താരെ, ഗുലാം ബാരി സയ്ഫ് സാഹിബ്, വാള്യം 2, പേജ് 52–53)(സീറത്തുന്നബവിയ്യ ലിഇബ്നിഹിശാം, വാള്യം 2, പേജ് 456, 1955)

ഉർവ തന്റെ പിതാവിൽനിന്ന് വിവരിക്കുന്നു: യർമൂക് യുദ്ധത്തിൽ നബി(സ)തിരുമേനിയുടെ സ്വഹാബത്ത് ഹദ്റത്ത് സുബയ്റിനോടു, 'ഞങ്ങളും അങ്ങയോടൊപ്പം യുദ്ധം ചെയ്യുന്നതിന് താങ്കൾ ആക്രമണം നടത്തുകയില്ലേ' എന്ന്

## തിരുനബിയുടെ തിരുമൊഴികൾ:

*"അഞ്ചു നമസ്കാരങ്ങൾ, ഒരു ജുമുഅക്കുശേഷം വരുന്ന ജുമുഅ വരെ വൻപാപങ്ങളിൽ അകപ്പെടാതിരുന്നാൽ അവക്കിടയിലുള്ള (ചെറിയ പാപങ്ങളെ)മായ്ച്ചു കളയും."(മുസ്‌ലിം, ഹദീഥ് 203)*

ത്വാലിബെ ദുആ:
**Rahman Shakeer & Family,**
**Ahmadiyya Jama-ath Karulai, Kerala**

## തിരുനബിയുടെ തിരുമൊഴികൾ:

*"ഒരു മനുഷ്യന് ശിർക്കിനോടും കുഫ്റിനോടുമുള്ള ബന്ധം നമസ്കാരം ഉപേക്ഷിക്കലാകുന്നു."*
*(മുസ്‌ലിം, ഹദീഥ് 204)*

ത്വാലിബെ ദുആ:
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

ചോദിച്ചു. ഹദ്റത്ത് സുബയ്ർ(റ)പറഞ്ഞു:ഞാൻ ആക്രമണം നടത്തിയാൽ നിങ്ങൾ പിന്നിലായിപ്പോകും. അവർ പറഞ്ഞു: ഞങ്ങൾ പിന്നിലാകുകയില്ല. അങ്ങനെ ഹദ്റത്ത് സുബയ്ർ സത്യനിഷേധികളുടെമേൽ ശക്തമായ ആക്രമണം നടത്തി. അവരുടെ അണികളെ ഭേദിച്ചുകൊണ്ട് മുന്നോട്ടുപോയി. അദ്ദേഹത്തിന്റെ കൂടെ ആരേയും കണ്ടില്ല. പിന്തിരിഞ്ഞു നോക്കിയപ്പോൾ അദ്ദേത്തിന്റെ കൂടെ ആരുമുണ്ടായിരുന്നില്ല. പിന്നീട് അദ്ദേഹം മടങ്ങിയപ്പോൾ കുഫ്ഫാർ അദ്ദേഹത്തിന്റെ കുതിരയുടെ കടിഞ്ഞാൺ പിടിച്ചു. അദ്ദേഹത്തിന്റെ ചുമലിൽ രണ്ടു മുറിവേല്പിച്ചു. അതിൽ ബദ്ർ യുദ്ധത്തിലേറ്റ ആ വലിയ മുറിവുമുണ്ടായിരുന്നു. ഉർവ പറയുന്നു, ഞാനെന്റെ വിരലുകൾ ആ മുറിവുകളിലിട്ട് കളിക്കാറുണ്ടായിരുന്നു. ഞാൻ അന്ന് കുട്ടിയായിരുന്നു. ഉർവ പറയുന്നു, ആ ദിനങ്ങളിൽ യർമൂക്കിലെ യുദ്ധത്തിൽ ഹദ്റത്ത് സുബയ്റിനോടൊപ്പം ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സുബയ്റുമുണ്ടായിരുന്നു. അപ്പോൾ അദ്ദേഹത്തിന് പത്തു വയസ്സായിരുന്നു. ഹദ്റത്ത് സുബയ്ർ അദ്ദേഹത്തെ കുതിരപ്പുറത്തേറ്റി കൊണ്ടുപോയി. ഒരാളെ അദ്ദേഹത്തിന്റെ സംരക്ഷണത്തിന് നിയമിച്ചിരുന്നു. (സ്വഹീഹുൽ ബുഖാരി, കിതാബുൽമഗാസി ബാബു ഖത്തൽ അബീ ജഹ്ൽ ഹദീഥ് 3975)

സിറിയദേശം വിജയിച്ച ശേഷം ഹദ്റത്ത് അംറ് ബിൻ ആസിന്റെ നേതൃത്വത്തിൽ ഈജിപ്തിനുമേൽ ആക്രമണമുണ്ടായി. ഈജിപ്റ്റിന്റെ വിജയിയായ ഹദ്റത്ത് അംറ് ബിൻ ആസ്(റ) അലക്സാണ്ടറിയായുടെമേൽ ആക്രമണം നടത്താൻ തീരുമാനിച്ചു. അലക്സാണ്ടറിയായുടെ തെക്കുഭാഗത്ത് നൈൽനദിയുടെ തീരത്ത് പാളയം അടിച്ചു. അതുകൊണ്ട് അതിനെ 'ഫുസ്ത്വാത്' എന്നു പറയുന്നു. ഈ സ്ഥലം പിന്നീട് നഗരമായി തീർന്നു. ഈ നഗരത്തിന്റെ പുതിയ ഭാഗമാണ് ഇന്ന് 'ഖാഹിറ' എന്ന് പറയപ്പെടുന്നത്. മുസ്‌ലിമീങ്ങൾ 'ഫുസ്ത്വാത്' നഗരം ഉപരോധിച്ചപ്പോൾ, കോട്ടയുടെ ബലവും സൈന്യത്തിന്റെ അപര്യാപ്തതയും കണ്ട് ഹദ്റത്ത് അംറ് ബിൻ ആസ് (റ), ഹദ്റത്ത് ഉമർ(റ)ന്റെയടുക്കൽ സഹായസേനയെ അയക്കുവാൻ അഭ്യർഥിച്ചു. ഹദ്റത്ത് ഉമർ(റ)പതിനായിരം സൈനികരെയും നാല് ഓഫീസർമാരെയും അയച്ചുകൊണ്ട് 'അതിലെ ഓരോ ഓഫീസറും ആയിരമാളുകൾക്ക് തുല്യമാണ്'എന്ന് പറഞ്ഞു. അവരിൽ ഒരാൾ ഹദ്റത്ത് സുബയ്ർ(റ) ആയിരുന്നു. ഇവർ എത്തിയപ്പോൾ ഹദ്റത്ത് അംറ് ബിൻ ആസ്(റ) ഉപരോധത്തിനു വേണ്ട സംവിധാനമൊരുക്കുന്ന ചുമതല അവരെ ഏല്പിച്ചു. അവർ കുതിരകളുടെമേൽ സഞ്ചരിച്ച് കോട്ടയ്ക്കു ചുറ്റും വലം വെച്ചു. സൈന്യത്തെ ക്രമപ്പെടുത്തി. വാഹനത്തിലുള്ളവരേയും കാലാൾപടയേയും വിവിധ സ്ഥലങ്ങളിൽ നിശ്ചയിച്ചു. തെറ്റുവില്ലുകൊണ്ട് കോട്ടയ്ക്കുനേരെ കൽവിക്ഷേപം നടത്താൻ തുടങ്ങി. ഏഴു മാസംവരെ ഉപരോധം തുടർന്നു. വിജയപരാജയമൊന്നും തീരുമാനിക്കപ്പെട്ടില്ല. ഒരു ദിവസം ഹദ്റത്ത് സുബയ്ർ(റ) പറഞ്ഞു: ഇന്നു ഞാൻ മുസ്‌ലിമീങ്ങൾക്കുവേണ്ടി ബലിയാകുകയാണ്. ഇതു പറഞ്ഞുകൊണ്ട് വാളെടുത്തു. കോണിവച്ച് ചുറ്റുമതിലിൽ കയറി. മറ്റു ചില സ്വഹാബികളും അദ്ദേഹത്തോടൊപ്പം ചേർന്നു. ചുറ്റുമതിലിനു മുകളിൽ കയറിയതിനു ശേഷം എല്ലാവരും ഒന്നിച്ച് തക്ബീർ വിളി മുഴക്കി. കോട്ട നടുങ്ങി. മുസ്‌ലിമീങ്ങൾ കോട്ടയ്ക്കുള്ളിൽ പ്രവേശിച്ചിരിക്കുന്നുവെന്ന് ക്രിസ്ത്യാനികൾ മനസ്സിലാക്കി. അവർ സ്വബോധം മറന്ന് ഓടാൻ തുടങ്ങി. ഹദ്റത്ത് സുബയ്ർ കോട്ടമതിലിൽനിന്നിറങ്ങി കോട്ടയുടെ കവാടം തുറക്കുകയും മുഴുവൻ സൈന്യവും അകത്തു പ്രവേശിക്കുകയും ചെയ്തു.(രോശൻസിത്താരെ ഗുലാം ബാരി സയ്ഫ് സാഹിബ്, വാള്യം 2, പേജ് 54–55)(മുഅ്ജമുൽ ബുൽദാൻ, പേജ് 259, പ്രസാധകർ അൽഫയ്സൽ ഉർദു ബാസാർ ലാഹോർ 2013)

ഹദ്റത്ത് ഉമറിന്റെ വഫാത്ത് നേരത്ത് ഖിലാഫത്ത് കമ്മിറ്റി അംഗങ്ങളുടെ പേരുനിർദേശവും വഫാത്തിനുശേഷം ഖിലാഫത്ത് തിരഞ്ഞെടുപ്പിന്റെ സംഭവവും ബുഖാരിയിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഇങ്ങനെയാണ്: ഹദ്റത്ത് ഉമറിന്റെ മരണസമയം അടുത്തുവന്നപ്പോൾ ആളുകൾ പറഞ്ഞു: അമീറുൽ മുഅ്മിനീൻ! വസിയ്യത്തു ചെയ്താലും. ആരെയെങ്കിലും ഖലീഫയായി നിശ്ചയിച്ചാലും. അദ്ദേഹം പറഞ്ഞു, ഞാൻ ഖിലാഫത്തിന്റെ അവകാശികളായി ആ കുറച്ചു ആളുകളെയല്ലാതെ മറ്റാരേയും കാണുന്നില്ല. അവരിൽ സംതൃപ്തനായിക്കൊണ്ടാണ് നബി(സ)തിരുമേനി വഫാത്തായത്. അദ്ദേഹം ഹദ്റത്ത് അലി(റ), ഹദ്റത്ത് ഉഥ്മാൻ(റ), ഹദ്റത്ത് സുബയ്ർ(റ), ഹദ്റത്ത് ത്വൽഹ(റ), ഹദ്റത്ത് സഅ്ദ്(റ), ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), എന്നിവരുടെ പേരെടുത്തു പറഞ്ഞു. അബ്ദുല്ലാഹ് ബിൻ ഉമർ നിങ്ങളുടെ കൂട്ടത്തിലുണ്ടാകുമെന്നും ഖിലാഫത്തിൽ അവകാശം ഉണ്ടായിരിക്കുകയില്ലെന്നും അദ്ദേഹം പറഞ്ഞു. പിന്നീട് പറഞ്ഞു, ഖിലാഫത്ത് സഅ്ദിന് കിട്ടിയാൽ അദ്ദേഹം തന്നെയായിരിക്കും ഖലീഫ. വേറേയാരെങ്കിലും ഖലീഫയാകുകയാണെങ്കിൽ സഅ്ദിൽനിന്ന് അവർ സഹായം എടുത്തുകൊണ്ടിരിക്കണം. കാരണം എന്തെങ്കിലും ജോലി ചെയ്യാൻ പറ്റാത്ത ആളായതുകൊണ്ടല്ല ഞാൻ അദ്ദേഹത്തെ ഒഴിവാക്കിയത്; എന്തെങ്കിലും വഞ്ചന ചെയ്തതുകൊണ്ടുമല്ല. തുടർന്നു പറഞ്ഞു, എനിക്കുശേഷം വരുന്ന ഖലീഫയോടു ആദ്യം മുഹാജിരീകളെ കുറിച്ച് ഞാൻ വസിയ്യത്ത് ചെയ്യുകയാണ്. അദ്ദേഹം അവരുടെ അവകാശങ്ങൾ തിരിച്ചറിയുകയും അവരെ ആദരിക്കുകയും ചെയ്യുക. ഞാൻ അൻസ്വാറിനോടും നല്ല രീതിയിൽ പെരുമാറണമെന്ന് വസിയ്യത്തു ചെയ്യുന്നു. അവർ മുഹാജിരീങ്ങളെക്കാൾ മുമ്പേ തങ്ങളുടെ വീടുകളിൽ വിശ്വാസത്തിന് ഇടം നല്കി. അവരിൽ നന്മ ചെയ്യുന്നവരെ സ്വീകരിക്കുക. അവരിലെ കുറ്റക്കാരോടു വിട്ടുവീഴ്ച ചെയ്യുക. എല്ലാ നഗരവാസികളോടും ഉത്തമമായ നിലയിൽ പെരുമാറണമെന്ന് ഞാൻ അദ്ദേഹത്തോടു വസിയ്യത്തു ചെയ്യുന്നു. കാരണം അവർ ഇസ്‌ലാമിന്റെ സംരക്ഷകരും കരം പിരിക്കുന്നവരും ശത്രുവിന് ദുഃഖത്തിന് നിമിത്തവുമാണ്. അവരുടെ തൃപ്തിയോടെ അവരുടെ ആവശ്യം കഴിച്ചുള്ളത് അവരിൽനിന്ന് വാങ്ങുക. ബദ്‌വി അറബികളോടും നല്ല രീതിയിൽ പെരുമാറണമെന്നും ഞാൻ അദ്ദേഹത്തോടു വസിയ്യത്ത് ചെയ്യുകയാണ്. കാരണം അവർ അറബികളുടെ വേരും ഇസ്‌ലാമിന്റെ ഘടകവുമാണ്. അവർക്ക് പ്രയോജനപ്പെടാത്ത മുതലുകൾ അവരിൽനിന്ന് വാങ്ങുകയും അവരിലെ ദരിദ്രർക്ക് കൊടുക്കുകയും ചെയ്യുക. ഞാൻ അദ്ദേഹത്തെ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും ചുമതല ഏൽപിക്കുന്നു. ആരിൽനിന്നാണോ പ്രതിജ്ഞ എടുത്തിട്ടുള്ളത് അവരുടെ പ്രതിജ്ഞ അവർക്ക് പൂർത്തിയാക്കിക്കൊടുക്കുക. അവരുടെ സംരക്ഷണത്തിന് അവരിൽനിന്ന് പ്രതിരോധം തീർക്കുക. അവരുടെ കഴിവ് എത്രയാണോ അതനുസരിച്ച് അവരിൽനിന്നും വാങ്ങുക.

പറയുന്നു: ഹദ്റത്ത് ഉമർ(റ) വഫാത്താകുകയും അദ്ദേഹത്തിന്റെ ഖബ്റടക്കം കഴിയുകയും ചെയ്തപ്പോൾ ഉമർ നിർദേശിച്ചിരുന്ന ആറുപേർ ഒരുമിച്ചുകൂടി. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ) പറഞ്ഞു: നിങ്ങളുടെ കാര്യം നിങ്ങളിൽനിന്നുള്ള മൂന്നുപേരെ ഏല്പിക്കുക. ഹദ്റത്ത് സുബയ്ർ(റ) പറഞ്ഞു: ഞാനെന്റെ അധികാരം ഹദ്റത്ത് അലിക്ക് നല്കിയിരിക്കുന്നു. ഹദ്റത്ത് ത്വൽഹ(റ) പറഞ്ഞു: ഞാനെന്റെ അധികാരം ഹദ്റത്ത് ഉഥ്മാന് നല്കിയിരിക്കുന്നു. ഹദ്റത്ത് സഅ്ദ്(റ) പറഞ്ഞു: ഞാനെന്റെ അധികാരം ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫിന് നല്കിയിരിക്കുന്നു. ഹദ്റത്ത് അബ്ദുർറഹ്മാൻ(റ) ഹദ്റത്ത് അലിയോടും ഹദ്റത്ത് ഉഥ്മാനോടും പറഞ്ഞു, നിങ്ങളിൽ ആരാണോ ഇക്കാര്യത്തിൽനിന്ന് പിൻമാറുന്നത് അദ്ദേഹത്തിന് നാം ഇക്കാര്യം ഏല്പിച്ചുകൊടുക്കുന്നതാണ്. അല്ലാഹുവും ഇസ്‌ലാമും അയാളുടെ മേൽനോട്ടക്കാരനായിരിക്കും. അവൻ തന്റെ പക്കൽ ശ്രേഷ്ഠനായ വ്യക്തിയെ നിർണയിക്കുന്നതായിരിക്കും, ഇതുകേട്ട് അവരിരുവരും മൗനം പാലിച്ചു. ഹദ്റത്ത് അബ്ദുർറഹ്മാൻ പറഞ്ഞു: നിങ്ങൾ ഇക്കാര്യം എന്നെ ഏല്പിക്കുന്നുണ്ടോ? അല്ലാഹു എന്റെ മേൽനോട്ടക്കാരനാണ്. അവൻ നിങ്ങളിൽ ശ്രേഷ്ഠനെ നിർണയിക്കുന്നതിൽ ഒരു കുറവു വരുത്തുകയില്ല. ശരിയെന്ന് അവർ ഇരുവരും പറഞ്ഞു. പിന്നീട് അബ്ദുർറഹ്മാൻ അവരിലൊരാളുടെ കൈപിടിച്ച് മാറിപ്പോയി. പറഞ്ഞു: നിങ്ങൾക്ക് നബി(സ)തിരുമേനിയുമായി കുടുംബബന്ധമുണ്ട്. ഇസ്‌ലാമിലും താങ്കൾക്കറിയാവുന്ന സ്ഥാനമുണ്ട്. അല്ലാഹു താങ്കളുടെ മേൽനോട്ടക്കാരനാണ്. താങ്കൾ പറയുക, ഞാൻ താങ്കളെ അമീറാക്കിയാൽ താങ്കൾ നിർബന്ധമായും നീതിപാലിക്കുമോ? ഞാൻ ഉഥ്മാനെ അമീറാക്കിയാൽ അദ്ദേഹം പറയുന്നത് താങ്കൾ കേൾക്കുമോ? അദ്ദേഹത്തിന്റെ കല്പന പാലിക്കുമോ? പിന്നീട് അദ്ദേഹം മറ്റെയാളെ മാറ്റിക്കൊണ്ടുപോയി. അദ്ദേഹത്തോടും അങ്ങനെതന്നെ ചോദിച്ചു. അദ്ദേഹം ഉറച്ച ഉടമ്പടി വാങ്ങിക്കഴിഞ്ഞപ്പോൾ ഹദ്റത്ത് അബ്ദുർറഹ്മാൻ ഹദ്റത്ത് ഉഥ്മാനോടു പറഞ്ഞു, താങ്കളുടെ കൈയുയർത്തുക, അദ്ദേഹത്തിന് ബയ്അത്ത് ചെയ്തു. ഹദ്റത്ത് അലിയും അദ്ദേഹത്തിന് ബയ്അത്ത് ചെയ്തു. വീട്ടുകാർ ഉള്ളിൽവന്നു. അവരും ഹദ്റത്ത് ഉഥ്മാന് ബയ്അത്തു ചെയ്തു.(സ്വഹീഹുൽബുഖാരി, കിതാബുൽ ഫളാഇൽ അസ്ഹാബുന്നബി(സ) ഹദീഥ് മ3700)

എന്തായാലും ഈ വിശദീകരണം കുറച്ചുകാലം മുമ്പേയും നല്കിയിട്ടുള്ളതാണ്. ഇവിടേയും അത് ഉദ്ധരിച്ച് വിവരിച്ചിരിക്കുകയാണ്. ഹദ്റത്ത് സുബയ്റിന്റെ സ്മരണയാണ് നടന്നുകൊണ്ടിരിക്കുന്നത്. അതിന്റെ ബാക്കി ഇൻശാ അല്ലാഹ് തുടർന്ന് വിവരിക്കുന്നതായിരിക്കും.

ഈ നേരത്ത് കുറച്ചു ജനാസകൾ നമസ്കരിപ്പിക്കേണ്ടതുണ്ട്. ഞാൻ അവരെക്കുറിച്ച് പറയുന്നതായിരിക്കും. ആദ്യത്തെ ജനാസ പിശാവർ ജില്ലയിലെ സബ്ഗരി ഗാർഡൻ എന്ന സ്ഥലത്തെ മഹ്മൂദ് അഹ്മദ് സാഹിബിന്റെ മകൻ മിഅ്റാജ് അഹ്മദ് സാഹിബിന്റേതാണ്. അദ്ദേഹത്തെ അഹ്മദിയ്യത്തിന്റെ ശത്രുക്കൾ ആഗസ്ത് 12ന് രാത്രി 9 മണിക്ക് അദ്ദേഹത്തിന്റെ മെഡിക്കൽ സ്റ്റോറിനടുത്ത് വെടിവെച്ചു ശഹീദാക്കി. *ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.*

വിശദീകരണം ഇങ്ങനെയാണ്. പരേതൻ തന്റെ മെഡിക്കൽ സ്റ്റോറിലെ പണി തീർത്ത് രാത്രി 9 മണിക്ക് വീട്ടിലേക്ക് പുറപ്പെട്ടതാണ്. അജ്ഞാതരായ ആളുകൾ വെടിവെക്കുകയും സംഭവസ്ഥലത്തുനിന്ന് ഓടിമറയുകയും ചെയ്തു. പരേതനായ ശഹീദിന് നാല് വെടിയുണ്ടകളേറ്റു. അതുമുഖേന സംഭവസ്ഥലത്തുതന്നെ

വഫാത്തായി. ശഹാദത്തിന്റെ നേരത്ത് അദ്ദേഹത്തിന് 61 വയസ്സായിരുന്നു. പരേതന്റെ മകൻ അസീസം യാസിർ അഹ്മദ് സംഭവസ്ഥലത്തുനിന്ന് കുറച്ചു മിനിറ്റുകൾ മുമ്പേയാണ് സ്റ്റോറിൽനിന്ന് വീട്ടിലേക്ക് പുറപ്പെട്ടത്. പരേതന്റെ മൊബൈലിൽനിന്നുതന്നെ മകനെ സംഭവം അറിയിച്ചു. മകൻ തിരിച്ചു മെഡിക്കൽ സ്റ്റോറിലെത്തിയപ്പോൾ പരേതന്റെ മരണം സംഭവിച്ചിരുന്നു.

ശഹീദിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് നാട്ടപ്പെട്ടത് അദ്ദേഹത്തിന്റെ പിതാമഹൻ അഹ്മദ് ഗുൽ സാഹിബും അദ്ദേഹത്തിന്റെ സഹോദരൻ സ്വാഹിബ് ഗുൽ സ്വാഹിബും മുഖേന 1912ലായിരുന്നു. അദ്ദേഹം പുശ്തു ഭാഷയിലെ പ്രസിദ്ധ കവിയുമായിരുന്നു. ഈ കുടുംബത്തിന്റെ ബന്ധം ശെയ്ഖ് മുഹമ്മദീ പിശാവരിയുമായിട്ടായിരുന്നു. എങ്കിലും പിന്നീട് ഈ കുടുംബ ലാഹോറികളുമായി ബന്ധപ്പെട്ടിരുന്നു. പേഗാമി എന്നു നമ്മൾ പറയുന്ന ലാഹോരീ ജമാഅത്ത്. ഖിലാഫത്തിന് ബയ്അത്ത് ചെയ്തിരുന്നില്ല. മിഅറാജ് സാഹിബ് തന്റെ മൂന്ന് സഹോദരന്മാരോടൊപ്പം 1990–91ൽ ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ പ്രവേശിച്ചു. ഇതിനുശേഷം മുതൽ അദ്ദേഹത്തിനോടുള്ള എതിർപ്പിന്റെ പരമ്പര ശഹാദത്തുവരെ തുടർന്നു. അദ്ദേഹത്തിന്റെ അടുത്ത് ജോലി ചെയ്യുന്ന തൊഴിലാളികളും മതപരമായ ഭിന്നിപ്പുകൊണ്ടുമാത്രം അദ്ദേഹത്തിനോടൊപ്പം ജോലി ചെയ്യുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. സോഷ്യൽ മീഡിയായിലും കഴിഞ്ഞ കുറച്ചുനാളുകളായി കഠിനമായി മതവിദ്വേഷം തുടർന്നിരുന്നു. ത്വാഹിർ നസീമിന്റെ വധ സംഭവത്തിന്റെ ഫലമായി അത് കൂടുതലായി. ഈ പശ്ചാത്തലത്തിൽ പ്രദേശത്ത് ഈദിനു ശേഷം ഖാദിയാനികൾക്കെതിരെ ശക്തമായ പ്രചാരണമുണ്ടാകുമെന്ന് പ്രചരിപ്പിച്ചിരുന്നു; അവരെ പ്രദേശത്ത് ഇല്ലാതാക്കുന്നതായിരിക്കും. അടുത്ത ടാർഗറ്റ് ശഹീദ് മർഹൂം പാർത്തിരുന്ന പ്രദേശമായിരുന്നു.

ശഹീദ് വ്യക്തമായ പ്രത്യേകതകളുള്ള ആളായിരുന്നു. പതിവായി വീട്ടിൽ ജമാഅത്തായി നമസ്കരിക്കാനുള്ള സംവിധാനം ചെയ്തിരുന്നു. ഖിലാഫത്തിനോട് അതിരറ്റ വിശ്വാസമായിരുന്നു. എം.ടി.എയിൽ ഖുത്ബകൾ കേൾക്കാൻ പ്രത്യേകം ഏർപ്പാട് ചെയ്തിരുന്നു. ജമാഅത്തുപരമായ പരിപാടികളിൽ പങ്കെടുക്കുന്നതിനു പുറമെ അതിഥിസൽക്കാരം സൃഷ്ടികളോടുള്ള സഹതാപം, ദരിദ്രരെ സഹായിക്കൽ തുടങ്ങിയവയെല്ലാം സുവ്യക്തമായ സൽഗുണങ്ങളായിരുന്നു. നിർധനർക്ക് സൗജന്യമായി മരുന്ന് നല്കുമായിരുന്നു. കുടുംബത്തിലെ എല്ലാ അംഗങ്ങളോടും സഹതാപബന്ധമുണ്ടായിരുന്നു. സഹോദരന്മാരുടെ കുടുംബങ്ങളുമായി വലിയ സ്നേഹബന്ധമായിരുന്നു. സഹോദരന്മാരുമായുള്ള സ്നേഹം അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം കൂടിയിരുന്നു. അത്യുത്സാഹത്തോടെ ദഅ്വത്തെ ഇലല്ലാഹ് ചെയ്തിരുന്നു. തഹ്‌രീക്കെ ജദീദിന്റെ പുതുവർഷ വിളംബരത്തിന്റെ അവസരത്തിൽ ഭാരവാഹികൾ അടുത്ത വാഗ്ദാനമെടുക്കുന്നതിന് അദ്ദേഹത്തിന്റെയടുക്കൽ എത്തിയപ്പോൾ പോക്കറ്റിൽ കൈയിടുകയും എത്ര തുകയാണോ ഉള്ളത് അത് ചന്ദ നല്കുകയും ചെയ്യുമായിരുന്നു. ഈ വർഷവും അദ്ദേഹം അങ്ങനെതന്നെയാണ് ചെയ്തത്. ഉണ്ടായിരുന്ന തുക ചന്ദ നല്കി. അദ്ദേഹത്തിന്റെ മകൻ യാസിർ 2012–ൽ ആസ്ത്രേലിയായിലേക്ക് ഹിജ്റത്ത് ചെയ്തുപോയി. 2013–ൽ ശഹീദും തന്റെ മകന്റെ അടുത്തു ആസ്ത്രേലിയായിൽ പോയിരുന്നു. പക്ഷേ, പിന്നീട് 2014–ൽ തന്റെ മകനേയും കൂട്ടി തിരിച്ചു പാക്കിസ്താനിൽ വന്നു. തന്റെ ആഗ്രഹം തന്റെ പ്രദേശത്തും നാട്ടിലും താമസിച്ച് പാവപ്പെട്ടവരെ സേവിക്കണമെന്നതാണെന്ന് പറഞ്ഞു; 'ദേശത്തോടുള്ള സ്നേഹം പാക്കിസ്താനിൽ താമസിക്കാനാണ് എന്നെ നിർബന്ധിക്കുന്നത്.' ആസ്ത്രേലിയായിൽ ഞാൻ പര്യടനത്തിനു പോയപ്പോൾ എന്നെ കാണുകയും ചെയ്തിരുന്നു.

ദീർഘകാലമായി പിശാവർ ജമാഅത്തിന്റെ സെക്രട്ടറി ളിയാഫത്തായിരുന്നു. അഹ്മദി, ദേശത്തോടുള്ള സ്നേഹത്തിൽ എല്ലാ ത്യാഗങ്ങൾക്കും തയ്യാറാണ്. ദേശത്തിന്റെ നാമധാരി ജാമ്യക്കാരായ ഇക്കൂട്ടർക്ക് അഹ്മദിയുടെമേൽ ആരോപണം ഉന്നയിക്കുന്നതിനും അവർക്ക് നഷ്ടം വരുത്തുന്നതിനും പുറമെ ഒരു ജോലിയുമില്ല. പക്ഷേ, എന്തായാലും അഹ്മദികളുടെ പ്രകൃതിയിലുള്ളതനുസരിച്ച് അവർ പ്രവൃത്തിക്കുന്നതായിരിക്കും. സുദീർഘകാലമായി പിശാവർ ജമാഅത്തിന്റെ സെക്രട്ടറി ളിയാഫത്തായിരുന്നു. മരണംവരെ ഈ സ്ഥാനത്ത് സേവനം ചെയ്യാൻ അദ്ദേഹത്തിന് തൗഫീഖ് കിട്ടി. കഴിഞ്ഞവർഷം ഇഅത്തിക്കാഫും ഇരുന്നിരുന്നു. ഇദ്ദേഹത്തിന്റെ ഒരു സഹോദരൻ ഫാറൂഖ് അഹ്മദ് സാഹിബ് ട്രാഫിക് അപകടത്തിൽ ആദ്യം വഫാത്തായിരുന്നു. രണ്ടാമത്തെ സഹോദരന്റെ സ്റ്റോർ ഇദ്ദേഹത്തിന്റെ അടുത്തുതന്നെയായിരുന്നു. അദ്ദേഹത്തിനും ഭീഷണി കിട്ടിക്കൊണ്ടിരുന്നു. ശഹീദ് മർഹൂമിന്റെ സന്തപ്ത കുടുംബത്തിൽ ഭാര്യ റശീദ മിഅ്റാജ് സാഹിബയും മൂന്നു പുത്രന്മാരും യാസിർ 27 വയസ്സ്, മുസഫിർ അഹ്മദ് 25 വയസ്സ്, ജാദിബ് 14 വയസ് ഉണ്ട്. ഒരു മകൾ ആഇശയാണ്. അവർ എം.ബി.ബി.എസ് വിദ്യാർത്ഥിനിയാണ്. ജാദിബിനും തന്റെ സ്കൂളിൽ ഒരുപാട് എതിർപ്പുണ്ട്. അല്ലാഹു ഈ കുട്ടികളേയും ദ്രോഹികളുടെ ദ്രോഹങ്ങളിൽനിന്ന് സുരക്ഷിതമായി വെക്കുമാറാകട്ടെ.

ഈയിടെയായി പാക്കിസ്താനിൽ എതിർപ്പ് മൂർധന്യതയിലാണ്. എന്നല്ല അസംബ്ലി അംഗങ്ങൾപോലും ചെറിയ കാര്യങ്ങൾ നമ്മളെക്കുറിച്ച് പറഞ്ഞ് പൊതുജനങ്ങളുടെ വികാരങ്ങളെ പ്രകോപിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. തെറ്റായ നിലയിൽ അവരുടെ തെറ്റായ പ്രവർത്തനങ്ങൾ അഹ്മദികളുടേതെന്ന നിലയിൽ സഭയിൽ അവതരിപ്പിക്കുന്നു; അവരുമായി ജമാഅത്തിന് ഒരു ബന്ധവുമില്ല. ഇവർ അഹ്മദികളായിരുന്നുവെന്ന് പരസ്യപ്പെടുത്തുന്നു. വാസ്തവത്തിൽ ഈ പ്രവൃത്തികൾ ചെയ്യുന്നവർക്ക് ജമാഅത്തുമായി ഒരു ബന്ധവുമില്ല. ഇപ്രകാരം ഈയിടെയായി പ്രസിദ്ധിക്കുവേണ്ടി എല്ലാ നുഴഞ്ഞുകയറ്റക്കാരും യൂട്യൂബിൽ ജമാഅത്തിന്നെതിരിൽ തങ്ങളുടെ പ്രോഗ്രാമുകളുണ്ടാക്കി തെറ്റായ കാര്യങ്ങൾ ജമാഅത്തിന്റെ പേരിൽ പറഞ്ഞ് തങ്ങൾ വളരെ വലിയ പുണ്യം ചെയ്തിരിക്കുന്നുവെന്ന് മനസ്സിലാക്കുന്നു; യഥാർഥത്തിൽ അവർ സദുദ്ദേശ്യരല്ല. വെറും തങ്ങളുടെ പ്രസിദ്ധി ആഗ്രഹിക്കുകയാണ്. അല്ലാഹു ദ്രോഹികളുടെ ദ്രോഹങ്ങൾ അവരുടെമേൽതന്നെ മറിച്ചിടുമാറാകട്ടെ.

ഈ ദിനങ്ങളിൽ പ്രത്യേകമായ നിലയിൽ പാക്കിസ്താനിലെ ജമാഅത്തുകൾക്കും ലോകത്തുള്ളവർക്കും വേണ്ടി വളരെയധികം ദുആകൾ ചെയ്യേണ്ടതാണ്. *റബ്ബി കുല്ലു ശയ്ഇൻ ഖാദിമുക്ക റബ്ബി ഫഹ്ഫള്നീ വൻസുർനീ വർഹംനീ* ധാരാളമായി ചൊല്ലുക. *അല്ലാഹുമ്മ ഇന്നാ നജ്അലുക്ക ഫീ നുഹൂരിഹിം വ നഊദുബിക്ക മിൻ ശുറൂരിഹിം.* ധാരാളമായി ചൊല്ലുക. സ്വലാത്ത് ധാരാളമായി ചൊല്ലുക. അല്ലാഹു എല്ലാ അഹ്മദികളേയും ഈ ദ്രോഹികളുടെ ദ്രോഹങ്ങളിൽനിന്ന് സുരക്ഷിതമായിവെക്കുമാറാകട്ടെ. ഈ ശത്രുത വർധിക്കുന്നതനുസരിച്ച് നമ്മൾ കൂടുതൽ കൂടുതൽ അല്ലാഹുവിലേക്ക് കുനിയേണ്ടതാണ്.

ശഹീദിന്റെ മകൻ യാസിർ സാഹിബ് പറയുന്നു: എന്റെ പിതാവ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയായിരുന്നു. ചന്ദകളിൽ ആത്മാർഥതയോടെ പങ്കെടുത്തിരുന്നു. അതിനു പുറമെയും ജനങ്ങളെക്കുറിച്ച് ചിന്തിച്ചിരുന്നു. സാമ്പത്തിക സഹായം ചെയ്തിരുന്നു. എന്റെ പിതാവ് ധീരനും നിർഭയനുമായിരുന്നു. എതിർപ്പുണ്ടായിട്ടും എപ്പോഴും നിർഭയനായിരുന്നു. അല്ലാഹുവിൽ തവക്കുൽ ചെയ്തിരുന്നു. എപ്പോഴും പറയുമായിരുന്നത്, താൻ ഒരു എതിർപ്പും വകവെക്കുന്നില്ലെന്നായിരുന്നു; എന്റെ അല്ലാഹു എന്നോടൊപ്പമുണ്ട്. പറയുന്നു: അങ്ങേയറ്റം സാധാരണക്കാരനും വിനയനും ധർമിഷ്ഠനുമായിരുന്നു. തുറന്ന മനസ്സോടെ ആളുകളെ സഹായിച്ചിരുന്നു. വളരെ മുത്തഖിയായിരുന്നു. ദൈവസ്മരണയിൽ മുഴുകിയിരുന്നു. അല്ലാഹുവിനോടു ശക്തമായ ബന്ധമുണ്ടായിരുന്നു. അല്ലാഹുവിൽ സർവവും ഭരമേല്പിച്ചിട്ടുള്ള ആളായിരുന്നു. നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിക്കുകയും തഹജ്ജുദ് പതിവായി നമസ്കരിക്കുകയും ചെയ്തിരുന്നു. രാവിലേയും വൈകുന്നേരവും വിശുദ്ധഖുർആൻ ഓതാറുണ്ടായിരുന്നു. കുട്ടികളെ അതിന് ഉപദേശിക്കാറുണ്ടായിരുന്നു. ഇപ്രാവശ്യം റമളാനിൽ ഇഅ്തികാഫും ഇരുന്നിരുന്നു. താൻ ഈ ദുർനടപ്പുകാരും കപടവിശ്വാസികളുമായവരുടെ ദുർപര്യവസാനം സ്വപ്നത്തിൽ കണ്ടുവെന്ന് പറയുമായിരുന്നു. നമുക്കുവേണ്ടി അല്ലാഹു ഒരുപാട് സൂക്ഷിച്ചുവെച്ചിട്ടുണ്ടെന്ന് വളരെ സമാധാനത്തോടെ പറയുമായിരുന്നു.

അമീർ സാഹിബ് ആസ്ത്രേലിയായും പറഞ്ഞു. ഇതുപോലെ ആസ്ത്രേലിയായിൽ താമസിക്കുന്ന മറ്റാളുകളും എഴുതിയിട്ടുണ്ട്, കുറച്ചുകാലം ഇവിടെ ആസ്ത്രേലിയായിലുണ്ടായിരുന്നു. ജമാഅത്തിന്റെ വളരെ ആത്മാർപണം ചെയ്ത അംഗമായിരുന്നു. എന്തിനും സന്നദ്ധനായ പ്രവർത്തകനായിരുന്നു. സൽസ്വഭാവിയായിരുന്നു. സ്നേഹിക്കുന്നയാളായിരുന്നു. അതിഥിസൽക്കാരപ്രിയനായിരുന്നു. വിനയനായിരുന്നു. വളരെ നിർഭയനും ഉത്സാഹമുള്ള അഹ്മദിയായിരുന്നു. വളരെ കുറച്ചേ സംസാരിച്ചിരുന്നുള്ളൂ. മൃദുലമായ ഭാഷയായിരുന്നു. ഇദ്ദേഹം തിരിച്ചുപോകാൻ തീരുമാനിച്ചപ്പോൾ പാക്കിസ്താനിലെ അപകടകരമായ അവസ്ഥകൾ കാരണത്താൽ പോകുന്നത് തടഞ്ഞു. കുട്ടികളും തടഞ്ഞു. എന്നാൽ, അദ്ദേഹം പറഞ്ഞു ജമാഅത്തിന്റെ വഴിയിൽ ജീവൻ പോയാൽ അതിനേക്കാൾ വലിയ ഭാഗ്യം മറ്റെന്താണ്. ഇതൊരു ബഹുമതിയായിരിക്കും. പിന്നീട് തിരിച്ചുപോയി. അവിടെ മെൽബൺ സയീം അൻസ്വാറുല്ലാഹ് പറയുന്നു. ശഹാദത്തിന് രണ്ട് ദിവസം മുമ്പേ എനിക്ക് അദ്ദേഹത്തിന്റെ ഫോൺ വന്നു; എതിർപ്പ് വളരെ കൂടിയിരിക്കുന്നു; പക്ഷേ ഞാൻ ഭയക്കുന്നവനല്ല, എന്നു പറഞ്ഞു.

രണ്ടാമത്തെ ജനാസ മുഹമ്മദ് നാസ്വിർ അഹ്മദ് ഡോഗർസാഹിബ് അഹ്ദീപൂർ നാരോവാളിന്റെ മകൻ അസീസം അദീബ് അഹ്മദ് നാസ്വിർ മുറബ്ബിയെ സിൽസിലയുടേതാണ്. ആഗസ്ത് 9ന് 27–ാം വയസ്സിൽ ചെറിയ രോഗത്തിനുശേഷം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ജാമിയായിൽ ചേരുകയും ജൂലായ് 2017ൽ പഠനം പൂർത്തിയാക്കുകയും ചെയ്തു. കർമരംഗത്ത് വരികയും തദ്ദേശ ഇസ്‌ലാഹോ ഇർശാദിനു കീഴിൽ ജോലി ചെയ്യുക

യുമായിരുന്നു. അദ്ദേഹത്തിന്റെ വിവാഹബന്ധം ഉറപ്പിച്ചിരുന്നു. കല്യാണം നടക്കാൻ പോകുകയായിരുന്നു. അദ്ദേഹത്തിന് പനിയുണ്ടായി. അത് ടൈഫോയിഡായി. പിന്നീട് ടൈഫോയിഡ് വഷളായി. സന്നിപാതജ്വരമായി. അതിനിടയിൽ അദ്ദേഹം മുൻകരുതലും എടുത്തില്ല. തന്റെ ജോലിയും ചെയ്തുകൊണ്ടിരുന്നു. യാത്രയും ചെയ്തുകൊണ്ടിരുന്നു. എന്തായാലും രണ്ടു മൂന്ന് ദിവസത്തെ രോഗത്തിനുശേഷം ആ പനി കാരണത്താൽ അദ്ദേഹം വഫാത്തായി.

അദ്ദേഹത്തിന്റെ പിതാവ് നാസിർ ഡോഗർ സാഹിബ് പറയുന്നു. എന്റെ മകൻ വഖ്ഫെ സിന്ദഗി എന്ന നിലയിൽ മാതാപിതാക്കൾക്ക് അഭിമാനമായിരുന്നു. അങ്ങേയറ്റം സുകൃതവാനും സ്വാലിഹുമായ മകനായിരുന്നു. നോമ്പ് നമസ്കാരം കൃത്യമായി അനുഷ്ഠിച്ചിരുന്നു. ലളിതസ്വഭാവിയും അലിവുള്ളവനും മുഖത്ത് എപ്പോഴും മന്ദസ്മിതവും നിലനിന്നിരുന്നു. അദ്ദേഹത്തിന്റെ ഈ സ്വഭാവങ്ങൾ മറ്റു സുഹൃത്തുക്കളും എഴുതിയിട്ടുണ്ട്; അവർ മുറബ്ബിമാരോ അദ്ദേഹവുമായി ബന്ധമുള്ളവരോ ആണ്. എപ്പോഴും പുഞ്ചിരിക്കുന്നയാളായിരുന്നു. ജമാഅത്തിനോടുള്ള സ്നേഹത്തിന്റേയും സേവനത്തിന്റേയും വളരെയധികം വികാരം ഉൾക്കൊള്ളുന്നയാളായിരുന്നു. എല്ലാവർക്കും പ്രിയപ്പെട്ടവനായിരുന്നു. ചീനീ ജമാഅത്തിലായിരുന്നു ഈയിടെയായി സേവനം ചെയ്തിരുന്നത്. അവിടെ നിയമിതനാകുന്നതിനു മുമ്പേതന്നെ ബയ്ത്തുദിക്റും മുറബ്ബിഹൗസും പണിയുന്നതിന് വളരെ ആവേശത്തോടും വികാരത്തോടുംകൂടി പ്രവർത്തിച്ചു. തന്റെ മാസന്തോറുമുള്ള അലവൻസിൽനിന്ന് തുക ശേഖരിച്ച്, വാസ്തവത്തിൽ നിസാരമായ അലവൻസാണുള്ളത്. 30,000 രൂപ മസ്ജിദ് നിർമാണത്തിന് അയച്ചു. ജോലി ആരംഭിക്കാൻ ആവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്നു. ജോലി തുടങ്ങുക, അല്ലാഹു ബർക്കത്തിടുന്നതാണെന്ന് അദ്ദേഹത്തിന്റെ നാവിൽനിന്ന് എപ്പോഴും കേട്ടു.

അദ്ദേഹത്തിന്റെ മാതാവ് നാസിറ സാഹിബ പറയുന്നു. അദീബ് അഹ്മദിന്റെ ജനനം ഞങ്ങൾക്ക് സന്തോഷത്തിന്റെ ദിനമായിരുന്നു; ഞങ്ങൾ അവനെ അല്ലാഹുവിന്റെ വഴിയിൽ വഖ്ഫ് ചെയ്തിരുന്നു. നാല് പെൺമക്കൾക്കു ശേഷമാണ് അല്ലാഹു ആൺകുട്ടിയെ നല്കിയത്; അപ്പോൾ സന്തോഷത്തിന് അതിരുണ്ടായിരുന്നില്ല. ഇവൻ വലുതായി മുറബ്ബിയാകും എന്ന കാര്യത്തിലായിരുന്നു സന്തോഷം. രണ്ടാമത്തെ സന്തോഷ ദിവസം വന്നത് ഞങ്ങളെ ജാമിആയിൽ വിളിപ്പിച്ച് അവന് ശാഹിദ് ഡിഗ്രിയും സർട്ടിഫിക്കറ്റ് നല്കിയ അന്നായിരുന്നു. അങ്ങേയറ്റം സുകൃതവാനും അനുസരണശാലിയുമായ കുട്ടിയായിരുന്നു. ഫീൽഡിൽനിന്ന് എപ്പോഴും ഫോൺ ചെയ്ത് മരുന്നുകളെ പറ്റിയും മറ്റും ചോദിക്കുമായിരുന്നു. മാതാവിന്റെ ആരോഗ്യത്തെക്കുറിച്ച് ചോദിക്കുമായിരുന്നു. ആരോഗ്യം ശ്രദ്ധിക്കണമെന്ന് എപ്പോഴും പറയുമായിരുന്നു. ദൈവഭയമുള്ളവനായിരുന്നു. ഇത് കർഷക കുടുംബമാണ്. ഗോതമ്പിന്റെ സീസൺ വരുമ്പോൾ തന്റെ മാതാവിനോടു പറയും കൂടുതൽ ഗോതമ്പ് സൂക്ഷിക്കുക എന്ന്. കാരണം നിർധനരായ ആളുകളും വരും. സാധുക്കളെ സഹായിക്കുകയും വേണം. അവർക്ക് കൊടുക്കേണ്ടിയും വരും.

ചീനീ ജമാഅത്ത്– അത് അഹ്മദിപൂരിലെ ഒരു സ്ഥലമാണ്–അവിടെ മുറബ്ബിഹൗസ് ഒരു മുറിയായിരുന്നു. അവിടെ ആവശ്യത്തിനുള്ള സാധനസാമഗ്രികൾ ഇല്ലാതിരുന്നിട്ടും വളരെ ഉത്സാഹത്തോടെ ജോലി ചെയ്തു. ഫൈസ്വൽബാദ് ജില്ലയിലെ മുറബ്ബി ജാവേദ് ലങ്കാസാഹിബ് പറയുന്നു: പരേതൻ വഖ്ഫിന്റെ യഥാർഥമായ ആത്മാവ് മനസ്സിലാക്കി ജീവിക്കുന്നയാളായിരുന്നു. കഠിനാധ്വാനത്തോടെ ജോലി ചെയ്തു. ജമാഅത്തിന്റെ ഉന്നതമായ തർബിയ്യത്തിനോടൊപ്പം ഭാരവാഹികളോടും സഹകരിച്ചു. തർബിയ്യത്തുപരമായ കാര്യങ്ങൾ ഉദ്ധരിച്ച് പ്രത്യേകിച്ചും ഖലീഫമാരുടെ ക്ലിപ്പുകൾ ജമാഅത്തംഗങ്ങളെ കേൾപ്പിച്ചു. ആരിലെങ്കിലും കുറവ് കണ്ടാൽ അയാളുടെ മാന്യത വിചാരിച്ച് ഒറ്റയ്ക്ക് കൊണ്ടുപോയി മനസ്സിലാക്കിക്കൊടുത്തുപോന്നു. എല്ലാവർക്കും പ്രയോജനപ്പെടുമായിരുന്നു. ഖിലാഫത്തിനോടുള്ള സ്നേഹം, ജമാഅത്ത് വ്യവസ്ഥിതിയോടുള്ള അനുസരണം, ആരോടും ഇണങ്ങിയും സ്നേഹത്തിലും കഴിയുന്ന പെരുമാറ്റം, സൽസ്വഭാവം, വിനയം, എളിമ പരേതന്റെ വ്യക്തമായ സവിശേഷതകളായിരുന്നു. വലിയ ഒതുക്കമുള്ളയാളും ഏതവസ്ഥയിലും അല്ലാഹുവിന്റെ തൃപ്തിയിൽ തൃപ്തനായിരുന്ന വ്യക്തിയുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ മാതാപിതാക്കൾക്കും സമാധാനവും ക്ഷമയും പ്രദാനം ചെയ്യുമാറാകട്ടെ. ദുഃഖം സഹിക്കാനുള്ള തൗഫീഖും നല്കുമാറാകട്ടെ. സഹോദരിമാർക്കും സഹനം പ്രദാനം ചെയ്യുമാറാകട്ടെ. അല്ലാഹു പരേതനോടും മഗ്ഫിറത്തോടും കരുണയോടുംകൂടി പെരുമാറട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ.

അടുത്ത ജനാസ ശെയ്ഖ് മുഹമ്മദ് ഇഖ്ബാൽ സാഹിബിന്റെ മകൻ ഹമീദ് അഹ്മദ് ശെയ്ഖ് സാഹിബിന്റേതാണ്. ആഗസ്ത് 12ന് ഹൃദയാഘാതത്താൽ 85-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.*

അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് ശെയ്ഖ് നൂർ അഹ്മദ് സാഹിബിന്റെ പൗത്രനായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ശെയ്ഖ് മുഹമ്മദ് ഹുസയ്ൻ സാഹിബ് ചീനിയോട് ജമാഅത്തിന്റെ അമീർ എന്ന നിലയിൽ സേവനം അനുഷ്ഠിച്ചു. ബയ്അത്തിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹദ്റത്ത് ശെയ്ഖ് നൂർ അഹ്മദ് സാഹിബിനോടു, തന്റെ രണ്ടു മക്കളേയും വിദ്യാഭ്യാസത്തിനായി ഖാദിയാനിലേക്ക് അയക്കാൻ പറഞ്ഞു. അങ്ങനെ ഹമീദ് അഹ്മദ് ശെയ്ഖ് സാഹിബിന്റെ പിതാവ് ശെയ്ഖ് മുഹമ്മദ് ഇഖ്ബാൽ സാഹിബ് ഖാദിയാനിൽനിന്ന് മെട്രിക് ചെയ്തു. ഇവിടെ അദ്ദേഹത്തിന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ക്ലാസ്ഫെല്ലോ ആകാനും ഭാഗ്യമുണ്ടായി. ഹമീദ് അഹ്മദ് ശെയ്ഖ് സാഹിബിന്റെ മാതാമഹൻ ഹദ്റത്ത് മൗലവി അബ്ദുൽഖാദിർ സാഹിബ് ലുധിയാനവി, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 313 സ്വഹാബിമാരിൽപെട്ടയാളാണ്.

ഹമീദ് ശെയ്ഖ് സാഹിബിന്റെ വിവാഹം കപൂർത്തലയിലെ ഹദ്റത്ത് മുൻശീ സഫർ അഹ്മദ് സാഹിബിന്റെ പൗത്രിയുമായാണ് നടന്നത്. ഹമീദ് ശെയ്ഖ് സാഹിബ് ചാർട്ടേഡ് അക്കൗണ്ടന്റായിരുന്നു. തന്റെ വിദ്യാഭ്യാസം ഇവിടെ ലണ്ടനിൽ 1973-ൽ പൂർത്തിയാക്കി. വിംബിൾഡണ്ണിലെ റശീദ് അഹ്മദ് സാഹിബ് –അദ്ദേഹം അവിടെ റൊട്ടിപ്ലാന്റിന്റെ മുൻ ഇൻചാർജ്ജായിരുന്നു– അദ്ദേഹത്തിന്റെ സഹോദരനാണ്. പരേതന്റെ സന്തപ്ത കുടുംബത്തിൽ രണ്ടു പുത്രന്മാരും ഒരു പുത്രിയുമുണ്ട്. പരേതന്റെ ഒരു മകൻ അബ്ദുർറസ്സാഖ് ശെയ്ഖ് സാഹിബ് ഇവിടെ നമ്മുടെ ആർക്കിടെക്റ്റ് അസോസിയേഷന്റെ ഐ.എ.എ.എ.ഇ വൈസ് ചെയർമാനുമാണ്. അബ്ദുർറസ്സഖ് ശെയ്ഖ് സാഹിബ് പറയുന്നു: എന്റെ പിതാവ് സ്നേഹിക്കുന്നയാളും മതാനുയായിയുമായ മകനും ഭർത്താവും പിതാവും പിതാമഹനുമായിരുന്നു. കുടുംബത്തിലെ എല്ലാവരും അദ്ദേഹത്തെ സ്നേഹിച്ചിരുന്നു. അദ്ദേഹം അഹ്മദിയ്യാ ജമാഅത്തിന്റെ വളരെ സുകൃതവാനും ആത്മാർഥനുമായ അംഗമായിരുന്നു. ഒരിക്കലും ഒരു രീതിയിലും ജമാഅത്തിന്റെ സേവനം കൈയിൽനിന്ന് വിട്ടുകളയുമായിരുന്നില്ല. ഖലീഫത്തുൽ മസീഹിന് കത്തെഴുതുമായിരുന്നു. കത്തെഴുതാൻ കുട്ടികളോടും പറയുമായിരുന്നു. കുട്ടികളോട് എവിടെയാണെങ്കിലും തദ്ദേശജമാഅത്തിൽ ബന്ധപ്പെട്ടിരിക്കാൻ കർശനമായി പറയുമായിരുന്നു. ആവർത്തിച്ച് അത് പറഞ്ഞുകൊണ്ടിരിക്കുമായിരുന്നു. ജമാഅത്തായ നമസ്കാരം പാലിക്കുന്നയാളായിരുന്നു. കുട്ടികളോടു പറയുകയും ചെയ്യുമായിരുന്നു. ജമാഅത്തിന്റെ സാമ്പത്തികാഹ്വാനങ്ങളിൽ ഉത്സാഹത്തോടെ പങ്കെടുക്കുമായിരുന്നു. തന്റെ മരണത്തിന് രണ്ടാഴ്ച മുമ്പേ, വളരെ കർശനമായി തന്റെ എല്ലാ കുടിശകയും തീർത്തിരുന്നു. നൈജീരിയായിലും അദ്ദേഹം താമസിച്ചു. അവിടേയും മസ്ജിദുകളുടേയും മിഷൻഹൗസിന്റേയും സ്ഥലങ്ങളിൽ തന്റെ തൊഴിലിന്റെ അടിസ്ഥാനത്തിൽ മോഡിവരുത്തുന്ന കർമങ്ങളിൽ സഹായിച്ചിരുന്നു. നൈജീരിയ വിട്ടുവന്നപ്പോൾ തന്റെ കാർ ജമാഅത്തിനു നല്കി. പാകിസ്താനിൽ താമസിച്ചപ്പോൾ ഇസ്‌ലാമബാദിൽ IAAAE യുടെ ചെയർമാൻ എന്ന നിലയിൽ സേവനം ചെയ്തു. എന്തായാലും വിവിധ നിലകളിൽ അദ്ദേഹത്തിന് സേവനം ചെയ്യാൻ അവസരങ്ങൾ കിട്ടി. അല്ലാഹു അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടുപോകാൻ തൗഫീഖു നല്കുമാറാകട്ടെ. പരേതനോടു കരുണയോടും പൊറുക്കലോടുംകൂടി പെരുമാറട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. ജുമുആയ്ക്കു ശേഷം ഞാൻ ഈ മൂന്നു ജനാസയും നമസ്കരിപ്പിക്കുന്നതായിരിക്കും.

AL ISLAM
Al Islam - Official website of Ahmadiyya Muslim Community

(പേജ് 1ൽനിന്ന്)

കടപിപ്പിക്കുന്നതിന് അത്തരം നാവ് ദുആയ്ക്കുവേണ്ടി പ്രദാനം ചെയ്തു. ഇനി നമ്മൾ ദുആയുടെ ജോലി നാവുകൊണ്ട് ഒരിക്കലും എടുക്കുന്നില്ലെങ്കിൽ അത് നമ്മുടെ ദൗർഭാഗ്യമാണ്. ദുആ എങ്ങനെയുള്ള സന്തോഷപ്രദമായ ഒരു അവസ്ഥയാണെന്നാൽ, ഞാൻ ഏതു വാക്കുകളിൽ ഈ ആനന്ദത്തേയും സന്തോഷത്തേയും ലോകത്തിന് മനസ്സിലാക്കിക്കൊടുക്കുമെന്ന് ഓർക്കുമ്പോൾ എനിക്കു വിഷമമുണ്ട്. ഇതു അനുഭവിക്കുമ്പോഴാണ് മനസ്സിലാകുക. ചുരുക്കിപ്പറഞ്ഞാൽ, ദുആയുടെ നിർബന്ധമായ നിബന്ധനകളിൽ ഒന്നാമത്തേത് സൽക്കർമങ്ങളും വിശ്വാസങ്ങളും ഉണ്ടാക്കുക എന്നതാണ്. കാരണം വിശ്വാസാദർശങ്ങളെ ശരിയാക്കാതെയും സൽക്കർമംകൊണ്ട് പ്രവൃത്തിക്കാതേയും ദുആ ചെയ്യുന്നവൻ അല്ലാഹുവിനെ പരീക്ഷിക്കുകയാണ് ചെയ്യുന്നത്. എന്നാൽ കാര്യമിതാണ്. **ഇഹ്ദിനസ്സ്വിറാത്തൽ മുസ്തഖീം** എന്ന ദുആയിൽ ഞങ്ങളുടെ കർമങ്ങളെ തികവുറ്റതും സമ്പൂർണവും ആക്കുക എന്ന ഉദ്ദേശ്യമാണുള്ളത്. പിന്നീട് **സ്വിറാത്വല്ലദീന അൻഅംതഅലയ്ഹിം** പറഞ്ഞുകൊണ്ട് കൂടുതൽ വ്യക്തത വരുത്തി. അതായത് അനുഗ്രഹിക്കപ്പെട്ട സംഘത്തിന്റെ വഴിയാണ് ഞങ്ങൾ ആഗ്രഹിക്കുന്നതെന്ന്. കോപിക്കപ്പെട്ട സംഘത്തിന്റെ വഴിയിൽനിന്ന് രക്ഷിച്ചാലും; ദുഷ്കർമങ്ങൾ കാരണത്താൽ ദൈവിക ശിക്ഷ അവരുടെമേൽ വന്നു. **അള്ളാല്ലീൻ** എന്നു പറഞ്ഞുകൊണ്ട് നിന്റെ രക്ഷ കൂടാതെ വഴിതെറ്റി നടക്കുന്നവരിൽനിന്ന് സുരക്ഷിതമാക്കിയാലും എന്ന ദുആയും ചെയ്യാൻ പറഞ്ഞു.' **(മൽഫൂദാത്ത്, വാള്യം 1, പേജ് 183 – 185, ഖാദിയാൻ 2018)**

**(പേജ് 2ൽനിന്ന്)**

എങ്കിലും നിങ്ങളുടെ സമയം നഷ്ടപ്പെടുത്തിയതിനാലോ നാം വാഗ്ദാനം ലംഘിച്ചതിനാലോ ഉള്ള പിഴ എന്ന നിലയിലോ നിങ്ങൾ അതു നിശ്ചയിക്കുകയാണെങ്കിൽ നാം അതിനെ നിബന്ധനയോടുകൂടി സ്വീകരിക്കുന്നതായിരിക്കും......നേരിട്ട് വരാൻ കഴിയുന്നില്ലെങ്കിൽ താങ്കൾക്ക് വിശ്വാസാർഹനായ ആളെ അടയാളം കാണുന്നതിന് അയച്ചാലും മതി.‘

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു പ്രാവശ്യമല്ല പല പ്രാവശ്യം അടയാളം കാണിക്കാമെന്ന് പറഞ്ഞ് ക്ഷണിക്കുകയുണ്ടായി. അത് പൊതുവായി പരസ്യപ്പെടുത്തുകയും ചെയ്തു. അവിടത്തെ ഹൃദയത്തിൽ ആരെങ്കിലും അത് കണ്ട് വിശ്വസിക്കണമെന്നും മുസ്‌ലിമാകണമെന്നുമുള്ള അതിയായ ആവേശമായിരുന്നു. ഇക്കാരണംകൊണ്ടായിരുന്നു എതിർകക്ഷി വിജയിക്കുന്ന അവസ്ഥയിൽ അവർക്കുവേണ്ടി വലിയ വലിയ സമ്മാനങ്ങൾ നിശ്ചയിച്ചത്; പരാജയപ്പെടുന്ന അവസ്ഥയിൽ വെറും മുസ്‌ലിമായാൽ മതിയെന്ന നിബന്ധന വെച്ചതും. താഴെ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടയാളം കാണിക്കുന്നതുമായി ബന്ധപ്പെട്ട ചില പ്രൗഢഗംഭീരമായ നിർദേശങ്ങൾ അവതരിപ്പിക്കുകയാണ്.

ഡോക്ടർ ജഗൻ നാഥ് സാഹിബ് ജമ്മുസംസ്ഥാന ഉദ്യോഗസ്ഥനാണ്. അടയാളം കാണിക്കാമെന്ന് പറഞ്ഞുകൊണ്ട് അവിടന്ന് പറഞ്ഞു:

‘താങ്കൾ പ്രത്യേകപ്പെടുത്തലുകളൊന്നും കൂടാതെ ഏതെങ്കിലും അടയാളം കണ്ടാൽ സത്യഹൃദയത്തോടെ മുസ്‌ലിമാകാൻ തയ്യാറാണെങ്കിൽ, സത്യം ചെയ്ത് ഈ പ്രതിജ്ഞ താങ്കൾ പ്രസിദ്ധീകരിക്കുക. ‘ഞാൻ ഇസ്‌ലാമിന് അനുകൂലമായി എന്തെങ്കിലും അടയാളം കണ്ടാൽ, അതിനു തുല്യമായത് എനിക്ക് കാണിക്കാൻ കഴിഞ്ഞില്ലെങ്കിൽ മാനുഷികമായ ശക്തികളിൽ അതിന്റെ എന്തെങ്കിലും മാതൃക അതിന്റെ എല്ലാ നിബന്ധനയോടുംകൂടി കാണിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഒട്ടും താമസിയാതെ മുസ്‌ലിമാകുന്നതായിരിക്കും.’......... ‘ഞാൻ പരാജയപ്പെട്ടാൽ ഡോക്ടർ സാഹിബ് എന്ത് ശിക്ഷയും പിഴയും എന്റെ കഴിവിനനുസരിച്ച് നിശ്ചയിച്ചാലും എനിക്കത് സമ്മതമാണ്. അല്ലാഹുവാണ! എനിക്ക് പരാജയമുണ്ടാകുന്ന അവസ്ഥയിൽ മരണശിക്ഷയ്ക്കു വിധേയനാകാനും എനിക്ക് ഒരു ഒഴികഴിവുമില്ല.’ (ആസ്മാനീ ഫയ്സ്വല, റൂഹാനീ ഖസാഇൻ, വാള്യം 4, പേജ് 339)

അലീഗഢ് യൂണിവേഴ്സിറ്റിയുടെ സ്ഥാപകൻ സർ സയ്യിദ് അഹ്മദ് ഖാൻ സാഹിബിനെ അടയാളം കാണിക്കാമെന്ന് ക്ഷണിച്ചുകൊണ്ട് അവിടന്ന് പറഞ്ഞു: “സത്യഹൃദയത്തോടെ താങ്കൾ എന്റെ നേരെ തിരിയുകയാണെങ്കിൽ, താങ്കൾക്ക് സംതൃപ്തിയേകുന്നതിന് എന്നെ സഹായിക്കാൻ ഞാൻ അല്ലാഹുവിനോടു പ്രാർഥിക്കുന്നതാണ്. അല്ലാഹു എന്റെ പ്രാർഥന കേൾക്കുമെന്നും താങ്കളേയും താങ്കളെപ്പോലുള്ള മറ്റു പലരേയും സംശയങ്ങളുടെയും സന്ദേഹവാദത്തിന്റേയും ചുഴിയിലേക്കെടുത്തെറിഞ്ഞ പിഴവിൽ നിന്ന് സ്വയം രക്ഷപ്പെടുന്നതിന് താങ്കളെ അവൻ സഹായിക്കുമെന്നും എനിക്ക് ദൃഢവിശ്വാസമുണ്ട് താങ്കൾ താങ്കളുടെ സ്ഥാനമാനങ്ങളെ കുറിച്ചുള്ള പരിചിന്തകളെല്ലാം മാറ്റിവെച്ച് ഏതാനും ആഴ്ചകൾ എന്നോടൊപ്പം വസിക്കുകയാണെങ്കിൽ, മാനുഷികമായ ഗ്രാഹ്യശക്തിക്കതീതമെന്ന് താങ്കളിന്നു കരുതുന്ന പല സംഗതികളും യുക്തിയുക്തങ്ങളും സാധ്യതയിലുൾപ്പെടുന്നതും തന്നെയെന്ന് എളുപ്പത്തിൽ ഗ്രഹിച്ചു തുടങ്ങുന്നതാണ്. (ആയിനയെ കമാലാത്തെ സലാം (റൂഹാനീ ഖസായിൻ, വാള്യം 5, പേജ് 240–241, അടിക്കുറിപ്പ്)

ഏതു സത്യാന്വേഷിക്കും അടയാളം കാണിച്ചു കൊടുക്കാമെന്നു വിളംബരം ചെയ്തുകൊണ്ട് അവിടന്ന് പറയുന്നു: ‘ഹിന്ദുവോ, ക്രിസ്ത്യാനിയോ ആര്യയോ യഹൂദിയോ ബ്രഹ്മുവോ മറ്റാരെങ്കിലുമോ ആയ ഏതു സത്യാന്വേഷിയ്ക്കും ഇത് നല്ലൊരു അവസരമാണ്. അവർ എനിക്കെതിരിൽ എഴുന്നേറ്റു നില്ക്കട്ടെ. അവർ അദൃശ്യകാര്യങ്ങൾ പ്രകടിപ്പിക്കുന്നതിലും ദുആകൾ സ്വീകരിക്കപ്പെടുന്നതിലും ഞാനുമായി മത്സരിച്ചാൽ ഞാൻ പ്രതാപവാനായ അല്ലാഹുവിനെ സത്യം ചെയ്തുപറയുന്നു, എന്റെ സ്ഥാവരജംഗമ സ്വത്തുക്കളെല്ലാം– അതിന് 10,000 രൂപ മതിപ്പുവില ഉണ്ടാകും–അയാൾക്ക് കൊടുക്കുന്നതായിരിക്കും. അല്ലെങ്കിൽ അയാൾക്ക് മതിയാകുന്നവിധത്തിൽ അതേരീതിയിൽ പിഴയൊടുക്കുന്നതിൽ അയാളെ സമാധാനിപ്പിക്കുന്നതായിരിക്കും. ഏകനായ എന്റെ അല്ലാഹു സാക്ഷിയാണ്; ഞാൻ ഒരിക്കലും വാക്കുമാറ്റുകയില്ല. വധശിക്ഷതന്നെ നല്കിയാലും ആത്മാർഥമായി അത് സ്വീകരിക്കുന്നതായിരിക്കും. ഞാൻ ആത്മാർഥമായും പറയുന്നു– ഞാൻ സത്യമെ പറയുവെന്ന് അല്ലാഹുവിന്നറിയാം– ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ, എന്റെ ഈ പദ്ധതിയിൽ വിശ്വാസമില്ലെങ്കിൽ അവർതന്നെ പിഴസംബന്ധമായ എന്തെങ്കിലും നല്ല പദ്ധതി സമർപിക്കട്ടെ. ഞാൻ അത് സ്വീകരിക്കുന്നതായിരിക്കും; ഒരു ഒഴികഴിവും പറയുകയില്ല.” (Ibid പേജ് 276)

രണ്ടുമാസംമാത്രം തന്റെ അടുത്ത് താമസിച്ച് അടയാളം കാണാനുള്ള ക്ഷണം നല്കിക്കൊണ്ട് അവിടന്ന് പറഞ്ഞു: ‘ഞാൻ ലോകത്തുവന്ന എല്ലാ നബിമാരേയും അവരുടെ ഗ്രന്ഥങ്ങളേയും ആദരിക്കുന്നു. എന്നാൽ, ജീവസുറ്റ മതമായി ഇസ്‌ലാം മാത്രമാണെന്ന് വിശ്വസിക്കുന്നു. കാരണം ഇതുമുഖേനയാണ് ദൈവം എന്നിൽ വെളിപ്പെട്ടത്. ഞാനീ പറയുന്നതിൽ ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ അയാൾ ചെയ്യേണ്ടത് ഇക്കാര്യങ്ങൾ അന്വേഷിക്കുന്നതിനുവേണ്ടി കുറഞ്ഞത് രണ്ടുമാസത്തേക്ക് എന്റെ അടുത്തു വരിക. അദ്ദേഹത്തിനുവേണ്ടുന്ന ചെലവുകളെല്ലാം ഈ കാലയളവിൽ ഞാൻ വഹിക്കുന്നതായിരിക്കും. ജീവസുറ്റതും നവ്യമായ ശക്തിപ്രഭാവങ്ങളുടെ ദൃശ്യങ്ങളുംകൊണ്ട് ദൈവത്തെ കാണിക്കുന്ന മതമാണ് എന്റെ പക്കൽ ജീവനുള്ള മതം. അല്ലാതെ വാദം മാത്രമുള്ള മതം നിരർഥവും തെളിവുകളില്ലാത്തതുമാണ്.’ (ചശ്മയെ മഅ്രിഫത്ത് പേജ് 428)

ഏതുമതമാണ് സത്യാധിഷ്ഠിതമെന്നും ദൈവത്തിന്റെ സഹായമുള്ളതെന്നും അറയുന്നതിന് എല്ലാ ജനതകളുടേയുമിടയിൽ ദൃഷ്ടാന്തം കാണിക്കാനുള്ള മത്സരം നടത്താൻ അവിടന്ന് ബ്രിട്ടീഷ് സർക്കാറിനോടു അഭ്യർഥിച്ചുകൊണ്ട് അവിടന്നെഴുതി:

‘ഈ വാദി അതായത് ഈ വിനീതൻ സർക്കാറിന്റെ കല്പനയാൽ ഒരു വർഷത്തിനുള്ളിൽ ഭൂമിയിൽ വസിക്കുന്ന ഒരു ജനതയ്ക്കും ഒരു കക്ഷിക്കും കാണിക്കാൻ പറ്റാത്ത തരത്തിലുള്ള ദൈവികാടയാളം കാണിക്കുന്നതായിരിക്കും...... ഇപ്രകാരംതന്നെ എല്ലാ മുസ്‌ലിമീങ്ങളേയും എന്നല്ല മുൽഹമെന്നും ദൈവസമീപസ്ഥരെന്നും വാദിക്കുന്ന എല്ലാ ജനതകളുടേയും നേതാക്കന്മാരേയും, അവരും ഒരു വർഷത്തിനുള്ളിൽ ഏതെങ്കിലും അടയാളം കാണിക്കാൻ അഭ്യർഥിക്കുകയാണ്. ഇതിനുശേഷം ഒരു വർഷത്തിനുള്ളിൽ ഈ വിനീതൻ മനുഷ്യശക്തിക്കതീതമായ അത്തരത്തിലുള്ള അടയാളമൊന്നും കാണിച്ചിട്ടില്ലെങ്കിൽ .....എന്നാൽ, ഇത്തരത്തിലുള്ള അടയാളം മുസ്‌ലിമീങ്ങളിൽനിന്നോ മറ്റേതെങ്കിലും ജനതയിൽനിന്നോ വെളിപ്പെടുകയാണെങ്കിൽ ഞാൻ അല്ലാഹുവിൽനിന്നുള്ളനല്ലെന്ന് മനസ്സിലാക്കിക്കൊള്ളുക. ഈ അവസ്ഥയിൽ എനിക്ക് ഏത് കഠിനതരമായ ശിക്ഷയും നല്കാവുന്നതാണ്; വധശിക്ഷയാണെങ്കിലും വേണ്ടില്ല. എന്നാൽ, അല്ലാഹു ഒരു വർഷത്തിനുള്ളിൽ എന്നെ സഹായിക്കുകയും ഭൂമിയിൽ വസിക്കുന്ന ആർക്കും എന്നെ നേരിടാൻ സാധിക്കാതെ വരികയും ചെയ്താൽ, ഈ നല്ല സർക്കാർ എന്റെ എതിരാളികളെ ദൈവശക്തിയുടെ ഈ ദൃശ്യം വെളിപ്പെട്ടതിനുശേഷം ലജ്ജയോടും സങ്കോചത്തോടുംകൂടി പ്രവർത്തിക്കാനും എല്ലാ പൗരുഷവും ധീരതയും സത്യത്തെ സ്വീകരിക്കുന്നതിലാണെന്ന് സൗമ്യമായി ഉപദേശിക്കണമെന്നും മാത്രമാണ് ഞാൻ ആഗ്രഹിക്കുന്നത്. (തിർയാഖുൽ ഖുലൂബ്, റൂഹാനീ ഖസാഇൻ വാള്യം 16, പേജ് 393)

## നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

**(പേജ് 1ൽനിന്ന്)**

ക്കുമ്പോൾ നിങ്ങൾക്ക് മരണം വന്നെത്തുംവിധം അല്ലാഹുവുമായുള്ള നിങ്ങളുടെ ബന്ധം വർധിപ്പിക്കുക. അല്ലാഹുവുമായി സത്യസന്ധവും ആത്മാർഥവുമായ ബന്ധം സ്ഥാപിതമായി കഴിഞ്ഞിരിക്കുമ്പോൾ മലക്കുൽ മൗത്ത് നിങ്ങളുടെ ജീവനെടുക്കണം.’ **(തഫ്സീറെ കബീർ,വാള്യം 2, പേജ് 202– 203, 2010 ഖാദിയാൻ)**

## തിരുനബിയുടെ തിരുമൊഴികൾ:

**“അസ്റിനുശേഷം സൂര്യൻ അസ്തമിക്കുന്നതുവരേയും സ്വുബ്ഹിക്കുശേഷം സൂര്യനുദിക്കുന്നതുവരേയും നമസ്കരിക്കുന്നത് നബി(സ)നിരോധിച്ചു.”**

**(മുസ്‌ലിം, ഹദീഥ് 218)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

## തിരുനബിയുടെ തിരുമൊഴികൾ:

**“അസ്ർ നമസ്കാരം നഷ്ടപ്പെടുന്നവൻ, കുടുംബാംഗങ്ങളും ധനവും അപഹരിക്കപ്പെട്ട് ഒറ്റപ്പെടുത്തപ്പെട്ടവനെപ്പോലെയാകുന്നു.”**

**(മുസ്‌ലിം, ഹദീഥ് 216)**

**ത്വാലിബെ ദുആ:**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala**

# സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ യൂറോപ്യൻ പര്യടനം- 2015 ജൂലായ്

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

ഇവിടെ നദികളും തോടുകളുമുള്ളതായി അമീർ സാഹിബ് തന്റെ പ്രസംഗത്തിൽ പറഞ്ഞിരുന്നു. ജലം ജീവന്റെ ഒരടയാളമാണ്. ജീവൻ നിലനില്ക്കുന്നതിന് അനിവാര്യമാണ് ജലം. ഭൗതികമായ ജീവിതം നിലനിറുത്തുന്നതിന് ജലം അനിവാര്യമാണെന്നതുപോലെ ഉന്നതനായ ദൈവവും മറ്റൊരു തരം ജലവും ഇറക്കുന്നു. അത് ആത്മീയമായ ജലമാണ്. ഈ ജലം ദൈവം തന്റെ ദൂതന്മാരും മുനിമാരും മുഖേനയാണ് അയക്കുന്നത്. അതു മുഖേന ലോകത്തിന് ആത്മീയമായ ജീവൻ നല്കുന്നു. ജീവിതം നല്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുന്നു.

മനുഷ്യർക്ക് ആത്മീയ ജലത്തിന്റെ ആവശ്യമുണ്ടെന്ന് ദൈവം കാണുമ്പോഴെല്ലാം തന്റെ സദൃത്തരായ ആളുകളെ നിയോഗിക്കുന്നതാണെന്ന് നമ്മൾ ദൃഢമായും വിശ്വസിക്കുന്നു. അവർ ജനങ്ങളെ നന്മകളിലേക്ക് ക്ഷണിക്കുന്നു. അവരെ അവരുടെ കടമകളെക്കുറിച്ച് ജാഗ്രതപ്പെടുത്തുന്നു.

ഞാൻ പറഞ്ഞതുപോലെ ദൈവത്തിനോടുള്ള കടമകളും മനുഷ്യരോടുള്ള കടമകളും നിർവഹിക്കുക തുടങ്ങിയ കാര്യങ്ങളിലേക്ക് അവർ ജനങ്ങളെ ക്ഷണിക്കുന്നു. അങ്ങനെ ജനങ്ങളുടെ ശ്രദ്ധ ഇതിലേക്ക് തിരിയുമ്പോൾ സകല ലോകത്തും സ്നേഹത്തിന്റെ അന്തരീക്ഷം സംജാതമാകുന്നു.

ദൈവം റബ്ബുൽ ആലമീനാണെന്നും സർവലോകത്തിന്റേയും പരിപാലകനാണെന്നും മുസ്‌ലിമാണെങ്കിലും ക്രിസ്ത്യാനിയാണെങ്കിലും യഹൂദിയാണെങ്കിലും മറ്റേത് മതവുമായി ബന്ധപ്പെട്ടവനാണെങ്കിലും സർവ സൃഷ്ടികളുടേയും പരിപാലകനാണെന്നും മുസ്‌ലിമീങ്ങളായ നമ്മൾ ദൃഢമായും വിശ്വസിക്കുന്നു. ഒരു മതവുമായി ബന്ധമില്ലാത്തവരേയും ആ ദൈവം പരിപാലിക്കുന്നു. കാരണം, ലോകത്ത് മനുഷ്യൻ ഉപയോഗിക്കുന്ന എല്ലാ സൗകര്യങ്ങളും ദൈവം സൃഷ്ടിച്ചതാണെന്ന് നമ്മൾ വിശ്വസിക്കുന്നു. ലോകത്തുള്ള എല്ലാ അനുഗ്രഹങ്ങളേയും ഉപയോഗിക്കുന്ന ഓരോ മനുഷ്യനും ദൈവത്തിന്റെ പരിപാലനത്തിൽ നിന്ന് ഫലമെടുക്കുന്നു. അതുകൊണ്ട് എല്ലാവരേയും പരിപാലിക്കുന്ന അല്ലാഹു എല്ലാവരേയും പരിപാലിക്കുന്നവരായിരിക്കുമ്പോൾ, അവനെ കൂടുതൽ അംഗീകരിക്കുന്നവരും ദൈവം സത്യസന്ധതയോടെ ഒരു വഴികാട്ടിയെ അംഗീകരിക്കാനുള്ള ഭാഗ്യം നല്കിയിരിക്കുന്നുവെന്ന് മനസ്സിലാക്കുന്നവരുമായ നമ്മുടെ ദൗത്യമാണ് മറ്റുള്ളവർക്ക് സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക എന്നത്; അവർക്ക് എളുപ്പത്തെ സൃഷ്ടിച്ചു കൊടുക്കുക, സേവനങ്ങൾ എത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ സൃഷ്ടിച്ചു കൊടുക്കുക. അതുകൊണ്ടുതന്നെയാണ് മേയർ സാഹിബ് സൂചിപ്പിച്ചതുപോലെ ഇവിടെ വരുന്ന അഭയാർഥികൾക്ക് ഏതു തരത്തിലുള്ള സേവനമാണോ ആവശ്യമായി വരുന്നത് അത് നല്കുന്നതിനു അഹ്മദിയ്യാ ജമാഅത്ത് തയ്യാറാണെന്നുള്ള സന്നദ്ധത അറിയിച്ചത്. അല്ലാഹുവിന്റെ സൃഷ്ടികൾക്ക് പ്രയോജനം എത്തിക്കുന്നതിനു ഇവിടുത്തെ ഭരണകൂടമോ മേയറോ പ്രാദേശിക കൗൺസിലോ തയ്യാറാക്കുന്ന ഏതു പ്രോഗ്രാമിലും ഞങ്ങളുടെ സഹകരണം ഉണ്ടാകും.

ഇവിടെ താമസിക്കുന്നവർക്ക് സ്വന്തമായി വീടുണ്ടെന്ന് ഇവിടെ പറയുകയുണ്ടായി. വീട് എന്തിനു വേണ്ടിയാണ് ഉണ്ടാക്കുന്നത്? ഇതു മുഖേന ഒരു സുരക്ഷിതത്ത്വമുണ്ടാകുന്നു. കാലാവസ്ഥകളിൽ നിന്നും സാഹചര്യങ്ങളുടെ ദുഃസ്വാധീനത്തിൽ നിന്നും രക്ഷപ്പെടുന്നതിനുള്ള മാർഗമാണത്. അന്തരീക്ഷം നല്ലതാണെങ്കിൽത്തന്നെയും ചില കാര്യങ്ങൾ ഏതെങ്കിലും തരത്തിലുള്ള കോട്ടം വരുത്താവുന്നതാണ്. കോട്ടം വരുത്താൻ സാധ്യതയുള്ള മൃഗങ്ങളുണ്ട്, ഇതര വസ്തുക്കളുണ്ട്. അതുകൊണ്ട്, സ്വന്തം സുരക്ഷിതത്ത്വം കണക്കിലെടുത്ത് തനിക്ക് താമസിക്കുന്നതിനുവേണ്ടി മനുഷ്യൻ വീടുണ്ടാക്കുന്നു. സർവോപരി ഒരു വീട്ടിൽ ഭാര്യയും ഭർത്താവും കുട്ടികളും ചേർന്ന് താമസിച്ചുകൊണ്ട് സമാധാന സാഹചര്യം സൃഷ്ടിക്കുന്നു. സുരക്ഷിതത്ത്വത്തിന്റെ സാഹചര്യം സൃഷ്ടിക്കുന്നു. സ്നേഹത്തോടെ ജീവിക്കാനുള്ള സാഹചര്യം ഉണ്ടാകുന്നു. ഇവിടെ താമസിക്കുന്നവർ സ്നേഹ സമാധാനത്തോടെ താമസിക്കുന്നു എന്നതിന് ഈ വീട് ഒരു അടയാളമാണ്. ഇതേപോലെ നമ്മൾ ദൈവത്തിനുവേണ്ടി വീടുണ്ടാക്കുമ്പോൾ ആ വീട്ടിൽ ദൈവത്തെ ആരാധിക്കാൻവേണ്ടി ഒത്തു ചേരേണ്ടതാണ്. അതിനായി ശാന്തി സമാധാനത്തോടെ ഒന്നുചേർന്ന് അതിൽ നമ്മൾ താമസിക്കണം. ഇതേ സമാധാനവും സുരക്ഷിതത്ത്വവും മറ്റുള്ളവർക്കും ഒരുക്കിക്കൊടുക്കണം. ഒരു പട്ടണത്തിൽ താമസിക്കുന്നവർ, ഒരു തെരുവിൽ താമസിക്കുന്നവർ വീടുണ്ടാക്കുമ്പോൾ ആ വീട്ടിൽ എല്ലാ വിധത്തിലുള്ള സുരക്ഷിതത്ത്വവും സമാധാനവും ഉണ്ടാകണമെന്നുള്ള പ്രതീക്ഷയുണ്ട്. പരസ്പരം നമ്മൾ സമാധാനത്തോടെ താമസിക്കണം. എല്ലാ വിധത്തിലുമുള്ള സുരക്ഷവേണം എന്നുള്ള ആഗ്രഹവും ഉണ്ടാകുന്നു. എന്നാൽ, നമ്മുടെ അയൽവാസികളുടേയും മറ്റുള്ളവരുടേയും സമാധാനം നമ്മൾ തകർക്കുകയും അവർക്ക് പലവിധ കോട്ടങ്ങൾ വരുത്തുകയും ചെയ്യാൻ ശ്രമിക്കുകയാണെങ്കിൽ അത് ഒരു സമൂഹവും സഹിക്കുകയില്ല. ഈ സാഹചര്യം ഉണ്ടായാൽ ഉടൻതന്നെ നല്ല അയൽവാസികളൊത്തുചേർന്ന് അത്തരം തെറ്റായ കാര്യങ്ങളെ ആ വീട്ടിൽനിന്ന് നീക്കം ചെയ്യുന്നതായിരിക്കും. തങ്ങളുടെ തെരുവിൽനിന്ന് നീക്കം ചെയ്യുന്നതായിരിക്കും. എന്നല്ല, തന്റെ പട്ടണത്തിൽനിന്നും നീക്കുന്നതായിരിക്കും. അഹ്മദിയ്യാ ജമാഅത്ത് മസ്ജിദുണ്ടാക്കുമ്പോൾ സ്വന്തം അയൽവാസികളുടെ അവകാശങ്ങൾ നിറവേറ്റണമെന്ന വിചാരത്തോടെയാണ് അത് ചെയ്യുന്നത്. നമുക്ക് സുരക്ഷിതത്ത്വം ആവശ്യമുള്ളതുപോലെ, ശാന്തിയും സമാധാനവും നമുക്ക് വേണമെന്നതുപോലെ ആ സാഹചര്യം നമുക്ക് ചുറ്റും സൃഷ്ടിക്കേണ്ടതുമുണ്ട്.

ഇൻശാ അല്ലാഹ് നിർമാണം തുടങ്ങാൻ പോകുന്ന മസ്ജിദ്, ഒന്നുചേർന്ന് ദൈവത്തിനോടുള്ള കടമ നിറവേറ്റാമെന്ന വിചാരത്തോടെയാണ് നിർമിക്കുന്നത്. ഇത് ദൈവത്തിനോടുള്ള കടമ നിറവേറ്റാൻ വേണ്ടിയുള്ള ആരധനാലയമാണ്. ഒന്നായി ദൈവത്തിന്റെ മുന്നിൽ കുനിയേണ്ട സ്ഥലമാണ്. മറുഭാഗത്ത് ഇത് അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റാനുള്ള ഇടവുമാണ്.

അയൽവാസികളോടുള്ള കടമകൾ ഇസ്‌ലാമിൽ എത്രമാത്രം ഉണ്ടെന്നാൽ ഇതെക്കുറിച്ച് ഇസ്‌ലാം മതസ്ഥാപകർ ഹദ്റത്ത് മുഹമ്മദ്(സ)തിരുമേനിയോട് അല്ലാഹു എത്രമാത്രം താക്കീതു ചെയ്തു പറഞ്ഞുവെന്നാൽ -വിശുദ്ധ ഖുർആനിലും ഇതിനെക്കുറിച്ചുള്ള അധ്യാപനങ്ങളുണ്ട്. തിരുസ്വഹാബാക്കളേയും നബി(സ)തിരുമേനി എത്രമാത്രം ജാഗ്രതപ്പെടുത്തിയെന്നാൽ, ഒരുപക്ഷേ, തങ്ങളുടെ അനന്തരാവകാശത്തിൽപോലും അയൽവാസികളെ ഉൾപ്പെടുത്തുമോ എന്ന് ചില സ്വഹാബാക്കൾ വിചാരിച്ചു പോയിരുന്നു. അയൽവാസിയുടെ അവകാശത്തെ ഇസ്‌ലാമാണ് സ്ഥാപിച്ചത്. തന്റെ ചുറ്റുപാടിൽ ഒരു വ്യക്തി ശാന്തി സമാധാനത്തോടെ ജീവിച്ചാൽ മാത്രമേ തന്റെ അയൽവാസിക്ക് സമാധാനവും ശാന്തിയും നല്കുന്ന അവകാശത്തെ നിലനിറുത്താൻ സാധിക്കുകയുള്ളൂ.

അഹ്മദിയ്യാ ജമാഅത്തിന്റെ മസ്ജിദ് ഈ വിചാരത്തോടെയാണ് നിർമിക്കപ്പെടുന്നത്. ഇൻശാ അല്ലാഹ് ഈ മസ്ജിദു നിർമാണം പൂർത്തിയായിക്കഴിഞ്ഞാൽ ഇതിന്റെ സൗന്ദര്യവും ജമാഅത്തിലെ വ്യക്തികളുടെ സൗന്ദര്യവും തങ്ങളുടെ സേവന വികാരവും സമാധാനപൂരിതവും സ്നേഹോഷ്മളവുമായ സന്ദേശവും മുമ്പേയുള്ളതിനെക്കാൾ കൂടുതൽ ഇവിടെ പരക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ഈ പട്ടണത്തിന്റെ സൗന്ദര്യം വരുന്ന വഴിയിൽ ഞാൻ കണ്ടു. ചെറിയൊരു പട്ടണം. വൃത്തിയും വെടിപ്പുമുള്ളതും സുന്ദരവും എന്നപോലെതന്നെ ഇവിടെയുള്ള സമൂഹവും സുന്ദരമാണ്. ഇത്രയധികം പേർ ഇവിടെ പങ്കെടുത്തു കാണുന്നതിൽനിന്നു വ്യക്തമാകുന്നത് നിങ്ങൾക്ക് അതിവിശാലമായ സഹിഷ്ണുതയുണ്ടെന്നാണ്. നിങ്ങളിവിടെ പുറത്തു നിന്നുവന്ന അഹ്മദികളെ ഉൾക്കൊണ്ടു. ഇവർ നിങ്ങളിലേക്ക് വന്നുവെങ്കിൽ അതിനേക്കാൾ കൂടുതൽ നിങ്ങൾ അവരിലേക്ക് വന്നിരിക്കുന്നു. നിങ്ങൾ ആഗ്രഹിച്ചില്ലായിരുന്നുവെങ്കിൽ പുറത്തു നിന്നുവന്ന്-ഇവരിലധികപേരും പാക്കിസ്താനിൽനിന്നു വന്നവരാണ്-ഇവിടെ താമസമാക്കിയ അഹ്മദികൾക്ക് ഈ പട്ടണത്തിൽ താമസിക്കുക സാധ്യമാകുമായിരുന്നില്ല. അതുകൊണ്ട് ഇതു കേവലം ഇവിടെ വന്ന അഹ്മദികളുടെ വിശാലമനസ്കതയോ സ്വന്തത്തെ ഈ ചുറ്റുപാടുമായി സമരസപ്പെടുത്താനുള്ള കഴിവോ മാത്രമല്ല. മറിച്ച് ഇത് നിങ്ങളുടെ സഹിഷ്ണുതയും ക്ഷമയുമാണ്. വിവിധ ജനതതികളേയും മതാനുയായികളേയും നിങ്ങളിവിടെ ഉൾക്കൊണ്ടിരിക്കുന്നു. സ്നേഹത്തോടു ചേർത്തു പിടിച്ചിരിക്കുന്നു. ചേർത്തു പിടിക്കുക മാത്രമല്ല ചെയ്തത്. മറിച്ച് എല്ലാവരും ഒന്നായിത്തീർന്നു. ഒന്നായി നിന്നുകൊണ്ട് ഈ പട്ടണത്തിന്റെ പുരോഗതിക്കും നാടിന്റെ ക്ഷേമത്തിനുംവേണ്ടി യത്നിക്കുന്നു. ഈ വിചാരം ഇൻശാഅല്ലാഹ് ഭാവിയിലും നിലനില്ക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. മസ്ജിദ് നിർമാണം പൂർത്തിയായിക്കഴിഞ്ഞാൽ ഞാൻ മുമ്പേ പറഞ്ഞതുപോലെ സ്നേഹ വികാരങ്ങൾ മുമ്പേയുളളതിനെക്കാൾ കൂടുതലായി വെളിപ്പെടുന്നതായിരിക്കും.

തുടക്കത്തിൽ ഞാൻ പറയാനാഗ്രഹിച്ച ഒരു കാര്യം പറയാൻ സാധിച്ചില്ല. കഴിഞ്ഞ എന്റെ ജർമൻ യാത്രയിൽ ചില മസ്ജിദുകളുടെ ശിലാകർമവും ഉത്ഘാടന പരിപാടികളും യാത്രക്കിടയിൽ യാദൃച്ഛികമായി വെക്കുകയായിരുന്നു. മനുഷ്യൻ യാത്രയിലായിരിക്കുമ്പോൾ ചിലപ്പോൾ പ്രോഗ്രാമിൽ കാലതാമസം നേരിടാറുണ്ട്. അതു കാരണത്താൽ അപ്സറ്റായിപ്പോകാറുണ്ട്. ഇന്നും എന്റെ വിചാരം ഇങ്ങനെയായിരുന്നു. സമയത്ത് എത്തിപ്പെടുമെന്ന പ്രതീക്ഷയിൽ ഞങ്ങൾ കൃത്യ സമയത്തുതന്നെ പുറപ്പെട്ടു. എന്നാൽ, വഴിയിൽ മഴയും ഹെിംട്രാഫിക്കും കാരണത്താൽ സമയത്ത് ഞങ്ങൾക്ക് എത്തിപ്പെടാൻ സാധിച്ചില്ല. അതിൽ ഞാൻ നിങ്ങളോടു ക്ഷമ ചോദിക്കുകയാണ്. നിങ്ങൾക്കിവിടെ പ്രതീക്ഷിച്ച് നില്ക്കേണ്ടി വന്നു. ഈ കാത്തു നിൽക്കൽ ഏറ്റവും ചുരുങ്ങിയത് അര മണിക്കൂറോ മുക്കാൽ മണിക്കൂറോ 40 മിനിറ്റോ അതിൽ കൂടുതലോ എത്രയായാലും കാത്തു നില്ക്കുക എന്നത് നിങ്ങളുടെ വിശാലമായ സഹിഷ്ണുതയുടെ പ്രകടനമാണ്. രണ്ടാമതായി, നിങ്ങൾ ഇവിടെ താമസിക്കുന്ന അഹ്മദികളുടെ വികാരങ്ങളെ മാനിക്കുന്നവരാണ്. ഇവരുടെ വികാരങ്ങളെ മനസ്സിലാക്കിക്കൊണ്ട് ഇവിടെയിരുന്ന് ഈ പരിപാടിയിൽ പങ്കെടുത്തു. കാരണം ചിലർക്ക് ജോലികളും, തിരക്കുകളുമുണ്ടാകും. മറ്റെന്തെങ്കിലും ഉത്തരവാദിത്ത്വമുണ്ടാകും.എന്നിട്ടും ഇവിടെ ഇത്രയും സമയം ഇരിക്കുക എന്നത് ജനങ്ങളുടെ വിശാലമനസ്കതയുടെ അടയാളമാണ്. ഈ വിശാലമനസ്കത ദൈവം ഭാവിയിലും നിലനിറുത്താൻ തുണക്കുമാറാകട്ടെ. ജമാഅത്തിലെ അംഗങ്ങൾക്കും ഇവിടെ തങ്ങളെ ശരിയായ നിലയിൽ അഭിവൃദ്ധിപ്പെടുത്താൻ സാധിക്കുമാറാകട്ടെ. സ്വന്തം മാതൃകകൾ സമർപിക്കാൻ സാധിക്കുമാറാകട്ടെ. മുമ്പേയുള്ളതിനെക്കാളുപരി സേവനത്തിന് സന്നദ്ധരാക്കുമാറാകട്ടെ. ഈ സ്നേഹത്തിന്റെ കാലഘട്ടം എന്നും ചലിച്ചുകൊണ്ടിരിക്കുമാറാകട്ടെ. ഈ മസ്ജിദ് പൂർത്തിയാകുമ്പോൾ ഈ പട്ടണത്തിൽ മുസ്‌ലിമീങ്ങളെ കുറിച്ചുണ്ടായിരുന്ന ഭയപ്പാടുകൾ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 24 September 2020 Issue-39

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

നീങ്ങി പുതിയ വഴികൾ തുറക്കപ്പെടുകയും ചെയ്യുമാറാകട്ടെ. യഥാർഥ മുസ്‌ലിം സ്നേഹിക്കുകയും സമാധാനമുണ്ടാക്കുകയുമല്ലാതെ മറ്റൊന്നും ചെയ്യില്ലെന്ന് എല്ലാവർക്കും മനസ്സിലാകുമാറാകട്ടെ. ശുഭ പ്രതീക്ഷകളോടെ ഞാൻ എന്റെ വാക്കുകൾക്ക് വിരാമമിടുകയാണ്. നിങ്ങൾക്കെല്ലാവർക്കും ഒരിക്കൽ കൂടി നന്ദി പറയുന്നു.

ഹുദൂറിന്റെ പ്രഭാഷണം 2.40 വരെ നീണ്ടുനിന്നു. പ്രഭാഷണത്തിനുശേഷം തറക്കല്ലിടുന്ന സ്ഥലത്തേക്ക് ഹുദൂർ നീങ്ങി. തുടർന്ന് ദുആയോടുകൂടി തറക്കല്ലിട്ടു. ഇതിനുശേഷം ഹുദൂറിന്റെ ഭാര്യ കല്ലിടുകയും തുടർന്ന് ചുവടെ ചേർക്കുന്ന വ്യക്തികൾക്ക് ക്രമത്തിൽ കല്ലിടാനുള്ള ഭാഗ്യം കിട്ടുകയും ചെയ്തു.

1. നാഷണൽ അമീർ അഹ്മദിയ്യാ ജമാഅത്ത് ജർമനി, അബ്ദുല്ലാഹ് വാഗസ് ഹൈസർ സാഹിബ്
2. മേയർ തോമസ് ബേർലിംഗ് സാഹിബ്
3. ജില്ലാ ഡെപ്യൂട്ടി കമ്മീഷണർ ഹെലേന ഹൂൺ സാഹിബ.
4. അബ്ദുൽ മാജിദ് ത്വാഹിർ സാഹിബ്, അഡീഷണൽ വക്കീലുത്തബ്ശീർ
5. ഹയ്ദർ അലി സഫർ സാഹിബ്, മുബല്ലിഗ് ഇൻചാർജ് ജർമനി.
6. മുബാറക് അഹ്മദ് സഫർ സാഹിബ്, അഡീഷണൽ വക്കീലുൽമാൽ
7. മുനീർ അഹ്മദ് ജാവേദ്, പ്രൈവറ്റ് സെക്രട്ടറി.
8. റീജ്യണൽ മുബല്ലിഗ് മുസ്തൻസിർ അഹ്മദ്.
9. സ്വദർ മജ്ലിസ് അൻസാറുല്ലാഹ് ജർമനി ചൗദ്രി ഇഫ്തിഖാർ അഹ്മദ് സാഹിബ്.
10. സ്വദർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ, ജർമനി, ഹസനാത്ത് അഹ്മദ് സാഹിബ്.
11. സ്വദർ ലജ്ന ഇമാഇല്ലാഹ്, ജർമനി അമത്തുൽ ഹയ്യ് സാഹിബ.
12. റശീദ് റാശിദ് ഖാൻ സാഹിബ്, അഡീഷണൽ സെക്രട്ടറി ജാഇദാദ് (100 മസ്ജിദ് നിർമാണ പദ്ധതി)
13. റീജ്യണൽ അമീർ, സ്വദർ ജമാഅത്ത് നോർദോൺ, ഇശ്തിയാഖ് അഹ്മദ് സാഹിബ്.
14. സെക്രട്ടറി തർബിയ്യത്ത്, നോർദോൺ.
15. സയീം അൻസാറുല്ലാഹ് നോർദോൺ, ഫസീഹുദ്ദീൻ ഇർഫാൻ സാഹിബ്.
16. ഖാഇദ് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ നോർദോൺ, സ്വാലിഹ് അഹ്മദ് സാഹിബ്.
17. സ്വദർ ലജ്ന ഇമാഇല്ലാഹ് നോർദോൺ, മുബാറക ഇർഫാൻ സാഹിബ.
18. അത്വാഉൽഹലീം സാഹിബ്.
19. വാഖിഫ നൗ അസീസ ഫൗസിയ ഫയ്സൽ മലിക്.
20. വാഖിഫെ നൗ അസീസം യഹ്‌യാ യൂസുഫ്.

ഈ പരിപാടിക്കുശേഷം ഹുദൂർ ദുആ ചെയ്യിച്ചു. തുടർന്ന് ഹുദൂർ ലജ്നകളുടെ പന്തലിലേക്ക് പോയി. പെൺകുട്ടികൾ പ്രാർഥനാ ഗാനത്തോടെ ഹുദൂറിനെ സ്വാഗതം ചെയ്തു. പെൺകുട്ടികൾക്ക് ഹുദൂർ ചോക്ലേറ്റ് നല്കി.

ഈ പ്രോഗ്രാമിനുശേഷം ഉച്ചഭക്ഷണത്തിന് തയ്യാറാക്കിയിരുന്ന പന്തലിലേക്ക് അതിഥികൾ പോയി. ഭക്ഷണത്തിനുശേഷം ശിലാകർമ പരിപാടിയ്ക്കായി എത്തിയ മാധ്യമ പ്രവർത്തകർ ഹുദൂറുമായി അഭിമുഖം നടത്തി. താഴെ പറയുന്ന മാധ്യമങ്ങളുടെ പ്രതിനിധികൾ ഹുദൂറുമായി അഭിമുഖം നടത്തി.

1. TV NDR – ഇത് നോർത്ത് ജർമനിയുടെ ടീ.വി ചാനലാണ്. മില്യൺകണക്കിന് പ്രേക്ഷകരാണ് ഈ ചാനൽ കാണുന്നത്.
2. TV EMS- – ഇത് ജർമനിയിലെ ഒരു ലോക്കൽ ടീ.വി ചാനലാണ്.
3. FFN Radio– റേഡിയോ ഇത് നോർത്ത് ജർമനിയുടെ റേഡിയോ സർവീസാണ്. ഇതും മില്യൺ കണക്കിന് ആളുകളാണ് കേൾക്കുന്നത്.

ടീ.വി യുടേയും റേഡിയോയുടേയും പ്രതിനിധികൾ താഴെ പറയുന്ന ചോദ്യങ്ങൾ ചോദിച്ചു.

❋ ഒരു പത്ര പ്രതിനിധി: അങ്ങ് നോർദോൺ പട്ടണത്തിലൂടെ കടന്നാണ് ഇവിടെ വന്നതെന്ന് ഇപ്പോൾ പറഞ്ഞല്ലോ. ഈ പട്ടണത്തിലെ ഏതു കാര്യമാണ് അങ്ങ് ഏറ്റവും അധികം ഇഷ്ടപ്പെടുന്നത്?

**ഹുദൂർ അൻവർ:** വൃത്തിയുള്ള റോഡുകളും സുന്ദരമായ ഭവനങ്ങളും നിശബ്ദവും സമാധാന പൂരിതവുമായ ഒരു പ്രദേശവുമാണ് ഞാനിവിടെ കണ്ടത്.

❋ ഒരു പത്ര പ്രതിനിധി: രണ്ടാമതായി ജർമനിയിലെത്തുകയും മറ്റൊരു മസ്ജിദിന്റെ ശിലാകർമം നിർവഹിക്കുകയും ചെയ്തപ്പോൾ അങ്ങയ്ക്ക് എന്താണ് തോന്നിയത്?

**ഹുദൂർ അൻവർ:** എവിടെയെല്ലാം ഞങ്ങളുടെ ജമാഅത്ത് സ്ഥാപിതമാകുന്നോ അവിടെയെല്ലാം മസ്ജിദ് ഉണ്ടാകണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. എവിടെയാണോ മനുഷ്യൻ താമസിക്കുന്നത് അവിടെ തനിക്കൊരു വീടുണ്ടാകണമെന്നത് ഒരു സ്വാഭാവികമായ ആഗ്രഹമാണെന്നതുപോലെ എവിടെയെല്ലാം ജമാഅത്തുണ്ടോ അവിടെയല്ലാം അവർക്ക് ഒത്തുകൂടാനും കൂടിച്ചേർന്ന് ആരാധന നടത്താനും സാധ്യമാകുന്ന വിധത്തിൽ മസ്ജിദുണ്ടാകണം എന്നതും ഞങ്ങളുടെ ആഗ്രഹമാണ്.

❋ ഒരു പത്രപ്രതിനിധി: ഈ മസ്ജിദ് നിർമാണവുമായി ബന്ധപ്പെട്ട് നോർദോൺ ജമാഅത്തിന് അങ്ങ് നല്കാനുദ്ദേശിക്കുന്ന ഭാവുകങ്ങളെന്താണ്?

**ഹുദൂർ അൻവർ:** ഈ മസ്ജിദ് നിർമിച്ചു കഴിയുമ്പോൾ നമ്മുടെ ജമാഅത്ത് അതിന്റെ യഥാർഥ സല്സ്വഭാവത്തേയും തങ്ങളുടെ മതത്തിന്റെ യഥാർഥചിത്രത്തേയും കാണിക്കുന്ന കാര്യത്തിൽ കൂടുതൽ ഊർജ്ജസ്വലത കാണിക്കേണ്ടതാണ്. ഈ ഇസ്‌ലാംമതം സമാധാനത്തിന്റേയും സ്നേഹത്തിന്റേയും സഹവർത്തിത്വത്തിന്റേയും രൂപമാണ്. ഈ മസ്ജിദ് നിർമിച്ചു കഴിയുമ്പോൾ ഇവിടെ നിന്ന് സമാധാനത്തിന്റേയും സ്നേഹത്തിന്റേയും സഹവർത്തിത്വത്തിന്റേയും സന്ദേശം പരക്കുന്നതായിരിക്കും. ഇവിടെ നടന്ന ഈ പരിപാടിയിൽ നൂറിലധികം അതിഥികൾ പങ്കെടുത്തിരുന്നു. ചുവടെ പേരു ചേർക്കുന്നവർ പ്രത്യേകമായ നിലയിൽ ഈ പരിപാടിയിൽ പങ്കെടുത്തവരാണ്.

മിസ്റ്റർ തോമസ് ബെർലിംഗ് Mr. Thomas Berling (മേയർ Nordhorn)

ഹെലേന ഹൂൺ(Helena Hoon) സാഹിബ ഡെപ്യൂട്ടി കൗണ്ടി കമ്മീഷണർ

ഡാനില സാഹിബ(Danila) മേയർ Emlichsheim

മേയർ Neuenhaus

മേയർ Wietmarschen

മുൻ മേയർ Mr. Meinhard

മുൻ മേയർ Mr. Friedel Witte

ഇവരെക്കൂടാതെ സിറ്റി കൗൺസിലിന്റെ പ്രതിനിധികളും രാഷ്ട്രീയനേതാക്കന്മാരും വക്കീൽമാരും അധ്യാപകരും പോലീസ് ചീഫും, പുരോഹിതന്മാരും, ഡോക്ടർമാരും, വിദ്യാർഥികളും, ചില ചാരിറ്റി സംഘടനാംഗങ്ങളും ഇതിൽ പങ്കെടുത്തു.

ഉച്ച ഭക്ഷണത്തിനുശേഷം അതിഥികൾ ഓരോരുത്തരായി ഹുദൂറിന്റെ സമീപത്തു വന്ന് ഹുദൂറുമായി കൂടിക്കാഴ്ച ചെയ്തു. ഹുദൂർ അൻവർ അവരുമായി സംസാരിക്കുകയും ചെയ്തു.

മുൻ മേയർ Mr. Friedel Witte: ഞാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമനെ എന്റെ പട്ടണമായ ഇവിടേക്ക് ക്ഷണിച്ചിരുന്നു. എന്നാൽ, അദ്ദേഹത്തിനു ഇവിടെ വരാനുള്ള ഒരു അവസരവും ലഭിച്ചില്ല. ഇപ്പോൾ ഹുദൂർ അൻവർ ഇവിടെ നമ്മുടെ പട്ടണത്തിൽ വന്നിരിക്കുകയാണ്. അങ്ങനെ ഖലീഫത്തുൽ മസീഹ് ഈ പട്ടണത്തിൽ വരണമെന്ന നമ്മുടെ ആഗ്രഹം പൂർത്തിയായിരിക്കുന്നു..


3.40–ന് ഹുദൂർ ഇവിടെനിന്ന് ഹോട്ടലിലേക്ക് വരികയും അവിടെ നിശ്ചിത സ്ഥലത്ത് ളുഹ്ർ –അസ്ർ ജംആയി നമസ്കരിപ്പിക്കുകയും ചെയ്തു. 4.15–ന് ഇവിടെ നിന്ന് ഫ്രാങ്ക്ഫോർട്ടിലേക്ക് പുറപ്പെട്ടു. ഇവിടെ നിന്ന് 350 കിലോമീറ്റർ ദൂരത്താണ് ഫ്രാങ്ക്ഫോർട്ട് സ്ഥിതി ചെയ്യുന്നത്. 4 മണിക്കൂർ യാത്രക്കൊടുവിൽ രാത്രി 8.30–ന് ഫ്രാങ്ക് ഫോർട്ടിലെ മസ്ജിദ് ബയ്ത്തു സ്സുബൂഹിലെത്തി. തങ്ങളുടെ പ്രിയങ്കരനായ ഇമാമിനെ സ്വീകരിക്കാൻ അഹ്മദി സ്ത്രീകളും പുരുഷന്മാരും കുട്ടികളും അടങ്ങുന്ന വൻജനാവലി കാത്തുനില്പുണ്ടായിരുന്നു.ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും പ്രാർഥനാ ഗീതങ്ങളും സ്വാഗതഗാനങ്ങളും തുടർച്ചയായി അന്തരീക്ഷത്തിൽ അലയടിച്ചുകൊണ്ടിരുന്നു. അഹ്മദി സ്തീകളും പുരുഷന്മാരും കൈവീശി തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനോടുള്ള സ്നേഹത്തിന്റേയും കൂറിന്റേയും വികാരങ്ങൾ പ്രകടിപ്പിച്ചുകൊണ്ടിരുന്നു. *അഹ്‌ലൻ വ്വ സഹ്‌ലൻ വ്വ മർഹബാ* എന്ന ശബ്ദം അന്തരീക്ഷത്തിൽ മാറ്റൊലികൊണ്ടു.

ഹുദൂർ അൻവർ കാറിൽനിന്ന് പുറത്തേക്ക് വന്നതും ഫ്രാങ്ക്ഫോർട്ടിലെ തദ്ദേശ അമീർ ആദരണീയരായ ഇദ്‌രീസ് അഹ്മദ് സാഹിബും മുബല്ലിഗ് മുഹമ്മദ് അശ്റഫ് ളിയാഅ് സാഹിബും ചേർന്ന് ഹുദൂറിനെ വരവേറ്റു. ഹസൂറിന്റെ ഹസ്തദാനം സ്വീകരിച്ചു. ഹുദൂർ കൈവീശി എല്ലാവർക്കും അസ്സലാമു അലയ്ക്കും പറഞ്ഞു. ജമാഅത്തീ സഹോദരന്മാർക്കിടയിലൂടെ മെല്ലെ മെല്ലെ നടന്ന് താമസ സ്ഥലത്തേക്ക് പ്രവേശിച്ചു. ഫ്രാങ്ക്ഫോർട്ട് റീജ്യണിലെ അഹ്മദികളെ കൂടാതെ ഇന്ന് താഴെ പറയുന്ന ജമാഅത്തുകളിൽ നിന്നുള്ള അഹ്മദികളും ഹുദൂറിനെ സ്വീകരിക്കാൻ ഹാജരായിരുന്നു.

ബാഡ് ഹംബർഗ്(Bad Homburg), വേസ്ബാദൻ, ഹനൌ(Hanau), ഗ്രോസ്ജറോ(Gross Gerau), മോർഫെൽഡൻ(Morfelden), ഫ്രെഡ്ബെർഗ്(Friedberg) ഹംബർഗ്, ബർലിൻ,കോബ്ളെൻസ്, കോളൻ, ലംബർഗ്, ചെംനിറ്റ്സ്(Chemnitz).

കോബ്ളെൻസിൽനിന്നു വന്നവർ 135 കിലോമീറ്ററും കോളണിൽ നിന്നുള്ളവർ 175 കിലോമീറ്ററും ഹംബർഗിൽ നിന്നുള്ളവർ 500 കിലോമീറ്ററും ബെർലിനിൽ നിന്നുള്ളവർ 550 കിലോമീറ്ററും ദൂരം താണ്ടിയാണ് ഇവിടെ എത്തിയത്.

9.00 മണിക്ക് മഗ്‌രിബ്–ഇശാഅ് നമസ്കാരം മസ്ജിദ് ബയ്ത്തു സ്സുബൂഹിൽ ജംആക്കി നമസ്കരിപ്പിച്ചതിനു ശേഷം ഹുദൂർ താമസ സ്ഥലത്തേക്ക് പോയി. ആയിരത്തോളം അഹ്മദികൾ ഈ നമസ്കാരത്തിൽ ഹുദൂറിനെ പിന്തുടർന്ന് സൗഭാഗ്യരായി. സ്ത്രീ പുരുഷന്മാരുടെ ഹാളുകൾ നിറഞ്ഞു കവിഞ്ഞിരുന്നു. ഇവരിൽ നല്ലൊരു ശതമാനം അഹ്മദികൾ മൂന്ന് മാസം മുമ്പേ പാകിസ്താനിൽനിന്നു ഹിജ്റത്തു ചെയ്തു വന്നവരായിരുന്നു. അവരുടെ ജീവിതത്തിലാദ്യമായാണ് അവർ ഖലീഫത്തുൽ മസീഹിന്റെ ഇമാമത്തിൽ നമസ്കരിക്കുന്നത്. തങ്ങൾക്കു കൈവന്ന സൗഭാഗ്യത്തിൽ സന്തോഷപുളകിതരായിരുന്ന ഇവരുടെ നയനങ്ങൾ ഈറനണിഞ്ഞിരുന്നു. ഈ അനുഗൃഹീത നിമിഷങ്ങളാൽ അവർ സാഫല്യം നേടിക്കൊണ്ടിരുന്നു. ദശകങ്ങളായുള്ള അവരുടെ ദാഹം പ്രിയപ്പെട്ട നേതാവിനെ കണ്ടുകൊണ്ട് ശമിപ്പിച്ചുക്കൊണ്ടിരുന്നു. ഈ സൗഭാഗ്യങ്ങളെ ഈ അനുഗ്രഹങ്ങളെ അല്ലാഹു നമുക്കെല്ലാവർക്കും അനുഗൃഹീതമാക്കുമാറാകട്ടെ. ആമീൻ **(അവലംബം: ബദ്ർ ഉർദു പത്രം, 2015 ഡിസംബർ–3)** **(തുടരും)**




Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin